# TRICHUR ARCHDIOCESAN BULLETIN

DECEMBER 2015



81 YEARS OF PUBLICATION 1934-2015

# ജന്മദിനാശംസകൾ



ഡിസംബർ 13ന്
ജന്മദിനം
ആഘോഷിക്കുന്ന
അഭിവന്ദ്യ
**മാർ ആൻഡ്രൂസ് താഴത്ത്**
പിതാവിനും





അഭിവന്ദ്യ
**മാർ ജേക്കബ്ബ് തൂങ്കുഴി**
പിതാവിനും
തൃശൂർ
അതിരൂപതയുടെ
**പ്രാർത്ഥനാശംസകൾ**

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 82
ഡിസംബർ 2015
ലക്കം : 12

## ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ കച്ചേരികാര്യം 17
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഡിസംബർ 54
- ❖ സഹായമെത്രാന്റെ പരിപാടികൾ - ഡിസംബർ 56
- ❖ നാളാഗമം 57
- ❖ പാസ്റ്ററൽ കൗൺസിൽ 59
- ❖ സാമ്പത്തിക കാര്യാലയം 64
- ❖ വൈദികർ 66
- ❖ സന്യസ്തർ 68
- ❖ സ്ഥാപനങ്ങൾ 72
- ❖ സാന്ത്വനം 98
- ❖ സംഘടനകൾ 102


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325,
2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## പ്രകൃതി ചികിത്സ

പ്രകൃതി ചികിത്സയെപ്പറ്റിയും അതിന്റെ ഗുണത്തെപ്പറ്റിയും പ്രതിപാദിച്ചുകൊണ്ട് തൃശ്ശൂർഅതിരൂപതയിലെ ബഹു. ജോസ് തെക്കേക്കര (സീനിയർ) അച്ചൻ എഴുതിയ പുസ്തകമാണ് "പ്രകൃതി ജീവനം സുന്ദരജീവിതം"

*കോപ്പികൾക്ക്*

ഫാ. ജോസ് തെക്കേക്കര 9947117370

## "ദി ലെജന്റ് ഓഫ് മോളോക്കോയി"

ബഹു. രഞ്ചിത്ത് പുളിക്കൻ OFM. Cap. അച്ചൻ

**വി. ഡാമിയന്റെ ജീവിതത്തെ ആസ്പദാക്കി മലയാളത്തിൽ ഒരു സിനിമ ചിത്രീകരിച്ചിട്ടുണ്ട്. "ദി ലെജന്റ് ഓഫ് മൊളോക്കോയി" എന്ന സിനിമ ഇടവകകളിൽ ചുരുങ്ങിയ ചിലവിൽപ്രദർശിപ്പിക്കാവുന്നതാണ്.**

***വിശദവിവരങ്ങൾക്ക്***

ബഹു. രഞ്ചിത്ത് പുളിക്കൻ OFM. Cap.

9496922592

Prot. No. 2111/2015

# സീറോ മലബാർ മിഷൻ വാരാചരണം
## (2016 ജനുവരി 6 – 12)
## സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭ ലോകത്തിൽ എല്ലായിടത്തും അറിയപ്പെടുന്നതിന്റെ മുഖ്യകാരണം അവളുടെ മിഷൻ ചൈതന്യമാണ്. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും സീറോ മലബാർ സഭയുടെ മക്കൾ മിഷനറിമാരായി സേവനം ചെയ്യുന്നുണ്ട്. ഈ പ്രേഷിത തീക്ഷ്ണത സഭയുടെ ആത്മീയ കരുത്തിന്റെ തെളിവുകൂടിയാണ്. 'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ പ്രേഷിതാഹ്വാനം, സീറോ മലബാർ സഭയുടെ മിഷൻ ചൈതന്യത്തിന്റെ ഉണർത്തുപാട്ടായിരുന്നു. 'ചെറുപുഷ്പ മിഷൻ ലീഗ്', 'സി.എൽ.സി' എന്നീ സംഘടനകളിലൂടെയും', 'പ്രേഷിതകേരളം' പോലെയുള്ള മാഗസിനിലൂടെയും നമ്മുടെ സഭയിൽ നിന്ന് ആയിരക്കണക്കിന് മിഷനറിമാർ പ്രേഷിതവയലുകളിലേക്ക് തീക്ഷ്ണതയോടെ ഇറങ്ങിപുറപ്പെട്ടു എന്നത് ആനന്ദത്തിനും അഭിമാനത്തിനും ഇടം നല്കുന്നതാണ്. ഈ പ്രേഷിതചൈതന്യമാണ് സീറോ മലബാർ സഭയുടെ ഇന്നത്തെ സുവിശേഷ സുഗന്ധം.

എന്നാൽ ഈ അടുത്ത കാലത്തായി നമ്മുടെ സഭയുടെ പ്രേഷിത തീക്ഷ്ണതയിൽ കുറവു അനുഭവപ്പെടുന്നുണ്ട്. 'വെളിപാട്' പുസ്തത്തിലെ വാക്കുകൾ നമ്മുടെ സഭയുടെ സ്ഥിതിയെക്കുറിച്ച് ആത്മശോധനയ്ക്ക് നമ്മെ സഹായിക്കുമെന്നാണ് എനിക്ക് തോന്നുന്നത്: "ആദ്യമേ ഉണ്ടായിരുന്ന സ്നേഹം നിനക്ക് നഷ്ടപ്പെട്ടിരിക്കുന്നു, നീ അനുതപിച്ച്

ആദ്യ തീക്ഷ്ണതയിലേക്ക് മടങ്ങിവരിക"(വെളി.2:4-5).

സഭയുടെ പ്രേഷിത തീക്ഷ്ണത കുറയുന്നത് സഭാത്മക ജീവിതത്തിന്റെ ആധികാരികത കുറയുന്നതിന്റെ തെളിവാണ്. നമ്മുടെ പ്രേഷിത തീക്ഷ്ണതയിൽ കൂടുതൽ അവബോധവും ആഴപ്പെടലും ഈ കാലഘട്ടത്തിൽ ആവശ്യമായിരിക്കുന്നു. സുവിശേഷവത്കരണത്തിനുവേണ്ടിയാണല്ലോ സഭ വിളിക്കപ്പെട്ടിരിക്കുന്നത്. അവളുടെ വിളി തന്നെ സുവിശേഷം 'ലോകത്തിന്റെ അതിർത്തികൾവരെയും' (നട.1:8)'ലോകാവസാനംവരെയും' (മർക്കോ. 16:15; മത്താ.28:19-20) എല്ലാവരെയും അറിയിക്കുകയെുള്ളതാണ് (AG 12, 29, EN 14, RM 36).

സീറോ മലബാർ സഭയുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് ആവശ്യമായ മാർഗങ്ങളെക്കുറിച്ച് 2015 ആഗസ്റ്റ് മാസത്തിൽ കൂടിയ മെത്രാന്മാരുടെ സിനഡ് ആലോചിക്കുകയുണ്ടായി. ദനഹാതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച സഭയിൽ ആചരിച്ചുവന്നിരുന്ന മിഷൻ ഞായർ ഈ വർഷം (2016) മുതൽ ദനഹാതിരുനാൾ തുടങ്ങി ഒരാഴ്ച കാലത്തേക്ക് (ജനുവരി 6-12) 'പ്രേഷിതവാരം' എന്ന പേരിൽ കൂടുതൽ വിപുലപ്പെടുത്തി ആചരിക്കുവാൻ തീരുമാനിച്ച വിവരം ഞാൻ നിങ്ങളെ സന്തോഷത്തോടെ അറിയിക്കുന്നു.

ഈ വർഷത്തെ പ്രേഷിതവാരത്തിന്റെ മുദ്രാവാക്യം 'മിഷനെ അറിയുക, മിഷനറിയാവുക' എന്നതാണ്. അതുകൊണ്ട് നമ്മുടെ സഭയിൽ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള അവബോധം സൃഷ്ടിക്കുന്നതിനും മിഷൻ പ്രവർത്തനങ്ങളെ പ്രാർത്ഥനകൊണ്ടും സാമ്പത്തികസഹായം കൊണ്ടും ദൈവവിളികൾകൊണ്ടും പ്രോത്സാഹിപ്പിക്കുന്നതിനും പ്രേഷിതവാരാചണം ഒരവസരമാക്കി നാം മാറ്റണം. സീറോ മലബാർ സഭാതനയർ എല്ലാവരും മിഷൻ തീക്ഷ്ണതകൊണ്ട് ജ്വലിക്കുവാൻ പ്രേഷിതവാരാചരണം കാരണമാകട്ടെ!

മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, ദനഹാതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച (ജനുവരി 10) ഓരോ കുടുംബവും സ്ഥാപനവും അവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തിക സഹായം നല്കണമെന്ന് ഞാൻ നിങ്ങളേവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. പ്രേഷിതവാരത്തിലെ ഞായാറാഴ്ച നടത്തുന്ന കവർ കളക്ഷൻ ഇടവകതലത്തിൽ ശേഖരിച്ച് രൂപത വഴി മൗണ്ട് സെന്റ് തോമസ്സിലെ മിഷൻ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്. നിങ്ങളുടെ

സാമ്പത്തിക സഹായം സീറോ മലബാർ സഭയുടെ മിഷൻ രംഗങ്ങളിലേക്ക് നല്കുന്നതാണെു ഞാൻ ഓർമ്മപ്പെടുത്തുന്നു.

മിഷൻ വാരാചരണത്തെ സംബന്ധിച്ച് നിങ്ങൾക്കാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നല്കാൻ സീറോ മലബാർ സഭയുടെ മിഷൻ ഓഫീസിനെ ഭരമേല്പ്പിച്ചിട്ടുണ്ട്. അവർ നിങ്ങൾക്കു നല്കുന്ന നിർദ്ദേശങ്ങങ്ങളെല്ലാം പ്രായോഗികമാക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

12 അപ്പസ്തോലന്മാരിൽ പ്രേഷിത തീക്ഷ്ണതയിൽ ഏറ്റവും മുൻപന്തിയിലായിരുന്ന നമ്മുടെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' എന്ന വാക്കുകൾ ഈ പ്രേഷിത തീക്ഷ്ണതയുടെ ഏറ്റവും വലിയ തെളിവാണ്. 'വഴി' അറിയിക്കാൻ ശ്ലീഹാ ഭാരതത്തിലേക്ക് നടത്തിയ സാഹസിക യാത്രയും വരിച്ച ധീരരക്തസാക്ഷിത്വവും നമുക്ക് മിഷനെ അറിയുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും കാരണമാകട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം മാണ്ട് നവംബർ മാസം 05-ാം തീയതി നൽകപ്പെട്ടത്.*

NB: 1. 2016 ജനുവരി 3-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2.'സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന മിഷൻ സപ്പോർട്ട് ഓഫീസിൽ 2016 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്. പ്രസ്തുത ഫണ്ട് പൂർണമായും സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്.

Ref: 2899/K 35/OL/KCBC/DS
28.10.2015

# കരുണയുടെ ജൂബിലി വർഷത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

കാരുണ്യം സഭയുടെ ജീവനിലും ശുശ്രൂഷയിലുംനിന്ന് വേർതിരിക്കാനാവില്ലെന്ന് വിശ്വാസികളെ ഓർമ്മിപ്പിക്കാൻ ഫ്രാൻസിസ് മാർപാപ്പാ കരുണയുടെ ജൂബിലി വർഷം അഥവാ വിശുദ്ധ വർഷം പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. 2015 ഡിസംബർ 8-ന് അമലോത്ഭവത്തിരുന്നാളിൽ റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയത്തിലെ വിശുദ്ധ കവാടം തുറന്നുകൊണ്ട് ഫ്രാൻസീസ് പാപ്പാ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യും. ഉത്പത്തി മുതൽ ദൈവം പ്രകടമാക്കിയ കരുണയെ ഓർമ്മിപ്പിക്കുന്നതാണ് അമലോത്ഭവത്തിരുനാൾ. രണ്ടാം വത്തിക്കാൻ കൗൺസിൽ അവസാനിച്ചതിന്റെ 50-ാം വാർഷികം കൂടിയാണ് ഡിസംബർ 8.

**രണ്ടാം വത്തിക്കാൻ കൗൺസിൽ കരുണയുടെ കൗൺസിൽ**

രണ്ടാം വത്തിക്കാൻ കൗൺസിൽ കരുണയുടെ കൗൺസിലായാണ് വിലയിരുത്തപ്പെടുന്നത്. കൗൺസിലിന്റെ ആമുഖപ്രസംഗത്തിൽ വിശുദ്ധനായ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ ഉദർശനം ചെയ്തത്, കാഠിന്യത്തിന്റെ ആയുധങ്ങളെക്കാൾ കരുണയുടെ വചനം ശുശ്രൂഷയിൽ സഭ പ്രയോഗിക്കണമെന്നായിരുന്നു. കൗൺസിലിന്റെ സമാപനത്തിൽ വാഴ്ത്തപ്പെട്ട പോൾ ആറാമൻ പാപ്പാ കൗൺസിലിന്റെ ആധ്യാത്മികതയെ എടുത്തുകാട്ടിയത് നല്ല സമറിയാക്കാരന്റെ ആധ്യാത്മികതയായാണ്. ലോകത്തിലെ തിന്മകളെയും അക്രമങ്ങളെയും ശക്തമായി അപലപിച്ചപ്പോഴും ആളുകളോട് കരുണ കാണിക്കണമെന്ന് കൗൺസിൽ പഠിപ്പിച്ചു.

വിശുദ്ധ ജോൺപോൾ രണ്ടാമൻ പിതാവായ ദൈവത്തെ കരുണാപൂർണനായി അവതരിപ്പിച്ചു. 1980 നവംബർ 20-ന് വിശുദ്ധൻ എഴു

തിയ ചാക്രികലേഖനം "കരുണയിൽ സമ്പന്നൻ" എന്നത് പ്രത്യേക പഠനമർഹിക്കുന്നു. ഫ്രാൻസിസ് പാപ്പാ ഈ രേഖയുടെ ചുവടുപിടിച്ചാണ് കരുണയെക്കുറിച്ച് പഠിപ്പിക്കുന്നത്. മനുഷ്യജീവിതത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും കരുണ പുറംതള്ളപ്പെട്ടിരിക്കുന്ന ഒരു അനുഭവമാണുള്ളതെന്ന് പാപ്പാ പറഞ്ഞു. ആ അവസ്ഥ ഇന്നും അങ്ങനെ നിലനില്ക്കുന്നുവെന്നതാണ് ശോചനീയം. യുദ്ധഭീഷണി, ക്രൂരത, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വലിയ വിടവ്, ഭൗതികതാവാദം, മനുഷ്യാവകാശലംഘനങ്ങൾ, ഭീകരത, തീവ്രവാദം, അക്രമം, അസൂയ, മാത്സര്യം, വിദ്വേഷം, ക്രൂരത എന്നിവ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും കൊടികുത്തി വാഴുന്നു. ഈ പശ്ചാത്തലത്തിൽ ദൈവകരുണയുടെ വിശ്വസ്തയായ സൂക്ഷിപ്പുകാരിയും വിതരണക്കാരിയും ആയിരിക്കുകയാണ് സഭയുടെ ധർമ്മമെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ ഉറപ്പിച്ചു പറഞ്ഞത് നവമായി ജീവിക്കണം. പിതാവായ ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം യേശുക്രിസ്തുവിൽ നാം കണ്ടുമുട്ടുന്നുവെന്ന് 'ദൈവം സ്നേഹമാകുന്നു' എന്ന ചാക്രികലേഖനത്തിൽ ബെനഡിക്ട് പതിനാറാമൻ പാപ്പായും പഠിപ്പിക്കുന്നുണ്ട്.

**കരുണയുടെ മുഖം**

കരുണയുടെ വർഷം ഔദ്യോഗികമായി പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ എഴുതിയ അപ്പസ്തോലിക ഡിക്രിയാണ് "കരുണയുടെ മുഖം". ദൈവത്തിന്റെ അതിരുകളില്ലാത്ത ക്ഷമയും കരുണയും ആ രേഖ എടുത്തുകാട്ടുന്നു. മനുഷ്യവംശത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരകർമ്മത്തെ കുറിക്കുന്ന മുഖ്യപദമാണ് കരുണയെന്നു പാപ്പാ എഴുതുന്നു. ദൈവത്തിന്റെ വിശേഷണങ്ങളിലും പൂർണതകളിലും ഏറ്റവും വലുത് കാരുണ്യമാണെന്ന് ചിന്തിക്കുന്ന ദൈവശാസ്ത്രജ്ഞന്മാർ ഉണ്ട്. സജീവനായ ദൈവത്തെ മനുഷ്യന് പ്രത്യേകമാംവിധം അടുത്തും കൂടെക്കൂടെയും കണ്ടുമുട്ടുന്നതിനുള്ള മാർഗമായ പൂർണതയും വിശേഷണവുമാണത്. വിശ്വാസത്തിലൂടെയുള്ള ദൈവദർശനം അവിടത്തെ കാരുണ്യം കണ്ടുമുട്ടുന്നതിലാണ് അടങ്ങിയിരിക്കുന്നത്. വിശുദ്ധ ലിഖിതത്തിലും പാരമ്പര്യത്തിലും ലിറ്റർജിയിലും ദൈവജനത്തിന്റെ വിശ്വാസബോധത്തിലും അനുദിനജീവിതത്തിലും കാരുണ്യം പ്രകടമായിട്ടുണ്ട്. അതു നാം കണ്ടെത്തി ജീവിക്കണം.

**പഴയനിയമവും കരുണയുടെ ദൈവവും**

പഴയനിയമവും പുതിയനിയമവും ദൈവത്തിന്റെ കരുണയുടെ ശക്തമായ വെളിപ്പെടുത്തലുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇസ്രായേൽജനം ദൈവത്തിന്റെ കരുണ അനുഭവിച്ച ജനമാണ്. പുറപ്പാട് സംഭവം അവരുടെ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ നില്ക്കുന്നു. അടിമത്തത്തിൽ നിന്നും കഷ്ടാനുഭവത്തിൽ നിന്നും ദൈവം അവരെ സ്വതന്ത്രരാക്കി. അതുവഴി ദൈവത്തിന്റെ സ്നേഹവും അനുകമ്പയും അവർ അനുഭവിച്ചു. അതിനാൽ ദുരന്തമുണ്ടാകുമ്പോഴെല്ലാം, അത് സാമ്പത്തികമോ ധാർമികമോ ആത്മീയമോ രാഷ്ട്രീയമോ ആകട്ടെ, ഇസ്രായേൽ, വ്യക്തിപരമായും സമൂഹപരമായും ദൈവത്തിലേക്കു തിരിയുന്നതു കാണാം. ജനത്തിന്റെ നിരന്തരമായ അവിശ്വസ്തത അവിടത്തെ കുപിതനാക്കുമ്പോഴും അവരെ നശിപ്പിക്കാൻ ആഗ്രഹിക്കുമ്പോഴും ജനത്തോടുള്ള കൃപയും ഉദാരതാപൂർണമായ സ്നേഹവും അവിടത്തെ കോപത്തെ കീഴടക്കുന്നു. ദൈവം പഴയനിയമത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തിയത് ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്നത് നാം ശ്രദ്ധിക്കണം. "കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം. കോപിക്കുന്നതിൽ വിമുഖൻ. സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ" (പുറ 34:6; സംഖ്യ 14:18; 2 കോറി 30:9; നെഹ 9:17). ദൗർഭാഗ്യത്തിലും പാപഭാരത്തിലും പരാജയത്തിലും ആത്മധൈര്യം നഷ്ടപ്പെടുന്നതിലുമൊക്കെ ദൈവകാരുണ്യം യാചിക്കുന്ന ജനത്തിന്റെ വികാരം സങ്കീർത്തനങ്ങൾ അവതരിപ്പിക്കുന്നു. കരുണ ലഭിക്കുമ്പോൾ ദൈവത്തിനു സ്തുതിയും പുകഴ്ചയും നന്ദിയും അവർ അർപ്പിക്കുന്നു. നൂറ്റിമുപ്പത്തിയാറാം സങ്കീർത്തനം ദൈവകരുണയുടെ മഹാകീർത്തനമാണ്. എന്തെന്നാൽ, "അവിടത്തെ കാരുണ്യം അനന്തമാണ്" എന്ന് നാം അവിടെ ആവർത്തിച്ചു പാടുന്നു. ദൈവത്തിന്റെ പ്രവൃത്തി എന്തെന്നു സങ്കീ 146:7-9 ഉം 147:3-6 ഉം എടുത്തുകാട്ടുന്നു. അവിടന്നു മർദ്ദിതർക്കു നീതിയും വിശക്കുന്നവർക്ക് ആഹാരവും ബന്ധിതർക്കു മോചനവും നല്കുന്നു. വിധവകൾ, അനാഥർ, പരദേശികൾ എന്നിവരെ സംരക്ഷിക്കുന്നു. ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയും അചഞ്ചലമാണെന്ന് പ്രവാചകന്മാർ വിശദമാക്കിയിട്ടുണ്ട് (ജെറ 31:3; ഏശ 54:10).

### ഈശോ കരുണയുടെ മുഖം

പുതിയ നിയമത്തിന്റെ ആരംഭത്തിൽത്തന്നെ കരുണയുടെ രണ്ടു ഗീതങ്ങൾ നാം കാണുന്നു. ദൈവത്തെ ഭയപ്പെടുന്നവരുടെമേൽ കാരുണ്യം തലമുറ തോറും വർഷിക്കപ്പെടുന്ന കാര്യം മറിയം ആലപിക്കുന്നു. പിതാക്കന്മാരോടു കാണിച്ച കാരുണ്യമനുസരിച്ച് ദൈവം എന്നും പ്രവർത്തിക്കുന്നുവെന്ന് സഖറിയായും പാടുന്നു. തന്റെ സ്നേഹം വെളിപ്പെടുത്താനാണ് പിതാവ് പുത്രനെ ലോകത്തിലേക്ക് അയച്ചത്. അവിടന്ന് ജീവിതകാലം മുഴുവൻ വാക്കും പ്രവൃത്തിയും വഴി കരുണ വെളിപ്പെടുത്തി (മത്താ 9:36; മത്താ 15:37; ലൂക്കാ 7:15; മർക്കോ 5:19).

ദൈവപിതാവിന്റെ സ്നേഹവും ക്ഷമയും വെളിപ്പെടുത്തുന്ന ലൂക്കായുടെ സുവിശേഷം 15-ാം അധ്യായത്തിലെ ഈശോയുടെ മൂന്നു ഉപമകൾ - നഷ്ടപ്പെട്ട ആട്, കാണാതായ നാണയം, ധൂർത്തപുത്രൻ - സവിശേഷമായി നമ്മുടെ ശ്രദ്ധയർഹിക്കുന്നതാണ്. ദയയില്ലാത്ത സേവകന്റെ ഉപമ, നാം ഗൗരവപൂർവം പരിഗണിക്കേണ്ടതാണ് (മത്താ 18). കരുണ ദൈവത്തിന്റെ പ്രവൃത്തി മാത്രമല്ല, ദൈവമക്കളെ നിർണയിക്കാനുള്ള മാനദണ്ഡം കൂടിയാണെന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹത്തിന്റെ കല്പന നാം ജീവിക്കണം (മത്താ 22:38). “കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും” എന്ന ഈശോയുടെ വാക്കുകൾ നമുക്കു മാർഗനിർദ്ദേശകമാകണം. കരുണ ജീവിക്കുന്നതിന് നമുക്കു പ്രചോദനമാകേണ്ടത് ക്രിസ്തു തന്നെയാണ്. “പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ”എന്നതാണ് ഈ ജൂബിലി വർഷത്തിന്റെ മുദ്രാവാക്യം. കരുണ സഭാജീവിതത്തിന്റെ അടിസ്ഥാനമാകണമെന്ന് മാർപാപ്പാ ആവർത്തിച്ചു പറയുന്നു. കാരണം, ക്രൈസ്തവവിശ്വാസത്തിന്റെ അന്തസ്സത്തയാണത്. സഭ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം കരുണ പ്രകടമാകണം.

### കരുണയുടെ പാപ്പാ

ഫ്രാൻസീസ് മാർപാപ്പായ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയമാണ് കരുണ. 1992-ൽ മെത്രാനായപ്പോൾ അദ്ദേഹം തിരഞ്ഞെടുത്ത മുദ്രാവാക്യത്തിന്റെ കേന്ദ്രവിഷയവും അതായിരുന്നു - miserando atque eligendo. ഈശോ മത്തായി ശ്ലീഹായെ വിളിക്കുന്ന ഭാഗത്തെക്കുറിച്ചുള്ള വിശുദ്ധ ബീഡിന്റെ പ്രസംഗത്തിൽ നിന്നാണ് ഫ്രാൻസീസ് പാപ്പാ ഈ

പ്രയോഗം സ്വീകരിച്ചിട്ടുള്ളത്. കരുണയുടെ കണ്ണുകളോടെ നോക്കി അവനെന്നെ വിളിച്ചുവെന്ന് ആ ലത്തീൻ പ്രയോഗം തർജ്ജമ ചെയ്യാം.

തന്റെ ആദ്യത്രികാലജപത്തോടനുബന്ധിച്ചുള്ള പ്രസംഗത്തിൽ (2013 മാർച്ച് 17) ഫ്രാൻസിസ് മാർപാപ്പാ കരുണ അനുഭവിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. "കരുണ എല്ലാം മാറ്റുന്നു. നമുക്ക് അനുഭവിക്കാവുന്ന ഏറ്റവും നല്ല കാര്യം കരുണയാണ്. അതു ലോകത്തെ മാറ്റുന്നു. കരുണയുടെ ഒരു ചെറുപ്രവൃത്തി ലോകത്തെ ഊഷ്മളവും നീതിയുള്ളതുമാക്കും. ദൈവത്തിന്റെ കരുണ നാം ശരിയായി മനസ്സിലാക്കണം. അവിടന്നു കരുണാപൂർണനായ പിതാവും അങ്ങേയറ്റം ക്ഷമയുള്ളവനുമാണ്". തന്റെ പ്രഥമ അപ്പസ്തോലികലേഖനമായ "സുവിശേഷ"ത്തിന്റെ സന്തോഷത്തിൽ 32 പ്രാവശ്യം കരുണയെന്ന പദം പരിശുദ്ധ പിതാവ് ഉപയോഗിക്കുന്നുണ്ട്.

**വിശുദ്ധ കവാടം**

ജൂബിലി വർഷത്തിന്റെ പ്രതീകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിശുദ്ധ കവാടമാണ്. സാധാരണ ഗതിയിൽ റോമിലെ ബസിലിക്കകളുടെ, പ്രത്യേകിച്ച്, വിശുദ്ധ പത്രോസിന്റെ ബസിലിക്കായുടെ, വിശുദ്ധ കവാടമാണ് തുറക്കുന്നത്. ഇപ്രാവശ്യം ലോകമെമ്പാടുമുള്ള കത്തീഡ്രലുകളുടെ വാതിലുകളും പ്രാദേശിക മെത്രാന്മാർ ആഗ്രഹിക്കുന്നുവെങ്കിൽ വലിയ തീർത്ഥാടനകേന്ദ്രങ്ങളിലെ ദേവാലയങ്ങളുടെ വാതിലുകളും തുറന്നുകൊണ്ട് ജൂബിലി വർഷം ആരംഭിക്കാൻ ആവശ്യപ്പെട്ടതുവഴി പരിശുദ്ധ പിതാവ് ജൂബിലി വളരെ സാർവത്രികമാക്കിയിരിക്കുന്നു. വിശുദ്ധ കവാടത്തിലേക്കുള്ള തീർത്ഥാടനം ത്യാഗത്തിലൂടെയും സമർപ്പണത്തിലൂടെയും കരുണയിലേക്കുള്ള യാത്രയാകണം. ഈ തീർത്ഥാടനം മാനസാന്തരത്തിലേക്കു നയിക്കണം. വിശുദ്ധ വാതിലിന്റെ പടി കടക്കുമ്പോൾ കർത്താവിന്റെ കരുണ ആശ്ലേഷിക്കാനും നമുക്കു കഴിയണം. മറ്റുള്ളവരെ വിധിക്കുകയോ ശപിച്ചു തള്ളുകയോ മുൻവിധിയോടെ വീക്ഷിക്കുകയോ ചെയ്യാതെ വേണം ഈ യാത്ര നടത്താൻ (ലൂക്കാ 6:37-38). മറ്റുള്ളവരുടെ നന്മകൾ എടുത്തുപറഞ്ഞ് സമൂഹത്തിൽ ഐക്യവും സമാധാനവും വളർത്തണം. മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുകയും യഥാർത്ഥ മാനസാന്തരവും ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം കണ്ടെത്തലും ഈ വർഷം നടക്കണമെന്നാണ് ഫ്രാൻസിസ് മാർപാപ്പാ ആഗ്രഹിക്കുന്നത്.

**ദൈവവചനധ്യാനം**

ദൈവവചനധ്യാനത്തിന് വിശുദ്ധവർഷത്തിൽ കൂടുതൽ സ്ഥാനമുണ്ടാകണം. ദൈവവചനം വായിക്കുക, ധ്യാനിക്കുക, ജീവിതത്തിൽ പകർത്തുക (ദിവ്യവായന) എന്നിവയ്ക്ക് ഊന്നൽ നല്കണം. ജീവിത പരിവർത്തനത്തിനുതകുന്ന ധ്യാനങ്ങളും ഇടവക മിഷനും സംഘടിപ്പിക്കണം. മിക്കാ 7:18–19; ഏശ 58:6–11 പോലുള്ള ബൈബിൾ ഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണമെന്ന് പരിശുദ്ധ പിതാവ് നിർദ്ദേശിക്കുന്നു. നിയമം, നീതി, കരുണ, വിശ്വാസം, സ്നേഹം എന്നിവ ധ്യാനത്തിന് വിഷയമാക്കണം. ജൂബിലി വർഷത്തിലെ നോമ്പുകാലം ദൈവകാരുണ്യത്തെ ആഘോഷിക്കാനും അനുഭവിക്കാനുമുള്ള സവിശേഷ സമയമെന്ന നിലയിൽ കൂടുതൽ തീവ്രതയോടെ ജീവിക്കണം. ആന്തരികവും ബാഹ്യവുമായ അനുഷ്ഠാനങ്ങൾ നോമ്പിനെ അർത്ഥപൂർണമാക്കണം.

**അനുരഞ്ജനകൂദാശയ്ക്ക് ഊന്നൽ നല്കുക**

കരുണയുടെ ഈ ജൂബിലിക്കാലത്ത്, പ്രത്യേകിച്ച് വലിയ നോമ്പുകാലത്ത്, അനുരഞ്ജനകൂദാശയെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കണമെന്ന് മാർപാപ്പാ ആവശ്യപ്പെടുന്നു. ദൈവത്തിന്റെ കാരുണ്യം അനുഭവിക്കാൻ അത് വിശ്വാസികളെ സഹായിക്കും. വൈദികർ നല്ല കുമ്പസാരക്കാരാകണമെന്നും പിതാവിന്റെ കരുണയുടെ യഥാർത്ഥ അടയാളങ്ങളാകണമെന്നും പാപ്പാ ഹൃദയംഗമമായി ആഗ്രഹിക്കുന്നു. കുമ്പസാരിപ്പിക്കുന്നവൻ ഈശോയുടെ തന്നെ ദൗത്യത്തിൽ പങ്കുചേരുകയാണ് ചെയ്യുന്നത്. ക്ഷമിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവികസ്നേഹത്തിന്റെ സ്ഥിരതയുടെ ഒരു മൂർത്തമായ അടയാളമാണയാൾ. യഥാർത്ഥ ദൈവ–മനുഷ്യകണ്ടുമുട്ടലിന് അയാൾ പ്രചോദനം നല്കണം. വിമോചനത്തിലേക്ക് നയിക്കണം. മാമ്മോദീസയുടെ നവജീവൻ വീണ്ടും ഏറ്റെടുക്കുന്നതിന് ജനതകളെ സഹായിക്കണം. പ്രതിബന്ധങ്ങളെ അതിജീവിക്കാൻ ആളുകളെ ശക്തരാക്കുകയും വേണം.

**നീതിയും കരുണയും**

നീതിയും കരുണയും തമ്മിലുള്ള ബന്ധം എടുത്തുകാട്ടാനും മാർപാപ്പാ രേഖയിൽ ശ്രമിക്കുന്നുണ്ട്. അവ രണ്ടും പരസ്പരവിരുദ്ധങ്ങളല്ല. മറിച്ച്, ഒറ്റയാഥാർത്ഥ്യത്തിന്റെ രണ്ടു മാനങ്ങളാണ്. സ്നേഹം അത്യുച്ചിയിലെത്തുന്നതുവരെ അതു ക്രമാനുഗതമായി വികസിക്കുന്നു.

സിവിൾ സമൂഹത്തിന് നീതി ഒരു അടിസ്ഥാനആശയമാണ്. കാരണം, സിവിൾ സമൂഹം നിയമവാഴ്ചയാലാണ് ഭരിക്കപ്പെടേണ്ടത്. എന്നാൽ വിശ്വാസികൾ വെറും നൈയാമികമായി മാത്രം നിയമവാഴ്ചയെ കണ്ടാൽ പോരാ. അങ്ങനെയായാൽ നീതിയുടെ ആദിമാർത്ഥം വിരൂപമാക്കപ്പെടുകയും അതിന്റെ അഗാധമായ മൂല്യം തമസ്കരിക്കപ്പെടുകയും ചെയ്യും. പാപിയെ അന്വേഷിച്ചു പോകുന്നതിലെ ദൈവത്തിന്റെ വഴിയാണ് കരുണ പ്രകാശിപ്പിക്കുന്നത്. തന്നിലേക്കു തന്നെ നോക്കാനും മാനസാന്തരപ്പെടാനും വിശ്വസിക്കാനും അതൊരാൾക്ക് പുതിയൊരു അവസരം നല്കുന്നു.

**കാരുണ്യപ്രവൃത്തികൾ ചെയ്യുക**

ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പാപ്പാ എല്ലാ വിശ്വാസികളെയും ചുമതലപ്പെടുത്തിയിരിക്കുന്നു: വിശക്കുന്നവർക്ക് ഭക്ഷണവും ദാഹിക്കുന്നവർക്ക് പാനീയവും നല്കുക. നഗ്നരെ ഉടുപ്പിക്കുക, അപരിചിതരെ സ്വാഗതം ചെയ്യുക, രോഗികൾക്ക് സൗഖ്യമുണ്ടാക്കുക, ബന്ധനസ്ഥരെ സന്ദർശിക്കുക, മൃതരെ സംസ്കരിക്കുക എന്നിവയാണ് കാരുണ്യത്തിന്റെ ശാരീരിക പ്രവൃത്തികൾ. ഇവയോടൊപ്പം സംശയഗ്രസ്തരെ ഉപദേശിക്കുക, അജ്ഞരെ പഠിപ്പിക്കുക, പാപികൾക്കു മുന്നറിയിപ്പു നല്കുക, പീഡിതരെ ആശ്വസിപ്പിക്കുക, തെറ്റു ചെയ്തവരോട് ക്ഷമിക്കുക, ഉപദ്രവിക്കുന്നവരോട് സഹനശീലം പുലർത്തുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ആദ്ധ്യാത്മിക ജീവകാരുണ്യ പ്രവൃത്തികളും അനുഷ്ഠിക്കാൻ പാപ്പാ എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്തിരിക്കുന്നു. നിത്യരക്ഷ പ്രാപിക്കുന്നതിന് കാരുണ്യപ്രവൃത്തികൾ അനുപേക്ഷണീയമാണെന്ന് (മത്താ 25) ഈശോ പറഞ്ഞിട്ടുണ്ടല്ലോ.

**അഴിമതിക്കും അക്രമത്തിനുമെതിരേ പോരാടുക**

പാപകരമായ ജീവിതത്തിലൂടെ ദൈവകൃപയിൽ നിന്ന് അകന്നു ജീവിക്കുന്ന എല്ലാവരുടെയും, പ്രത്യേകിച്ച് അഴിമതിയിലും മാഫിയാ പ്രവർത്തനങ്ങളിലും ഭീകരതയിലും ഗുണ്ടാസംഘത്തിലും ഉൾപ്പെട്ടിരിക്കുന്നവരുടെയും മാനസാന്തരത്തിനും തിരിച്ചുവരവിനും വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണമെന്ന് പാപ്പാ നിർദ്ദേശിക്കുന്നു (No. 19). ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരോട് "അവരുടെതന്നെ നന്മയ്ക്കുവേണ്ടി അവരുടെ ജീവിതത്തിന് മാറ്റം വരു

ത്തണമെന്ന്" പാപ്പാ അഭ്യർത്ഥിക്കുന്നു. പൊതുനന്മ തകർക്കുന്ന അഴിമതിക്കെതിരേ മൂല്യാധിഷ്ഠിത നിലപാടെടുക്കാൻ ജനങ്ങളെ ഒരുക്കുകയും വേണം.

**മതാന്തരസംവാദവും സൗഹൃദവും വളർത്തുക**

ദൈവത്തിന്റെ കാരുണ്യം അനന്തമാണ്. അത് എല്ലാ അതിരുകളെയും അതിലംഘിക്കുന്നു. ദൈവകാരുണ്യത്തിന്റെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവരുടെ ദൈവാനുഭവത്തെയും മതജീവിതത്തെയും ആദരപൂർവം മനസ്സിലാക്കാനും വ്യത്യസ്തങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും പുലർത്തുന്നവരുമായി സൗഹൃദം വളർത്താനും വിശുദ്ധ വർഷത്തിൽ അവസരം ഉണ്ടാകണം. തുറന്ന സംഭാഷണം മുൻവിധികളും വെറുപ്പും വിവേചനങ്ങളും അക്രമങ്ങളും ഒഴിവാക്കാൻ ഇടയാക്കും.

**ആധുനിക അടിമത്തങ്ങളെ ചെറുക്കുക**

സമൂഹത്തിന്റെ അതിർവരമ്പുകളിലുള്ളവരെ അന്വേഷിച്ചു പോകാനുള്ള ഒരവസരം കൂടിയാണ് ജൂബിലി; പ്രത്യേകിച്ച് ആധുനികസമൂഹം തന്നെ സൃഷ്ടിക്കുന്ന അതിർവരമ്പുകളിലുള്ളവരിലേക്ക്. മനുഷ്യക്കടത്ത്, വേശ്യാവൃത്തി, ബാലവേല, ബാലചൂഷണം, അടിമപ്പണി എന്നിവയും അനുഭവിക്കുന്നവരെ അതിൽനിന്ന് വിമോചിപ്പിക്കണം. ലോകത്തിന്റെ ദുരിതവും നമ്മുടെ സഹോദരീ സഹോദരന്മാരുടെ മുറിവുകളും കാണാൻ നമുക്ക് നമ്മുടെ കണ്ണുകൾ തുറക്കാമെന്ന് പാപ്പാ പറയുന്നു. അവർക്ക് അവരുടെ മഹത്ത്വം നിഷേധിക്കപ്പെട്ടിരിക്കുന്നത് നമുക്കു ഗ്രഹിക്കാൻ കഴിയണം. സഹായത്തിനുള്ള അവരുടെ രോദനം നാം ശ്രവിക്കുകയും വേണം. സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക് കൂടുതൽ ആഴത്തിൽ പ്രവേശിക്കാൻ മാർപാപ്പാ നമ്മെ ക്ഷണിക്കുന്നു. അവിടെ ദരിദ്രർക്ക് ദൈവകരുണയുടെ പ്രത്യേക അനുഭവമുണ്ട്.

**ഉപസംഹാരം**

കേരളസഭയുടെ കരുണാമുഖം കൂടുതൽ പ്രശോഭിതമാകാൻ ദൈവം കനിഞ്ഞു നല്കിയിരിക്കുന്ന കരുണയുടെ അസാധാരണ ജൂബിലി വർഷം ഫലപ്രദമാംവിധം ആചരിക്കാൻ സഭാമക്കളായ എല്ലാവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. കരുണയുടെ നിലപാടുകൾ നമ്മുടെ വ്യക്തിജീവിതങ്ങളെയും കുടുംബജീവിതങ്ങളെയും സഭാജീവിതത്തെയും സമൂഹജീവിതത്തെയും സുന്ദരമാക്കിത്തീർക്കട്ടെ! ദൈവപി

താവിന്റെ കരുണയുടെ ദർശനമായ യേശുക്രിസ്തുവിന്റെ ജീവിതം നമ്മിൽ സമൃദ്ധമായി പ്രതിഫലിക്കുകയും ആദിമസഭയിലെന്നതു പോലെ കരുണയുടെ കൂട്ടായ്മാജീവിതം സമൂഹത്തിനു മുഴുവൻ അനുഗ്രഹപ്രദമായിത്തീരുകയും ചെയ്യട്ടെ!

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി
**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ് ഡോ. ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

NB: 2015 നവംബർ 29-ാംതീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| ഡിസംബർ | 1 | : | ഇരുപത്തിയഞ്ച് നോമ്പാരംഭം |
| | 3 | : | വി. ഫ്രാൻസിസ് സേവ്യർ |
| | 4 | : | ആദ്യവെള്ളി |
| | 6 | : | **മംഗലവാർത്ത രണ്ടാം ഞായർ** |
| | 7 | : | വി. അംബ്രോസ് |
| | 8 | : | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ |
| | 13 | : | **മംഗലവാർത്ത മൂന്നാം ഞായർ** |
| | 14 | : | കുരിശിന്റെ വി. യോഹന്നാൻ |
| | 18 | : | മൈലാപ്പൂരിലെ അത്ഭുതസ്ലീവാ |
| | 20 | : | **മംഗലവാർത്ത നാലാം ഞായർ** |
| | 25 | : | **കർത്താവീശോമിശിഹായുടെ പിറവിതിരുനാൾ** കടമുള്ള ദിവസം |
| | 26 | : | വി. എസ്തപ്പാനോസ് |
| | 27 | : | **പിറവി ഒന്നാം ഞായർ** |
| | | : | വി. യോഹന്നാൻ ശ്ലീഹാ |
| | | : | തിരുകുടുംബം |
| | 28 | : | കുഞ്ഞിപ്പൈതങ്ങൾ |
| | 31 | : | വർഷാവസാനം |

**2. ഡിസംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 02 | 09:00 am | പ്രോവിൻസ് മീറ്റിംഗ് (TRIP) |
| | 07:30 pm | സാമ്പത്തികസമിതിയോഗം |
| 13 | | മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി പിതാക്കന്മാരുടെ ജന്മദിനം |
| 14 | 10:00 am - 01:00 pm | സമർപ്പിതവർഷ മീറ്റിംഗ് |
| | 02:30 pm - 05:00 pm | വൈദികസമിതിയോഗം |
| 17 | 10:00 am - 01:00 pm | കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗം |
| | 02:30 pm – 04:30 pm | ആലോചനസമിതിയോഗം |
| 27 | | Buon Natale |

**3. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം :**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**5. ഓഫീസ് അവധി :**

2015 ഡിസംബർ 22 മുതൽ 2016 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**6. തിരുപട്ടസ്വീകരണങ്ങൾ :**

അതിരൂപതക്കുവേണ്ടി 2015 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 17 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | |
|---|---|---|---|
| 1. ഡീ. സിന്റോ പൊന്തേക്കൻ | പള്ളിക്കുന്ന് | 26-12-2015 | 09.00 am |
| 2. ഡീ. ജോയ്സൻ ചെറുവത്തൂർ | പാവറട്ടി | 26-12-2015 | 09.00 am |
| 3. ഡീ. ജെറിൻ അരിമ്പൂർ | പാവറട്ടി | 26-12-2015 | 09.00 am |
| 4. ഡീ. അജീഷ് പെരിഞ്ചേരി | വിയ്യൂർ | 26-12-2015 | 02.00 pm |
| 5. ഡീ. സഞ്ജയ് തൈക്കാട്ടിൽ | തലക്കോട്ടുകര | 28-12-2015 | 09.00 am |
| 6. ഡീ. ജിക്സൺ മാളോക്കാരൻ | കണ്ടശ്ശാംകടവ് | 28-12-2015 | 09.00 am |
| 7. ഡീ. പോൾ മാളിയമ്മാവ് | കണ്ടശ്ശാംകടവ് | 28-12-2015 | 09.00 am |
| 8. ഡീ. സിജോ മുരിങ്ങാത്തേരി | പോന്നോർ | 28-12-2015 | 02.00 pm |
| 9. ഡീ. ജിയോ ചെറടായി | വരാക്കര സൗത്ത് | 29-12-2015 | 09.00 am |
| 10. ഡീ. ആന്റണി മേനാച്ചേരി | ഒല്ലൂർ | 29-12-2015 | 09.00 am |
| 11. ഡീ. ജിയോ ചിരിയങ്കണ്ടത്ത് | നെടുപുഴ | 29-12-2015 | 02.00 pm |
| 12. ഡീ. ജിന്റോ കുറ്റിക്കാട്ട് | പുതുശ്ശേരി | 30-12-2015 | 09.00 am |
| 13. ഡീ. സനൽ മാളിയേക്കൽ | ബസിലിക്ക | 30-12-2015 | 02.00 pm |
| 14. ഡീ. ആൻസൺ നീലങ്കാവിൽ | കാരമുക്ക് | 31-12-2015 | 09.00 am |
| 15. ഡീ. സിംസൺ ചിറമ്മൽ | കാരമുക്ക് | 31-12-2015 | 09.00 am |
| 16. ഡീ. ജസ്റ്റിൻ തേക്കാനത്ത് | ആമ്പക്കാട് | 02-01-2016 | 09.00 am |
| 17. ഡീ. സോബിൻ പായിക്കാട്ട് | പൊങ്ങണംകാട് | 02-01-2016 | 09.00 am |

**9. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2016 ജനുവരി 27ന് ബുധനാഴ്ച രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**10. ഡയറി 2016 :**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുമുള്ള ഡയറി അതിരൂപത ഫിനാൻസ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**11. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ആന്റണി ആലുക്ക | – ഡയറക്ടർ പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രം ഒഴിവായി; സാധുത 2015 ഒക്ടോബർ 4 മുതൽ. |
| 2. ഫാ. ഷാജു ചിറയത്ത് | – എക്സിക്യൂട്ടീവ് അംഗം, മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജ് ട്രസ്റ്റ് & അപ്പലേറ്റ് ട്രൈബ്യൂണൽ ഫോർ എജ്യുക്കേഷൻ അംഗത്വം ഒഴിവായി; സാധുത 2015 ഒക്ടോബർ 2 മുതൽ. |
| 3. ഫാ. തോമസ് ചൂണ്ടൽ | – ഡയറക്ടർ പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രം; സാധുത 2015 ഒക്ടോബർ 4 മുതൽ. |
| 4. ഫാ. സെബി ചിറ്റിലപ്പിള്ളി | – ചിക്കാഗോ രൂപതയിൽ 3 വർഷത്തേക്ക് സേവനാനുമതി; സാധുത 2015 ഒക്ടോബർ 2 മുതൽ. |
| 5. ഫാ. തോമസ് അമ്പൂക്കൻ CMI | – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചിയ്യാരം ഗലീലി & കപ്ലോൻ ക്വീൻ മേരി സി. എം. സി. എന്നിവ ഒഴിവായി; സാധുത 2015 നവംബർ 1 മുതൽ. |
| 6. ഫാ. ജോസ് ചിറപ്പണത്ത് CMI | – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചിയ്യാരം ഗലീലി & കപ്ലോൻ ക്വീൻ മേരി സി. എം. സി.; സാധുത 2015 നവംബർ 1 മുതൽ. |
| 7. ഡീ. സനൽ മാളിയേക്കൽ | – ഡീക്കൻ മിനിസ്ട്രി പേരാമംഗലം; സാധുത 2015 ഒക്ടോബർ 5 മുതൽ നവംബർ 15 വരെ. |

**14. പ്രത്യേക നിയമനങ്ങൾ :**

**കൈക്കാരന്മാർ**

| | |
|---|---|
| അടാട്ട് | ചിറ്റിലപ്പിള്ളി പൊറിഞ്ചു ഔസേപ്പ് |
| | ചിറ്റിലപ്പിള്ളി ലോനപ്പൻ സെബാസ്റ്റ്യൻ |
| | ചിറ്റിലപ്പിള്ളി ലോനപ്പൻ ജോസ് |
| ആളൂർ | പുത്തൂർ പൊറിഞ്ചു ജോസ് |
| | മുളക്കൽ കുഞ്ഞുവറീത് സണ്ണി |
| കിഴക്കാളൂർ | കുണ്ടുകുളം കൊച്ചാപ്പു വർഗ്ഗീസ് |
| | ചിറയത്ത് ഔസേപ്പ് വിൻസെന്റ് |
| അമലനഗർ | വാഴപ്പിള്ളി ദേവസ്സി മേജോ |
| | പൊറത്തൂര് ചെല്ലപ്പൻ ശീമോൻ |
| | മാളിയേക്കൽ സണ്ണി ഷാരോൺ |
| ആമ്പക്കാട് | ആലപ്പാട്ട് ജോണി പ്രിൻസ് |
| | ചിറയത്ത് ജോസ് റോമി |
| | ചിറ്റിലപ്പിള്ളി അന്തോണി സിന്റോ |
| അമ്മാടം | അരിമ്പൂര് അടമ്പുകുളം അന്തോണി ജോൺസൺ |
| | മാങ്ങൻ അന്തോണി ഫ്രാൻസിസ് |
| | കുരുതുകുളങ്ങര പല്ലിശ്ശേരി ജോസ് സജി |
| | അരിമ്പൂര് അടമ്പുകുളം ജോസ് ജോഷി |
| ഏയ്ഞ്ചൽ നഗർ, ഒല്ലൂർ | അക്കര കുരിയപ്പൻ സെബി |
| | പാലിയേക്കര തോമസ് സോയ് |
| | ചാക്കേരി ദേവസ്സി റാഫേൽ |
| | ചിറയത്ത് വറീത് റാഫി |
| അഞ്ഞൂർ | വെള്ളറ തോമസ് ജോസ് |
| | മാറോക്കി ജോർജ്ജ് ജോസ് |
| | ഒലക്കേങ്കിൽ വർക്കി ജോജി |
| അന്നകര, പറപ്പൂർ | വടക്കൂട്ട് ഔസേപ്പ് ജോയ് |
| | പാലയൂർ വർഗ്ഗീസ് ഹാപ്പി |
| അന്തിക്കാട് | പെരുമാടൻ തോമസ് വർഗ്ഗീസ് |
| | കുരുതുകുളങ്ങര മാത്യു പീറ്റർ |
| ആറംപിള്ളി | ചിറ്റിലപ്പിള്ളി കൊച്ചാപ്പു ജോസഫ് |
| | ഒലക്കേങ്കിൽ ജോസ് ബൈജു |
| അരണാട്ടുകര | ഡിക്സൺ പടിക്കല |

| | |
|---|---|
| | ജോയ് പള്ളിക്കുന്നത്ത് |
| | ജോബിഷ് പുളിക്കൻ |
| | പ്രിൻസ് കാഞ്ഞിരത്തിങ്കൽ |
| അരിമ്പൂർ | ചാലിശ്ശേരി ജോൺ സെബാസ്റ്റ്യൻ |
| | പൊന്മാണി അന്തോണി പിയൂസ് |
| | എലുവത്തിങ്കൽ മുട്ടിക്കൽ ദേവസ്സികുട്ടി കുരിയാക്കോസ് |
| | ചാലിശ്ശേരി ജോസ് മാർട്ടിൻ |
| ആർത്താറ്റ് | വാഴപ്പിള്ളി ചേറു വർഗ്ഗീസ് |
| | വാഴപ്പിള്ളി അന്തോണി ജോയ് |
| | ഒലക്കേങ്കിൽ മാത്യു ജോണി |
| അത്താണി | കണ്ണനായ്ക്കൽ വറീത് ജോസ് |
| | പുത്തിരി വറീത് സ്റ്റീഫൻ |
| | തയ്യിൽ വറീത് തോമസ് |
| | പുത്തിരി ജോർജ്ജ് ലിജോൺ |
| ആറ്റത്ര | ആളൂർ പറിഞ്ചു ജോസ് |
| | അന്തിക്കാട്ടിൽ അന്തോണി ജോണി |
| ആറ്റുപുറം | സണ്ണി സി. ജെ. |
| | ഷാജി എം. ജി. |
| | ബാബു എം. കെ. |
| അവണൂർ | ചിറ്റാട്ടുകര ഡേവിസ് ജിൻസൺ |
| | അറങ്ങാശ്ശേരി പത്രോസ് പൗലോസ് |
| | അക്കര ജോസ് ജോയ് |
| അവിണിശ്ശേരി, ഒല്ലൂർ | പടിക്കല തോമകുട്ടി ചാക്കുണ്ണി |
| | പനംകുളം ദേവസ്സി ജോസഫ് |
| | ചിറമ്മൽ റാഫേൽ ക്ലീറ്റസ് |
| | ചിറമ്മൽ വറുതുണ്ണി ജോണി |
| അയ്യന്തോൾ | ജെയ്സൻ കൂള |
| | ഡേവിസ് തേറാട്ടിൽ |
| | ജോണി കരിയാറ്റി |
| | വിൻസെന്റ് കരേരക്കാട്ടിൽ |
| ഭരത | ജോർജ്ജ് കുഴികണ്ടത്തിൽ |
| | ജോസഫ് പെരിയപുറത്ത് |
| ബ്രഹ്മകുളം | ചൊവ്വല്ലൂർ അന്തോണി പിയൂസ് |

| | |
|---|---|
| | പുലിക്കോട്ടിൽ ലോനപ്പൻ ജോജി |
| | അന്തിക്കാട്ട് താരു സ്റ്റീഫൻ |
| | ചൊവ്വല്ലൂർ ചാക്കു വില്ല്യം |
| ചാഴൂർ | പൊറുത്തൂർ കിട്ടൻ പൊറിഞ്ചു ജോസ് |
| | തറയിൽ മുറ്റിച്ചൂക്കാരൻ അന്തോണി ജോൺസൺ |
| | ചിറമ്മൽ ജേക്കബ് ലോറൻസ് |
| ചേലക്കര | ജെയിംസ് ചാലക്കൽ |
| | സജി മാളിയേക്കൽ |
| ചെമ്പുക്കാവ്, തൃശ്ശൂർ ലൂർദ്ദ് | തത്രത്തിൽ പൊന്മാണി അന്തോണി ദേവസ്സി |
| | ചാലക്കൽ റപ്പായി ജോസഫ് |
| | നീലങ്കാവിൽ തോമുണ്ണി ജോർജ്ജ് |
| | എലുവത്തിങ്കൽ ജോസഫ് ജോൺസൻ |
| ചെമ്മണ്ണൂർ | എടക്കളത്തൂർ കുരിയാക്കു വിൻസെന്റ് |
| | കണ്ണനായ്ക്കൽ വറീത് തോമസ് (മാണി) |
| ചെങ്ങാലൂർ | തോട്ടാൻ ലോനപ്പൻ ജോയ് |
| | ചാഴൂർ കുഞ്ഞുവറീത് ജോസഫ് |
| | പൊന്തേക്കൻ അന്തോണി വർഗ്ഗീസ് |
| | ആറ്റുപുറം കൊച്ചപ്പൻ ആന്റു |
| ചെങ്ങോട്, പുതുരുത്തി | അന്തിക്കാട്ട് പുളിക്കൻ ജോസ് ഷാജു |
| | പുത്തൂർ റപ്പായി നിക്ലാവോസ് |
| ചേർപ്പ് | മാളിയേക്കൽ പെരിഞ്ചേരിക്കാരൻ ദേവസ്സി വർഗ്ഗീസ് |
| | തെക്കേക്കര കൂർക്കഞ്ചേരി ദേവസ്സി വിൻസെന്റ് |
| | കുരുതുകുളങ്ങര കുന്നത്ത് പോൾ ലിസ്റ്റർ |
| ചേരുംകുഴി | ആനിക്കാട്ട് ജെയിംസ് |
| | കൊച്ചുപുരയ്ക്കൽ റോയ് |
| | കുറ്റിക്കോട്ടയിൽ പ്രകാശ് |
| ചെറുതുരുത്തി | സണ്ണി വടക്കൻ |
| | ഷിന്റോ ചേലപ്പുറത്ത് |
| ചേറ്റുപുഴ | ഡേവിസ് മാളിയേക്കൽ |
| | പോൾ മേനാച്ചേരി |
| ചെവ്വൂർ | മൊരിയാടൻ ദേവസ്സി ഡെയ്സൻ |
| | കല്ലേരി ചാക്കോരു ജോയ് |
| | എലുവത്തിങ്കൽ പൊറിഞ്ചുക്കു ജോസ് |

| | |
|---|---|
| ചിറയ്ക്കൽ | തേറുകാട്ടിൽ ഇഞ്ചോടിക്കാരൻ ഇമ്മാനുവേൽ ബാബു |
| | സൈമൺ |
| | തേറുകാട്ടിൽ ഇഞ്ചോടിക്കാരൻ ലോനപ്പൻ പോൾസൺ |
| ചിറ്റാട്ടുകര | കെ. എഫ്. മത്തായി, കാഞ്ഞിരത്തിങ്കൽ |
| | പി. സി. ടോമി, പൊറുത്തൂർ |
| | ടി. ജെ. ഫ്രാൻസിസ്, തരകൻ |
| ചിറ്റിലപ്പിള്ളി | പുത്തൂർ ചാക്കോ അഗസ്റ്റിൻ |
| | ചിറ്റിലപ്പിള്ളി ജോർജ്ജ് ജോജു |
| | അറങ്ങാശ്ശേരി മാത്യു ജോസഫ് |
| ചിറ്റിശ്ശേരി | തറയിൽ ദേവസ്സി ജോസ് |
| | എരങ്ങത്ത്പറമ്പിൽ ചാക്കുണ്ണി ജെയിംസ് |
| | തൊമ്മാന റപ്പായി ലൂയീസ് |
| ചിയ്യാരം ഗലീലി, ഒല്ലൂർ | ജോർജ്ജ് മൊയലൻ |
| | ജോസ് കൂത്തൂർ |
| | ജോസ് താഴേക്കാടൻ |
| | ഡേവിസ് ചക്കാലമുറ്റം |
| ചിയ്യാരം സേവനാലയം | അറയ്ക്കൽ കൊച്ചപ്പൻ ജെയിംസ് |
| | തെക്കൂടൻ മാനുവൽ ഷാജു |
| | പൊറത്തൂക്കാരൻ ഔസേപ്പ് വിൽസൻ |
| | അറയ്ക്കൽ തോമസ് ജോൺസൺ |
| ചിയ്യാരം വിജയമാത | ഡേവിസ് പി. എ. |
| | ടോണി കുറ്റിക്കാടൻ |
| | റോബിൻസ് പി. ആർ. |
| | ജോസ് തട്ടിൽ |
| ചൂലിശ്ശേരി | പാലയൂർ കൊച്ചപ്പൻ സെബാസ്റ്റ്യൻ |
| | കൈതമന സേവ്യർ സിജോ |
| ചൂണ്ടൽ | മാറോക്കി ഔസേപ്പ് പീലിപ്പോസ് |
| | ചൂണ്ടൽ ഉക്രു സെബാസ്റ്റ്യൻ |
| ചോറ്റുപാറ | ആനനിലയിൽ ബെന്നി |
| | ഗണപതിപ്ലാക്കൽ മാത്യു |
| ചൊവ്വന്നൂർ | മണ്ടുംപാൽ ജോസഫ് റോയ് |
| | മുരിങ്ങാത്തേരി ഡിറ്റോ |
| | മുരിങ്ങാത്തേരി ജോർജ്ജ് ഡോണി |

| | |
|---|---|
| ചുവന്നമണ്ണ് | സാജൻ ഊഴത്ത് |
| | റോയ് ഏനോക്കാരൻ |
| | ബെന്നി കൈനിക്കര |
| എടക്കളത്തൂർ | എടക്കളത്തൂർ വർക്കി ജോബ് |
| | വാഴപ്പിള്ളി തോമസ് സേവ്യർ |
| എളനാട് | കണ്ടത്തിൽ തോമസ് തോമസ് |
| | തൊണ്ടംപള്ളിയിൽ ജെയിംസ് മാത്യു |
| | ജീരകത്ത് ജെയിംസ് ജോബി |
| എളവള്ളി | ചക്രമാക്കിൽ വർഗ്ഗീസ് ജോബി |
| | വടക്കൻ ജോസ് ബാബു |
| എൽത്തുരുത്ത് | വർഗ്ഗീസ് വി. ഡി. |
| | വർഗ്ഗീസ് എ. കെ. |
| | ജിന്റോ ജോൺ |
| ഏനാമാക്കൽ | കൈമഠത്തിൽ അന്തോണി പ്രിൻസ് |
| | ചാലയ്ക്കൽ ചാക്കു വർഗ്ഗീസ് |
| | കാഞ്ഞിരത്തിങ്കൽ തോമസ് സ്റ്റീഫൻ |
| ഏങ്ങണ്ടിയൂർ | പുറത്തൂർ കിട്ടൻ ബാബു ജോസഫ് |
| | മനക്കിൽ മൈക്കിൾ മൈക്കിൾ |
| എരനെല്ലൂർ | തെക്കേക്കര ചേറു ഫ്രാൻസിസ് |
| | പൊറത്തൂർ ചേറു ടോമി |
| | കൊള്ളന്നൂർ അന്തോണി ബിജു |
| എരവിമംഗലം | മഠത്തുംപടി ദേവസ്സി ബാബു |
| | ചാലിശ്ശേരി ലാസർ ജോസ്ഫീന |
| | മഠത്തുംപടി തോമസ് ഫ്രാൻസിസ് |
| | മഠത്തുംപടി ഔസേപ്പ് ഷാബു |
| എറവ് | കൊള്ളന്നൂർ കുറ്റൂക്കാരൻ കുഞ്ഞുവറീത് സണ്ണി |
| | അരിമ്പൂര് പാവറട്ടിക്കാരൻ പൊറിഞ്ചു ജോഷി |
| | കാഞ്ഞിരത്തിങ്കൽ വർഗ്ഗീസ് പ്രോവിൻ |
| എരുമപ്പെട്ടി | കുറ്റിക്കാട്ട് ചാക്കുണ്ണി ഡേവിസ് |
| | വാഴപ്പിള്ളി പൊറിഞ്ചു ഡേവിസ് |
| | കുറ്റിക്കാട്ട് വാറപ്പൻ ചാർളി |
| | പുത്തൻപുരയിൽ ജോർജ്ജ് ബിജു |
| ഇയ്യാൽ | കെ. വി. വിൻസെന്റ് |

| | |
|---|---|
| | കെ. കെ. തോമസ് |
| ഗുരുവായൂർ | തരകൻ ദേവസ്സി ഫ്രാൻസിസ് |
| | വടക്കേത്തല വറീത് ജോസ് |
| | പുത്തൂർ ഇട്ടൂപ്പ് ജോസഫ് |
| കടങ്ങോട് | തേർമഠം ദേവസ്സി തോമസ് |
| | പുത്തൂർ കൈതക്കോട്ട് ഔസേപ്പ് ഹെൻറി |
| കാക്കശ്ശേരി, പാവറട്ടി | ചിരിയങ്കണ്ടത്ത് വറീത് തോമസ് |
| | ചിരിയങ്കണ്ടത്ത് പറിഞ്ചു ജെയിംസ് |
| കല്ലൂർ കിഴക്ക് | കാവിൽ അന്തപ്പൻ ബെന്നി |
| | ചെങ്ങളത്ത് അബ്രാഹം ജോസഫ് |
| | പനോക്കാരൻ ജോർജ്ജ് സെബി |
| കല്ലൂർ പടിഞ്ഞാറ് | പാലത്തിങ്കൽ ദേവസ്സി ഫ്രാൻസിസ് |
| | രായപ്പൻ അന്തോണി വർഗ്ഗീസ് |
| | വട്ടക്കുഴി പൊറിഞ്ചു സൈമൺ |
| കണ്ടാണശ്ശേരി | പുലിക്കോട്ടിൽ ചാക്കുണ്ണി ആന്റോ |
| | വാകയിൽ ജേക്കബ് പ്രിൻസ് |
| | പുലിക്കോട്ടിൽ കൊച്ചപ്പൻ വർഗ്ഗീസ് |
| കണ്ടശ്ശാംകടവ് | ജിന്റോ സി. ഒ. |
| | ഫ്രാൻസിസ് മണ്ണുമ്മൽ |
| | ആന്റണി കെ. ടി. |
| | സണ്ണി ടി. ഡി. |
| കാഞ്ഞാണി | ചാലക്കൽ വാറുണ്ണി വർഗ്ഗീസ് |
| | എലുവത്തിങ്കൽ ആന്റണി തോമസ് |
| | ആലപ്പാട്ട് മേച്ചേരിപ്പടി ഫ്രാൻസിസ് തോമസ് |
| കാഞ്ഞിരക്കോട് | ചൊവ്വല്ലൂർ പൊറിഞ്ചുണ്ണി ചാക്കുണ്ണി |
| | മേക്കാട്ടുകുളം എസ്തപ്പാനോസ് ഡേവിസ് |
| കണ്ണംകുളങ്ങര | ഊക്കൻ കൊച്ചാപ്പു ജോണി |
| | ചെറുവത്തൂർ മേച്ചേരി വറീത് ഫ്രാൻസിസ് |
| | പാലമറ്റം പോൾ ബെന്നി |
| കണ്ണാറ | നിരപ്പേൽ ജോർജ്ജ് സിറിയക് (ജസ്റ്റിൻ) |
| | ഇലവുംതറപ്പിൽ മാത്യു ജെയിംസ് |
| | കടലങ്ങാട്ട് ജോസഫ് അഗസ്റ്റിൻ |
| കാരമുക്ക് | ചുങ്കത്ത് ജോസ് ഷോജൻ |

| | |
|---|---|
| | അരിമ്പൂര് ചാക്കുണ്ണി ഡേവിസ് |
| | പെരുമാടൻ അന്തോണി പോൾസൺ |
| കാരമുക്ക് നോർത്ത് | അറയ്ക്കൽ മാറോക്കി കൊച്ചാപ്പു ജോസ് |
| സെന്റ് ആന്റണി | ഒല്ലൂക്കാരൻ അന്തോണി ബേബി |
| | ചിറയത്ത് വൈപ്പോൻ അന്തോണി ആൻസൺ |
| കരുമത്ര | ഫ്രാൻസിസ് (ഡേവിസ്) തേർമഠം |
| | കുരിയാക്കോസ് കിഴക്കിനിയത്ത് |
| | ഷാജു ചീരൻ |
| കാവീട് | ചെറുവത്തൂർ ചുമ്മാർ തോമസ് |
| | വടക്കൻ ജോർജ്ജ് ജോബി |
| | ചെറുവത്തൂർ ജോസ് സിജോ |
| കിരാലൂർ | ചിറ്റിലപ്പിള്ളി അന്തോണി വർഗ്ഗീസ് |
| | ആലപ്പാട്ട് പൊന്തേക്കൻ വാറപ്പൻ ജോഷി |
| | ഒലക്കേങ്കിൽ ജോസ് ജിജോ |
| കിഴ്പ്പുള്ളിക്കര-പഴുവിൽ | നെൽസൻ ചിറയത്ത് |
| | ജോണി തീപ്പിരിയാരത്ത് |
| കോടന്നൂർ | മുട്ടത്ത് പത്രോസ് ജോയ് |
| | ചിറയത്ത് വറീത് റോബർട്ട് |
| | നായങ്കര വറീത് ജോസഫ് |
| കോലഴി | ചുള്ളിയിൽ ജോസ് സാബു |
| | തരകൻ ദേവസ്സി ഫ്രാൻസിസ് |
| കോളങ്ങാട്ടുകര | നീലങ്കാവിൽ ലോനപ്പൻ ലെനിൻ |
| | പനക്കൽ ജോസ് വത്സൻ |
| | നീലങ്കാവിൽ കൊച്ചപ്പൻ ജെലക്സ് |
| കോഞ്ചിറ, ഏനാമാക്കൽ | കൂത്തൂര് വെള്ളാട്ടുകര ദേവസ്സി തൊമ്മി |
| | ചെറുവത്തൂർ മേച്ചരി അന്തപ്പൻ റാഫി |
| കോനിക്കര | മാളിയേക്കൽ തോമസ് ജോയ് |
| | തെക്കുംപീടിക അന്തോണി റപ്പായി |
| | പൊറത്തൂക്കാരൻ ചാക്കോ വിൻസെന്റ് |
| കൂനംമൂച്ചി | പുലിക്കോട്ടിൽ ചാക്കുണ്ണി ഡേവിസ് |
| | പുലിക്കോട്ടിൽ പറിഞ്ചുണ്ണി ജോസഫ് |
| | കൊള്ളന്നൂർ വാറുണ്ണി ജോയ് |
| കൂട്ടാല | ജോൺസൺ തോട്ടുങ്കൽ |

| | |
|---|---|
| | റോബിൻ പാലോലിക്കൽ |
| | ജോസ് മൈനാട്ടിൽ |
| കോട്ടപ്പടി | കൊട്ടേക്കാലി മാണി സണ്ണി |
| | ചുങ്കത്ത് ജോസഫ് ജോമോൻ |
| | വാഴപ്പിള്ളി ലാസർ ഡേവിഡ് വിൽസൺ |
| | മാറോക്കി സൈമൺ സൈസൺ |
| കൊട്ടേക്കാട് | എടക്കളത്തൂർ തോമുണ്ണി ഔസേപ്പ് |
| | അക്കര വറീത് ജോസ് |
| | ചേർപ്പുക്കാരൻ അന്തോണി മാർട്ടിൻ |
| | പുത്തൂക്കര റപ്പായി പാവു |
| കൊഴുക്കുള്ളി | പുലിക്കോട്ടിൽ ലോനപ്പൻ സണ്ണി |
| | പുതുശ്ശേരി ജോസ് ജോസഫ് |
| | ചാലിശ്ശേരി ലാസർ ജോൺസൺ |
| കുമ്പളങ്ങാട് | ചിറയത്ത് വർക്കി ഡേവിസ് |
| | വടക്കൻ സൈമൺ ചാർളി |
| | വടക്കൻ കുരിയാക്കോസ് ലിൻസൺ |
| | വടക്കൻ യാക്കോബ് ഷാജു |
| കുണ്ടന്നൂർ | ജോസഫ് സി. കെ. |
| | ജോസഫ് പി. സി. |
| | ബാബു എം. വി. |
| കുണ്ടുക്കാട് | സിബി കടപ്ലാക്കൽ |
| | സോണി മതുക്കപറമ്പിൽ |
| | സുനിൽ കടപ്ലാക്കൽ |
| കുന്നംകുളം | സണ്ണി പാണ്ടിമറ്റം |
| | രാജു ബി. ചുങ്കത്ത് |
| കുരിയച്ചിറ | പുളിക്കൻ വറീത് ബാബു |
| | ഐനിക്കൽ വറീത് ജോസ് |
| | ചിറ്റിലപ്പിള്ളി വൈദ്യക്കാരൻ ജേക്കബ് ജെയിംസ് |
| | പാലക്കപിള്ളി ഐപ്പു ബാബു |
| കുറുമാൽ | വി. എഫ്. തോംസൺ |
| | സി. ഐ. ജോസഫ് |
| കുറുവന്നൂർ, തണ്ടിലം | ചിറ്റിലപ്പിള്ളി കുഞ്ഞുവറീത് പൊറിഞ്ചുകുട്ടി |
| | അന്തിക്കാട്ട് ചാക്കു ജോൺസൺ |
| കുട്ടംകുളം | കിടങ്ങൻ ഫ്രാൻസിസ് സണ്ണി |

| | |
|---|---|
| | പുത്തിരി തോമ സൈമൺ |
| കുറ്റൂർ | മാള്യേക്കൽ വർഗ്ഗീസ് ബാബു |
| | കോനിക്കര വർഗ്ഗീസ് ജോൺസൺ |
| | കാട്ട്ള അന്തോണി ജോയ് |
| മഡോണനഗർ | കുറ്റിക്കാട്ട് നിക്സൻ |
| | പുത്തൂർ ബേബി |
| | പഞ്ഞിക്കാരൻ റാഫേൽ |
| | കടവി ബെന്നി |
| മനക്കൊടി | പാവർട്ടിക്കാരൻ വർഗ്ഗീസ് ചാക്കപ്പൻ |
| | കൊടിവളപ്പിൽ വറീത് ആന്റണി |
| മണലാടി | നെടുമറ്റത്തിൽ ദേവസ്സി സുരേഷ് |
| | മണിച്ചിറയിൽ ജോസഫ് സന്തോഷ് |
| മണലൂർ കിഴക്ക് | താന്ദിക്കൽ കോടങ്കണ്ടത്ത് ഔസേപ്പ് തോമസ് |
| | ചിറയത്ത് അത്താണിക്കൽ മാത്തു ലോനപ്പൻ |
| മണലൂർ പടിഞ്ഞാറ് | താണിക്കൽ തോപ്പിൽ വർക്കി ആന്റണി |
| | ചെറുവത്തൂർ ചാക്കു ആന്റണി |
| മങ്ങാട് | നീലങ്കാവിൽ ഇയ്യപ്പൻ ജേക്കബ് |
| | ചൊവ്വല്ലൂർ തോമസ് സാബു |
| മഞ്ഞക്കുന്ന് | നെല്ലിക്കാട്ടിൽ ഔസേപ്പ് പൗലോസ് |
| | അടുക്കോലിൽ ഐപ്പു ജോസ് |
| മാന്ദാമംഗലം | ആട്ടോക്കാരൻ ഔസേപ്പ് ജോൺസൻ |
| | അഴികണ്ണിക്കൽ മത്തായി ജിജി |
| മണ്ണംപേട്ട | കൊടവരക്കാരൻ കൊച്ചുവറീത് പോൾ |
| | പൂതോളി വറീത് വർഗ്ഗീസ് |
| | ചുങ്കൻ പൈലോത് ജോസ് |
| മണ്ണുത്തി | കൊമ്പൻ ദേവസ്സി ജോസഫ് |
| | ചീരമ്പൻ റപ്പായി തോമസ് |
| | കണ്ണമ്പുഴ പറമ്പൻ ലിസി ജോൺസൻ |
| മരത്താക്കര | തെക്കുംപീടിക ജേക്കബ് പോൾ |
| | വേലിയകത്ത് ക്ലാരൻസ് ജോൺസൺ |
| | തെക്കേക്കര ചെറിയാൻ തോമസ് |
| | ചാണ്ടി ചാക്കപ്പൻ ജോസ് |
| മരത്തംകോട് | മണലിൽ ചുമ്മാരു സെബി |

| | |
|---|---|
| | തലക്കോട്ടൂർ ഫ്രാൻസിസ് ജോൺസൺ |
| മരിയാപുരം | എലുവത്തിങ്കൽ ഗബ്രിയേൽ ബെൽഷോയ് |
| | കാട്ടൂക്കാരൻ വർഗ്ഗീസ് ഡേവിസ് |
| | വലിയവീട്ടിൽ ഇട്ടൂപ്പ് ഡേവിസ് |
| | പടിഞ്ഞാറേത്തല ജോസ് ജോമോൻ |
| മറ്റം | കണ്ണനായ്ക്കൽ തോമ ഇനാശു |
| | വാഴപ്പിള്ളി അന്തോണി ലാസർ |
| | കാക്കശ്ശേരി മാത്തു ജോസ് |
| | പൊറുത്തൂർ അന്തോണി ബാബു |
| മായന്നൂർ | തയ്യിൽ ജോസ് ബിജു |
| | എടക്കളത്തൂർ ജോസ് ജോബി |
| മുക്കാട്ടുകര | ചിറയത്ത് മഞ്ഞിയിൽ ഔസേപ്പ് വർഗ്ഗീസ് |
| | തേർമഠത്തിൽ ആമ്പക്കാടൻ ചാക്കു ജോൺസൺ |
| | മേനാച്ചേരി ആന്റണി പോളി |
| | കവലക്കാട്ട് പോൾ ജോസഫ് |
| മുളയം | ജോണി കാച്ചപ്പിള്ളി |
| | ബിജോയ് പാലോലിക്കൽ |
| | റോയ് മേച്ചേരി |
| മുല്ലക്കര | കൊള്ളന്നൂർ ഐപ്പുണ്ണി ചാക്കുണ്ണി |
| | ചാഴൂര് പൗലോസ് ആന്റണി |
| മുല്ലശ്ശേരി | തൈക്കാട്ടിൽ ദേവസ്സി ബാബു |
| | എടക്കളത്തൂർ ചെങ്ങലായി ജോസഫ് ആന്റണി |
| | കാഞ്ഞിരത്തിങ്കൽ പറിഞ്ചുണ്ണി ജോണി |
| | ചെറുവത്തൂർ ഇനാശു ജോൺ |
| മുള്ളൂർക്കര | മണിയൻചിറ ഫ്രാൻസിസ് |
| | പുത്തിരി തോമസ് |
| മുണ്ടത്തിക്കോട് | ചെറുവത്തൂർ വറീത് ജോയ് |
| | മേലിട്ട് പാലത്തിങ്കൽ ലാസർ ഫെർഡിൻ |
| | ചെറുവത്തൂർ ലൂയിസ് ജെയിംസ് |
| മുണ്ടൂർ | തോമസ് ഇ. കെ. |
| | ആന്റണി എ. പി. |
| | തോമസ് ഒ. ഡി. |
| | ടോജു നെല്ലിശ്ശേരി |

| | |
|---|---|
| മുറ്റിച്ചൂർ | കുരുതുകുളങ്ങര ആന്റോ സിജോ |
| | ചിറ്റിലപ്പിള്ളി തോമസ് നൈസൺ |
| നാടാംപാടം | കുഴിയാനിമറ്റത്തിൽ പൈലി പാപ്പച്ചൻ |
| | പാട്ടുപാറയിൽ ജോസഫ് ബേബി |
| നടത്തറ | ചിറയത്ത് റപ്പായി പോൾസൺ |
| | പുറക്കാട്ട് ജോണി ബാബു |
| | ബ്രഹ്മകുളം വറീത് ജോർജ്ജ് |
| | ചക്കാലക്കൽ പാവു വിൽസൺ |
| നമ്പഴിക്കാട് - മറ്റം | ചിറമ്മൽ അന്തോണി ഫ്രാൻസിസ് |
| | മുളക്കൽ ഇനാശു ജോജു |
| നന്തിപുലം | മംഗലൻ കുഞ്ഞുവറീത് ജോയ് |
| | ചോനേടൻ വറീത് പൗലോസ് |
| നന്തിപുലം നോർത്ത് | കുറിച്ചിപറമ്പിൽ കോരത് ദേവസ്സി |
| | ആളൂപറമ്പിൽ മത്തായി പിയൂസ് |
| | ഞെരിഞ്ഞാംപിള്ളി അന്തോണി വിൽസൻ |
| നാട്ടിക, വലപ്പാട് | കൊഴലിപറമ്പിൽ തോമസ് ഷൈജൻ |
| | ചാലിശ്ശേരി വെട്ടൻ അന്തോണി ജോൺസൺ |
| നെടുപുഴ | സി. വി. ഡേവിസ്, ചീനിക്കൽ |
| | സി. ഒ. ഡേവിസ്, ചീരൻ |
| | ആന്റോ ചീനിക്കൽ |
| നെടുപുഴ | സി. വി. ആന്റണി, തച്ചോത്ത് |
| സെന്റ് മേരീസ് കപ്പേള | സി. ടി. റപ്പായി, ചീനിക്കൽ |
| | എം. വി. ഡേവിസ്, മേച്ചേരി |
| നെഹ്രുനഗർ | മേപ്രത്തുശ്ശേരി സേവ്യർ ബേബി |
| | കുണ്ടുപറമ്പൻ കുഞ്ഞുവറീത് ടോണി |
| നെല്ലങ്കര | ചിറയത്ത് തറയിൽ ദേവസ്സി ജോസ് |
| | അറയ്ക്കൽ തോമസ് സണ്ണി |
| | തെക്കിനിയത്ത് ലോനപ്പൻ വർഗ്ഗീസ് |
| നെല്ലിക്കുന്ന് | നീലങ്കാവിൽ കോളേങ്ങാടൻ മാത്യു ജോസഫ് |
| | ചിരിയങ്കണ്ടത്ത് കറുത്തവാറു ദേവസ്സി ജെയിംസ് |
| | തട്ടിൽ ഉമ്പാവു ജോസ് ടോണി |
| | കിഴക്കേടത്ത് ജോസഫ് ജോർജ്ജ് |
| നെന്മണിക്കര | പിടിയത്ത് ഇട്ട്യേച്ചൻ ജിബി |

| | |
|---|---|
| | പൊന്നാരി തൊമ്മൻ സ്റ്റാൻലി |
| നിർമ്മലപുരം | വിതയത്തിൽ പൈലോത് വർഗ്ഗീസ് |
| | പനോക്കാരൻ സൈമൺ സിംജു |
| | പനോക്കാരൻ ചേറു റോയ് |
| | പോഴൻ ലോനപ്പൻ ഡേവിസ് |
| ഒളരിക്കര | തെക്കുംപുറം കുഞ്ഞിപ്പാലു സെബി |
| | മാളിയേക്കൽ പോൾ ലിന്റോ |
| | ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു ജോസ് ജോഷി |
| ഒല്ലൂക്കര | മൂക്കൻ അന്തോണി സേവ്യർ |
| | വടക്കൻ റപ്പായി സാജൻ |
| | ചോനാടൻ ജോണി ജോമോൻ |
| ഒല്ലൂർ | കള്ളിയത്ത് അന്തോണി ഫ്രാങ്കോ |
| | ചീരക്കുഴി വറീത് ബെന്നി |
| | പടിക്കല പോൾ ഡേവി |
| | പെരിഞ്ചേരി അന്തോണി ജോയ് |
| ഒരുമനയൂർ | എടക്കളത്തൂർ അന്തോണി ജോണി |
| | ആളൂർ തോമസ് ജോബി |
| പടവരാട് | ജോസ് തച്ചോത്ത് |
| | ബോബൻ പെരുമ്പിള്ളി |
| | റപ്പായി ചേർപ്പുകാരൻ |
| | റോബർട്ട് കോനിക്കര |
| പാലക്കൽ | വൈദ്യക്കാരൻ ജോസഫ് ഫ്രാൻസിസ് |
| | പുല്ലോക്കാരൻ ചാക്കുണ്ണി ജോസ് |
| | പുത്തൂർ ജോണി ജെയ്സൺ |
| | വടക്കേത്തല ഇനാശു ജോസ് |
| പാലയൂർ | ചക്രമാക്കിൽ ദേവസ്സി ലോറൻസ് |
| | പുലിക്കോട്ടിൽ വാറുണ്ണി ജോഷി |
| | വാകയിൽ ചാക്കുണ്ണി തോമസ് |
| | വെള്ളറ ഫ്രാൻസിസ് ഭാര്യ ബേബി |
| പാലാഴി | വില്ലൻ ഔസേപ്പ് ഫ്രാൻസിസ് |
| | കൂടലി അന്തോണി ഷാജി |
| പല്ലിശ്ശേരി | വട്ടക്കുഴി അന്തോണി ജോർജ്ജ് |
| | പടിഞ്ഞാറേത്തല വാറു ജോൺസൺ |

| | |
|---|---|
| | ചീനാത്ത് ഫ്രാൻസിസ് തെരേസ |
| പനംകുളം, പല്ലിശ്ശേരി | വട്ടക്കുഴി പൗലോസ് ജോസ് |
| | പടിഞ്ഞാറേത്തല വാറു ജോൺസൺ |
| പങ്ങാരപ്പിള്ളി | ജോസഫ് പ്ലാത്തറ |
| | ബാബു കാലാപറമ്പിൽ |
| പാപ്പാനഗർ, മുണ്ടൂർ | ലിവാനിഷ് കെ. ആർ. |
| | ജോസഫ് ഫ്രാൻസിസ് തട്ടിൽ |
| പരക്കാട് | ആന്റോസ് വട്ടമറ്റത്തിൽ |
| | തോമസ് വാരാപ്പിള്ളിൽ |
| പാറന്നൂർ | തരകൻ ലൂയിസ് ജോസഫ് |
| | പാണേങ്ങാടൻ ഔസേപ്പ് സേവ്യർ |
| പറപ്പൂർ | ചിറ്റിലപ്പിള്ളി കുന്നത്ത് ചേറു തോമസ് |
| | പൊറത്തൂർ കൊച്ചപ്പൻ ബേബി |
| | പുത്തൂർ ജോസ് വർഗ്ഗീസ് |
| പറവട്ടാനി | ബാബു പുത്തൻവീട്ടിൽ |
| | ആന്റണി ചിറമ്മൽ |
| | വിൻസെന്റ് നെല്ലിശ്ശേരി |
| പാറേമ്പാടം | ചെമ്മണ്ണൂർ ജോൺ തോമസ് |
| | മേഞ്ചേരി അന്തോണി ജോൺ |
| പതിയാരം | ആളൂർ തോമസ് വിൻസെന്റ് |
| | സ്രാകത്ത് സ്കറിയാച്ചൻ തങ്കച്ചൻ |
| പട്ടിക്കാട് | ചാരക്കുന്നത്ത് തോമസ് ജോസ് |
| | കാഞ്ഞിരമൂട്ടിൽ സേവ്യർ ജിജി |
| | ഒല്ലൂക്കാരൻ പൊറിഞ്ചു ജോസ് |
| പാവറട്ടി | എലുവത്തിങ്കൽ ലോനപ്പൻ ജോയ് |
| | കൊള്ളന്നൂർ ദേവസ്സികുട്ടി ജോബി |
| | പുലിക്കോട്ടിൽ ഇട്ടൂപ്പ് ഡേവിസ് |
| | ചെറുവത്തൂർ അന്തോണി സണ്ണി |
| പഴയങ്ങാടി | പൊറത്തൂർ അന്തോണി ജോമോൻ |
| | ചിരിയങ്കണ്ടത്ത് പറിഞ്ചുകുട്ടി സേവ്യർ |
| | കുറ്റിക്കാട്ട് അന്തോണി വർഗ്ഗീസ് |
| പഴയന്നൂർ | ബേബിച്ചൻ അതിരംകുളങ്ങര |
| | ഷിജു മാപ്രാണം |
| പഴുന്നാന, പുതുശ്ശേരി | വടക്കൻ ദേവസ്സി ജോജു |

| | |
|---|---|
| | ചിറ്റിലപ്പിള്ളി ചാക്കു ഫ്രാൻസിസ് |
| പഴുവിൽ | കുറ്റിക്കാടൻ ഡേവിസ് സുനിൽ |
| | കുരുതുകുളം പൗലോസ് ആന്റണി |
| | മേയ്ക്കാട്ടുകുളം പൈലി ജോൺസൺ |
| | തട്ടിൽ കുരിയപ്പൻ റാഫേൽ |
| പേരകം | ചൊവ്വല്ലൂർ ചാക്കുണ്ണി ജെയിംസ് |
| | ചെമ്മണ്ണൂർ കൊച്ചാപ്പു അല്ലേശ് |
| | ചീരൻ ഫ്രാൻസിസ് ജോസ് |
| പേരാമംഗലം | വടക്കൂട്ട് റപ്പായി ഫ്രാൻസിസ് |
| | പുത്തൂക്കര ദേവസ്സി ഫ്രാൻസിസ് |
| | ചാലക്കൽ അന്തോണി തോമസ് |
| പെരിഞ്ചേരി | തെക്കിനിയത്ത് അന്തോണി ജോസ് |
| | വള്ളൂപ്പാറ ദേവസ്സി ലാസർ |
| | മുരിയാടൻ അന്തോണി സാബു |
| | തട്ടിൽ ജോൺ ജോമോൻ |
| പെരിങ്ങാട്, പാവറട്ടി | വടക്കൻ അന്തോണി റോബിൻ |
| | വടുക്കൂട്ട് വറീത് റാഫേൽ |
| പെരിങ്ങോട്ടുകര | മാങ്ങൻ ദേവസ്സി ജോഷി |
| | കൈമഠം ഫ്രാൻസിസ് ഷൈജിൻ |
| പെരുവല്ലൂർ | പാലയൂർ വർഗ്ഗീസ് സെബാസ്റ്റ്യൻ |
| | ചൊവ്വല്ലൂർ കൊച്ചപ്പൻ വിൽസൺ |
| പൊങ്ങണംകാട് | ചിറയ്ക്കൽ ഔസേപ്പ് ഡേവിസ് |
| | മാറോക്കി ഫ്രാൻസിസ് അഗസ്റ്റിൻ |
| | ചിറ്റിലപ്പിള്ളി ഇയ്യപ്പൻ വില്ലി |
| | കൊളമ്പ്രത്ത് വർക്കി ജോൺസൺ |
| പൊന്നാനി | ചിറ്റിലപ്പിള്ളി ഷാജി |
| | ചുങ്കത്ത് കൊച്ചാപ്പു ഡേവിഡ് |
| പോന്നോർ | ചിറ്റിലപ്പിള്ളി റാഫി അന്തോണീസ് |
| | കണ്ണനായ്ക്കൽ തോമസ് വിൻസെന്റ് |
| | മുരിങ്ങാത്തേരി ലാസർ ജെയിംസ് |
| പൊന്നൂക്കര | വാഴപറമ്പൻ പൈലോത് ദേവസ്സി |
| | കരിയാറ്റിൽ പൗലോസ് വർഗ്ഗീസ് |
| | താഴേക്കാടൻ അന്തോണി ലോനപ്പൻ |

| | |
|---|---|
| പൂച്ചിന്നിപ്പാടം | ആലപ്പാട്ട് വർഗ്ഗീസ് പോൾ |
| | ആലപ്പാടൻ ജോർജ്ജ് നിക്സൺ |
| പൂമല | ജോയ് പുളിക്കയിൽ |
| | മാത്യു പൂവൻപുഴയ്ക്കൽ |
| | മാത്യു ഗണപതിപ്ലാക്കൽ |
| പൂത്തറക്കൽ | കാരക്കാട്ട് ജോസഫ് ജോണി |
| | കള്ളിക്കാടൻ അന്തോണി ജോണി |
| പൊറത്തൂർ | ആലപ്പാട്ട് മേച്ചേരിപ്പടി ദേവസ്സി ലോന |
| | ചിറമ്മൽ കാരാത്ത് ഫ്രാൻസിസ് പോൾ |
| പുതുക്കാട് | പുളിക്കൻ ജോർജ്ജ് പോൾസൺ |
| | കിഴക്കൻ അന്തോണി ചാർളി |
| | മലയാറ്റി പൊറിഞ്ചു ഡേവിസ് |
| | പയ്യപ്പിള്ളി ആന്റണി സിജു |
| വടക്കൻ പുതുക്കാട് | പുത്തൂർ ഫ്രാൻസിസ് ലിജോ |
| | തൈക്കാട്ടിൽ ജോസ് ജോയ് |
| | തൈക്കാട്ടിൽ ഉതിപ്പുരു സൈമൺ |
| പുതുശ്ശേരി | കാക്കശ്ശേരി ഔസേപ്പ് വിൻസെന്റ് |
| | അന്തിക്കാട്ട് ദേവസ്സി ജോസ് |
| | ഇയ്യാല ജോസ് ബൈജു |
| പുലക്കാട്ടുകര | കിഴക്കൂടൻ വാറുണ്ണി ജോണി |
| | പുല്ലേലി ലോന ഷിജോ |
| പുല്ലംകണ്ടം | ജോയ് പോതമാക്കിൽ |
| | പൗലോസ് നെടുംപാറയിൽ |
| പുല്ലഴി | കാച്ചപ്പിള്ളി അന്തോണി ജോയ് |
| | മാളിയേക്കൽ കാറ്റാടി പൊറിഞ്ചു ജോർളി |
| പൂങ്കുന്നം | ചിറമ്മൽ പെരിങ്ങോട്ടുകരക്കാരൻ അന്തോണി ജോസ് |
| | പള്ളിക്കുന്നത്ത് റാഫേൽ ജെയിംസ് |
| | ചിറയത്ത് ഇനാശു ഷബി |
| പുറനാട്ടുകര | ചക്രമാക്കിൽ ഫ്രാൻസിസ് തോമസ് |
| | ചിറ്റിലപ്പിള്ളി ജോസ് ഭാര്യ മേരി |
| | പാറയ്ക്കൽ കുറ്റിക്കാട്ടിൽ ജോൺ ജോസഫ് |
| പുത്തൻപീടിക | ചാക്കോ കാഞ്ഞിരപറമ്പിൽ |
| | സെബി കൂത്തൂർ വെള്ളാട്ടുകര |

| | |
|---|---|
| | അലക്സ് ഐനിക്കൽ ചക്കമ്പത്ത് |
| പുത്തൂർ | ചിറയത്ത് വാറപ്പൻ ആന്റു |
| | മാളിയേക്കൽ ജോസ് ലിനോ |
| | ആട്ടോക്കാരൻ റാഫേൽ ജോസ് |
| | ഓലിയ്ക്കൽ ജോയ് ഷീജറ്റ് |
| പുതുരുത്തി | അയ്യങ്കേരിൽ ചാണ്ടി ജോസ് |
| | പുത്തിരി തോമ പിയൂസ് |
| | ചിരിയങ്കണ്ടത്ത് ചാക്കു ദേവസ്സി |
| സരിതപുരം | മുണ്ടുമൂഴിക്കര ജോർജ്ജ് ജെയ്മോൻ |
| | കൊച്ചുപുരക്കൽ കുരിയൻ ജയൻ |
| സ്നേഹപുരം | കാച്ചപ്പിള്ളി റപ്പായി ദേവസ്സികുട്ടി |
| | പൊന്മാണിശ്ശേരിൽ അന്തോണി ബെന്നി |
| തൈക്കാട്ടുശ്ശേരി | പുതുശ്ശേരി ഔസേപ്പ് പൗലോസ് |
| | മൊയലൻ ഡേവിസ് ലാജോ |
| | മേലേടത്ത് ചാക്കപ്പൻ പ്രിൻസ് |
| തലക്കോട്ടുകര | കുറ്റിക്കാട്ട് ജേക്കബ് വിൻസെന്റ് |
| | കുറ്റിക്കാട്ട് കുരിയാത്തു ഫ്രാൻസിസ് |
| | കുറ്റിക്കാട്ട് തോമസ് ജോഷി |
| തളിക്കുളം, വാടാനപ്പിള്ളി | കുളങ്ങര ലാസർ അഗസ്റ്റിൻ |
| | മഞ്ഞളി ലൂയിസ് ജോസഫ് |
| തണ്ടിലം | കിഴൂർ മുട്ടിക്കൽ ലാസർ ജോസഫ് |
| | തരകൻ ഫ്രാൻസിസ് ഡേവിസ് |
| | ചിറ്റിലപ്പിള്ളി അന്തോണി ജോൺ |
| തങ്ങാലൂർ | അക്കര തോമകുട്ടി ജോണി |
| | കണ്ണനായ്ക്കൽ പൊറിഞ്ചു ശൗരി |
| തയ്യൂർ | ആന്റോ പാടത്ത് |
| | നെൽസൺ ചിറ്റാട്ടുകര |
| | ബൈജു അറയ്ക്കൽ |
| തിരൂർ | ആളൂർ ദേവസ്സി വർഗ്ഗീസ് |
| | കുളങ്ങര കുഞ്ഞിവാറു ആന്റു |
| തിരുത്തിപറമ്പ് | കൊള്ളന്നൂർ തോമ ഫ്രാൻസിസ് |
| | പൊറത്തൂർ കുരിയൻ തോമസ് |
| | ചിരിയങ്കണ്ടത്ത് ഔസേപ്പ് പ്രിൻസൺ |

| | |
|---|---|
| തിരുവില്ല്വാമല | ജോസഫ് തോമസ് കൊച്ചുകറുത്തേടത്ത് |
| | എഡ്വേർഡ് തോപ്പിൽ |
| തൊറവ്, പുതുക്കാട് | ആന്റണി താഴത്ത് |
| | ജോയ് കുറ്റിക്കാടൻ |
| തൊയക്കാവ് | എലുവത്തിങ്കൽ മുട്ടിക്കൽ വാറുണ്ണി ബാബു |
| | എടക്കളത്തൂർ വർക്കി ബെന്നി |
| തൃക്കൂർ | കുരിയൻ ലോനപ്പൻ ഫ്രാൻസിസ് |
| | കിഴക്കിനേടത്ത് ലോനപ്പൻ ദാനിയേൽ |
| | തട്ടിൽ ഔസേപ്പ് ബെന്നി |
| തൃപ്രയാർ (താന്ന്യം) | വാലിക്കുടത്ത് അന്തോണി ജോൺസൻ |
| | ചിറയത്ത് ദേവസ്സി സണ്ണി |
| തൃശ്ശൂർ ബസിലിക്ക | പോൾ ചാലിശ്ശേരി |
| | ജോർജ്ജ് പൊന്തേക്കൻ |
| | ജേക്കബ് പുലിക്കോട്ടിൽ |
| | രാജ്കുമാർ ചിറയത്ത് |
| തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ | വാഴപ്പിള്ളി ചാക്കപ്പൻ ജോസ് |
| | ചാക്കോള ദേവസ്സി ജോയ് |
| | ആലപ്പാട്ട് പാലത്തിങ്കൽ ഇട്ട്യേച്ചൻ സെബി |
| | ഐനിക്കൽ കുറ്റിച്ചാക്കു പോൾ വിനു |
| തൃശ്ശൂർ സെന്റ് ആൻസ് | എലുവത്തിങ്കൽ മുട്ടിക്കൽ ഡേവിസ് |
| | കിഴക്കൂടൻ റൈജോ ജോയ് |
| | അവണൂക്കാരൻ കുരിയാക്കോസ് |
| | കല്ലുപറമ്പിൽ ഫിലോമിന |
| ഊരകം, പറപ്പൂർ | കാഞ്ഞിരത്തിങ്കൽ ഔസേപ്പ് വർഗ്ഗീസ് |
| | പെരുമാടൻ തോമ വർഗീസ് |
| വാടാനപ്പിള്ളി | മാങ്ങൻ പൊറിഞ്ചു ജോസ് |
| | പെരുമാടൻ റപ്പായി ആന്റണി |
| വടൂക്കര | പൊരന്തരപ്പിള്ളി അന്തോണി പോൾ |
| | എടക്കളത്തൂർ പൗലോസ് ജോസ് |
| | കൂനമ്മാവ് ലോനപ്പൻ ജിജി |
| വാക | ചെറുവത്തൂർ ദേവസ്സി ആന്റോ |
| | ഇടക്കളത്തൂർ ഇനാശു വർഗ്ഗീസ് |
| വലക്കാവ് | രാജു കടുവിനാൽ |
| | ജോർജ്ജ് പാറത്തൊട്ടിയിൽ |

| | |
|---|---|
| | ജോൺസൻ നിരപ്പേൽ |
| വലപ്പാട് | അറയ്ക്കൽ നെല്ലിശ്ശേരി ചാക്കപ്പൻ ജോസ് |
| | എലുവത്തിങ്കൽ അന്തോണി ബെൻസൻ |
| | അറയ്ക്കൽ വെളക്കാനാടൻ ലോനപ്പൻ പോൾ |
| വല്ലച്ചിറ | പിടിയത്ത് ദേവസ്സി ജോസഫ് |
| | തൃശ്ശൂർക്കാരൻ ദേവസ്സി ബിജു |
| | പടുതുരുത്തി ലോനക്കുട്ടി സ്റ്റീഫൻ |
| വാണിയമ്പാറ | ജോൺസൺ ചാലക്കൽ |
| | സിബി പാലിയിൽ |
| വരടിയം | ചിറ്റാട്ടുകര വാവു ലോറൻസ് |
| | ചക്രമാക്കിൽ റപ്പായി ജോസ് |
| | കൊളമ്പ്രത്ത് ചാക്കു ദേവസ്സി |
| | ചിറ്റാട്ടുകര ലോന ജോൺസൺ |
| വരാക്കര | പറപ്പിള്ളി പൈലി ലോനപ്പൻ |
| | മാപ്രാണത്തുക്കാരൻ ഇടിച്ചിറ അന്തോണി |
| | പുത്തൂരാൻ ഔസേപ്പ് ജെയ്സൻ |
| വരാക്കര സൗത്ത് | കൊമ്പൻ ദേവസ്സി ജോസ് |
| | പടയാട്ടിൽ ചാക്കോര്യ വാറുണ്ണി ജോസഫ് |
| | കൈനാടത്തുപറമ്പിൽ ലോനപ്പൻ ജേക്കബ് |
| വരന്തരപ്പിള്ളി കിഴക്ക് | തോട്ട്യാൻ ലോനപ്പൻ ഇനാശു |
| | ആലപ്പാട്ട് ലൂയീസ് ഡേവിസ് |
| | വെള്ളപ്ലാക്കൽ ജോസഫ് ബിൻസൻ |
| | അക്കര അന്തോണി ജോസ് |
| വരന്തരപ്പിള്ളി പള്ളിക്കുന്ന് | മുള്ളക്കര ഔസേപ്പ് ബൈജു |
| | കരുവന്നൂക്കാരൻ വർഗ്ഗീസ് സിനീഷ് |
| | വെണ്ണാട്ടുപറമ്പിൽ അന്തോണി ഷാജു |
| | കോക്കാടൻ ജോണി മനോജ് |
| വരവൂർ | വിനോദ് വലിയപറമ്പിൽ |
| | ജോബി പൂങ്കുടിയിൽ |
| വീണ്ടശ്ശേരി | ഷാജു പുളിക്കത്താഴെ |
| | ജിജി വേലിയ്ക്കകത്ത് |
| വെള്ളക്കാരിത്തടം | ജോർജ്ജ് ചൂരപ്പാടി |
| | മത്തായി ഓടക്കൽ |
| വെള്ളാനിക്കോട് | പതിയിൽ മാണി മാണി |

| | |
|---|---|
| | അറയ്ക്കൽ ജോൺ റംസി |
| | മുക്കുടയിൽ മത്തായി ജോസ് |
| | പാലക്കൽ തോമൻ ദേവസ്സിക്കുട്ടി |
| വെള്ളറക്കാട് | പുലിക്കോട്ടിൽ പാവു തോമസ് |
| | നെയ്യൻ പാവുണ്ണി ജോണി |
| | എടക്കളത്തൂർ ലോനപ്പൻ ജോൺസൻ |
| വെള്ളാറ്റഞ്ഞൂർ | പൊറത്തൂർ ആന്റണി ഫ്രാൻസിസ് |
| | മുരിങ്ങാത്തേരി ചാക്കു മത്തായി |
| | പേരാമംഗലം ലാസർ ജോബ് |
| | കുറ്റിക്കാട്ട് ജോണി ഫ്രാൻസിസ് |
| വേലൂപ്പാടം | ചീനിക്ക ആന്റണി ജോയ് |
| | തെക്കുംപുറം വറീത് ആന്റു |
| | വീട്ടിയ്ക്ക പൗലോസ് വിൽസൺ |
| | കൊച്ചുപുരയ്ക്കൽ വർക്കി റോബിൻ |
| വേലൂർ | ചിരിയങ്കണ്ടത്ത് പൊറിഞ്ചുകുട്ടി ലോനപ്പൻ |
| | അറയ്ക്കൽ പൊറിഞ്ചുകുട്ടി ബൈജു |
| | എലുവത്തിങ്കൽ ഔസേപ്പ് ആന്റണി |
| | ഒലക്കേങ്കിൽ പത്രോസ് കുരിയാക്കോസ് |
| വെളുത്തൂർ | കൂത്തൂർ പൊറിഞ്ചു ജോയ് |
| | കുരുതുകുളങ്ങര അന്തോണി തോമസ് |
| വെണ്ടോർ | എലുവത്തിങ്കൽ കൂനൻ മാത്തു പോൾസൻ |
| | അവണൂക്കാരൻ ജോസഫ് ബാബു |
| | കൊടിയൻ ദേവസ്സി തോമസ് |
| വെങ്ങിണിശ്ശേരി | അക്കര പൗലോസ് തോമസ് |
| | അരിമ്പൂർ അടമ്പുകുളം അന്തോണി ജോസ് |
| വെട്ടുക്കാട് | തെക്കിനിയത്ത് ഡേവിസ് |
| | ചക്യാത്ത് മൂഢ പൗലോസ് |
| | പാണ്ട്യാമാക്കൽ ജോയ് |
| | കണ്ണമ്പിള്ളി ജോയ് |
| വിജയപുരം | ചാണ്ടി മൈക്കിൾ ജോസഫ് |
| | കാട്ടൂക്കാരൻ ജോസഫ് ഫ്രാൻസിസ് |
| | ആലപ്പാട്ട് തോമസ് ആന്റോ |
| | അക്കരപ്പറ്റി ലാസർ ലിന്റോ |
| വില്ലടം | വർഗ്ഗീസ് കണ്ണാത്ത് |

| | |
|---|---|
| | ഷാജു തൈക്കാട്ടിൽ |
| | ചാക്കോ പുളിപറമ്പിൽ |
| | വിൽസൺ കൊള്ളന്നൂർ |
| വിയ്യൂർ | കൊള്ളന്നൂർ കൊട്ടേക്കാടൻ തോമകുട്ടി വിൽസൺ |
| | നീലങ്കാവിൽ ഔസേപ്പ് ലാസർ |
| | അരിമ്പൂർ ജോസഫ് പീറ്റർ |
| | പള്ളിപ്പുറം ദേവസ്സി ഫ്രാൻസിസ് |
| വൈലത്തൂർ | തലക്കോട്ടൂർ കുരിയാക്കു ജോൺസൺ |
| | കിഴൂർ പറിഞ്ചുകുട്ടി ആന്റണി |
| | കൊള്ളന്നൂർ തോമസ് ബാബു |
| വടക്കാഞ്ചേരി | ചിറ്റിലപ്പിള്ളി അല്ലേശ് ജോയ് |
| | തൈക്കാടൻ ലോന ജോസ് |
| | ചിറ്റിലപ്പിള്ളി ജോൺ ടോബി |
| | വടയാറ്റുകുഴി അബ്രാഹം ജോമോൻ |

**പ്രതിനിധിയോഗം**

1. മാന്ദാമംഗലം ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2225/2015)

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

# ബിഷപ്സ് സിനഡ്, ഒക്ടോബർ 4– 25
## വത്തിക്കാൻ, റോം

സീറോ മലബാർ ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത് ഒക്ടോബർ 5ന് ഉച്ചക്ക്ശേഷം സിനഡിൽ 400ൽ പരം പ്രതിനിധികളുടെയും മാർ ഫ്രാൻസീസ് പാപ്പയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഇടപെടൽ

## പ്രവാസികളുടെ അജപാലന വെല്ലുവിളികൾ
(റഫറൻസ് : മാർഗ്ഗരേഖയുടെ ഭാഗം 1, അദ്ധ്യായം 3, നം 24–37)

സിനഡിലെ ബഹുമാന്യരായ അംഗങ്ങളെ,

ഒരു വ്യക്തി സഭയായ സീറോ മലബാർ സഭയെ പ്രതിനിധീകരിക്കുന്ന ഞാൻ, സീറോമലബാർ കുടുംബങ്ങൾ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും കൈമാറ്റത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നവരാണ് എന്ന് പറയുവാൻ ഏറെ സന്തുഷ്ടനാണ്. അവരുടെ പ്രത്യേകമായ സഭാത്മക വ്യക്തിത്വം രൂപപ്പെടുന്നത് (1) അനുദിന കുടുംബ പ്രാർത്ഥന/കുടുംബ ലിറ്റർജി, (2) ചിട്ടയായ മതബോധന പരിശീലനം, നഴ്സറി മുതൽ ഹയർ സെക്കണ്ടറി/ബിരുദ തലം വരെ(12–15 വർഷം വരെയുള്ള ചിട്ടയായ മതബോധനം) ഇടവകകളിലും കത്തോലിക്കാ സ്കൂളുകളിലും (3) ഇടവകകളും രൂപതകളും ഏറ്റെടുക്കുന്ന പ്രത്യേക അജപാലന ശുശ്രൂഷകൾ (4) കുടുംബങ്ങളും ഇടവകകളും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രാർത്ഥനയിലും പരിചിന്തനത്തിലും പ്രവൃത്തിയിലും ഐക്യപ്പെട്ടു കുടുംബങ്ങളുടെ സമൂഹങ്ങൾ (കുടുംബ കൂട്ടായ്മ അഥവാ പ്രാഥമിക ക്രിസ്തീയ സമൂഹങ്ങൾ: ഇത്തരം രണ്ടു ലക്ഷത്തിലധികം യൂണിറ്റുകൾ സീറോമലബാർ സഭയിലുണ്ട്) ഭക്ത സംഘടനകൾ എന്നിവയിലൂടെ (5) അജപാലകരുടെ ഭവനസന്ദർശനങ്ങൾ (6) സന്യസ്തരുടെ ഹോം മിഷൻ, (7) ധ്യാനങ്ങൾ, വിവാഹ ഒരുക്ക കോഴ്സുകൾ, ദമ്പതി സെമിനാറുകൾ മുതലായവയിലൂടെ.

**പ്രവാസികളുടെ അജപാലന ശുശ്രൂഷ:**

ഞങ്ങളുടെ സഭയുടെ വർദ്ധിച്ചുവരുന്ന ഉത്കണ്ഠയാണ് പ്രവാസികളുടെ അജപാലന ശുശ്രൂഷയുടെ അഭാവം, ഇത് അവരുടെ പ്രത്യേക സഭാത്മക വ്യക്തിത്വം നഷ്ടപ്പെടാൻ ഇടയാക്കുകയും സഭാവിശ്വാസികളുടെ 12%ൽ അധികം പേർ പ്രവാസികളാണ്. മധ്യപൂർവ്വദേശങ്ങളിലെ അറബ് രാജ്യങ്ങളിൽ ചിതറി വസിക്കുന്ന ഇവരിൽ ഭൂരിഭാഗത്തിനും (ഏകദേശം 4,00,000 പേർ) മറ്റു ചില പ്രദേശങ്ങളിലും അവരുടെ മാതൃസഭയുടെ ഉചിതമായ അജപാലന ശുശ്രൂഷ ലഭിക്കുന്നില്ല. പ്രവാസികളിൽ ഭൂരിഭാഗവും യുവദമ്പതികൾ ആയതിനാൽ താഴെ പ്രസ്താവിക്കുന്നത് പോലെ പ്രശ്നം നീറുന്നതും അസ്ഥിത്വപരമായതും ആണ്.

1. ഉചിതമായ അജപാലന ശുശ്രൂഷ ഈ പ്രവാസികൾ ഇടയനില്ലാത്ത ആടുകളെപ്പോലെയാണ്.
2. ഇത് അവരുടെ സ്വത്വം നഷ്ടപ്പെടാനും കുടുംബബന്ധങ്ങളുടെ തകർച്ചക്കും ഇടയാക്കും.
3. പലരും കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കുവാനും ചിലർ പെന്തെക്കൊസ്റ്റൽ പ്രസ്ഥാനങ്ങളെ ആശ്ലേഷിക്കുവാനും കാരണമാകുന്നു.
4. പ്രവാസികളിലെ യുവ തലമുറക്ക് പലപ്പോഴും ഉചിതമായ അജപാലന ശുശ്രൂഷ നൽകപ്പെടുന്നില്ല.
5. ഇത് ദൈവവിളികൾ കുറയുവാനിടയാക്കുന്നു.

മാത്രമല്ല, ഇത് അപ്പസ്തോലിക സിംഹാസനത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള സുവിശേഷവൽക്കരണ സാധ്യതകളെ നഷ്ടപ്പെടുത്തുന്നു. (Dec. 2007, No. 105: Migration an opportunity for Ecumene) (RM, 67)

**നിർദ്ദേശങ്ങൾ**

1. രണ്ടാം വത്തിക്കാൻ കൗൺസിലും കാനൻ നിയമവും നിർദ്ദേശിക്കുന്ന തരത്തിലുള്ള ഉചിതമായ സഭാഭരണ സംവിധാനങ്ങൾ, അവർ നല്ല സംഖ്യയിൽ കുടിയേറിയ സ്ഥലങ്ങളിൽ ഏർപ്പെടുത്തുക, അത് വഴി വിശ്വാസികൾക്ക് അവരുടെ മാതൃറീത്തിലെ സഭയുടെ ഉചിതരായ ഇടയന്മാരുടെ സാന്നിദ്ധ്യം അനുഭവിക്കാൻ കഴിയും. സീറോ മലബാർ സഭ വൈദിക ദൈവവിളികളാൽ സമ്പന്നയാണ്. ഈ സഭക്ക് അവ

ളുടെ പ്രവാസികൾക്ക് വൈദികരെ നൽകാൻ കഴിയും.

2. ഉചിതരായ ഇടയന്മാർ പ്രവാസി കുടുംബങ്ങളെ അടുത്ത് അനുഗമിക്കാൻ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, പ്രത്യേകിച്ച് യുവജനങ്ങളെ, അവരുടെയിടയിൽ കുടുംബ മൂല്യങ്ങൾ നിലനിർത്തുന്നിനും പകർന്നുകൊടുക്കുന്നതിനും, പ്രവാസി കുടുംബങ്ങളിൽ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും മുറിവേറ്റ കുടുംബങ്ങളെ അനുഗമിക്കുന്നതിനും, പാവങ്ങളോട് കരുണ കാണിക്കുന്നതിനും തകർന്ന കുടുംബങ്ങളിലെ കുട്ടികൾ, ഏക രക്ഷിതാവ് കുടുംബങ്ങളിലെ കുട്ടികൾ എന്നിവർക്കായും.

3. സഭ അമ്മയും ഗുരുനാഥയും (Mater et magistran) എന്ന നിലയിൽ വിഭാവനം ചെയ്ത്തു പോലെ കുടുംബങ്ങളെത്തന്നെ കുടുംബങ്ങൾക്കായുള്ള ശുശ്രൂഷയുടെ വക്താക്കളും സുവിശേഷവൽക്കരണത്തിനും വേണ്ടി നിയോഗിക്കുക. ഇതിനായി സമർപ്പിത കുടുംബങ്ങളുടെ സംഘടനകൾ, എന്റെ തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന ലോഫ് (LOAF - Legion of Apostolic families) പോലെയുള്ളത്, ആരംഭിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഈ സമർപ്പിത കുടുംബങ്ങൾ (1) ദാമ്പത്യ വിശുദ്ധി (2) അനുസരണം (3) ലളിത ജീവിതം അഥവാ ദാരിദ്ര്യം എന്നീ സ്വകാര്യ വ്രതങ്ങൾ എടുത്ത് കുടുംബങ്ങൾക്ക് മിഷനറിമാരാകാനുള്ള ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു.

**ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

*2015 ഒക്ടോബർ 4 മുതൽ 25 വരെ വത്തിക്കാനിൽ നടന്ന കുടുംബത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിൽ ഒക്ടോബർ 5-ാം തിയതി മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സിനഡിൽ നടത്തിയ ഇടപെടലിന്റെ മലയാള പരിഭാഷ.*

# Synod of Bishops
## Intervention By Apb. Andrews Thazhath on 9th October 2015 during Open Furum at 6 pm

Most Holy Father, Dear Members of the Synod,

I am coming from India where the majority of the people are Hindus. When I make a comparative study of the faith-life and family formation among the religions like Hindus, Muslims, Christians, Buddists, Jains etc., the Christians, especially Catholics, have a very systematic program of formation for marriage and family life centered on parish churches and diocese, while for the vast majority of Hindus, there is nothing of that sort at their religious centers. Still, the majority of Hindus very positively continue with their religious practices and family values. The main reason for such a continuation is that their religious life is mainly centered on family. In other words, their family customs and traditions –in Christian terminology, Family Liturgy – in connection with birth, naming of child, schooling, construction of church, birthdays, marriage, death and such events of life as well as for daily activities, sustain and foster their religious life without interruption. ‘Family Liturgy’ played a great role in the life and formation of our Syro Malabar Church also. Therefore, I feel that, in order to promote true Christian family life and values, we have to give more importance to ‘Family Liturgy’ of the ‘Domestic Church’. May I propose that as an outcome of the present Synod, dioceses publish texts / books of family liturgy and popularize them. Thank you.

*Intervention of Archbishop* ***Andrews Thazhath*** *in the Synod of Bishops on* ***23 October 2015*** *On the Evaluation of the Text of the Synodal Document*

## Proposal for the Modification of the Draft on the Final Documentof Synod of Bishops on "The Vocation and Mission of the Family in the Church and in the Contemporary World"

Most Holy Father and the Members of the Synod,

The challenges to the families in the contemporary world have been beautifully narrated in the first part of the draft document, especially in numbers 8-29. The problems connected with marriage and families in general (nos. 8-9; 25) and those of the poor, the elderly, widows, disabled, migrants, children, women, men, youth and the like are dealt with praiseworthily in numbers 15 to 29. The third part, while dealing with the accompaniment of the Church, speaks also about the special situations like co-habitation, people with homosexual tendencies, divorced and remarried, etc.

After going through the third part of the draft, it seems that enough emphasis is not given to the **ongoing accompaniment of the families** who, in spite of great difficulties in the contemporary world, try to lead a life according to the teachings of the Church. Pastoral care of the poor and needy, street children, disabled people, women, youth, elderly etc., require more attention in the final document. **Pastoral care of migrant families,** in other words, **accompaniment of the mother Church, especially Oriental Church** *(for example, as I mentioned earlier, the case of Syro Malabar Church in Gulf Countries*)is not given proper attention. The numbers 76 and 89 of the draft where mention is made about the 'accompaniment of the Church for families in general'have to

be enlarged developing the **roles of parishes** and pastors, members of the institutes of consecrated life, basic Christian Communities, Associations and movements, like ‘Consecrated Families’, in **the pastoral accompaniment of the families**.

I am submitting to the Secretariat the details of these proposals, especially those made in the light of the suggestion of the Circolo Minori, of the English Group C, in this regard.

**Archbishop Andrews Thazhath**

**Submission to the Secretariat**

**Addition / Modification to the *Instrumentum Laboris***
**Part III, Ch. III.**

***General Comment:*** *Chapter II of Part III of Instrumentum Laboris is on “**Family** and Formation” where there are paragraphs on ‘Accompanying Engaged Couples and Couples in their initial years of marriage’. Chapter III deals with “The Family and Accompaniment by the Church”. But this chapter deals mainly with the accompaniment by the Church for the families with difficulties — like broken and wounded families. Very little is mentioned about the accompaniment of the Church for families which strive lead a life according to the teachings of the Church, which has to be our focus. So we have to insert a Chapter or at least divide Chapter III into two parts giving emphasis in the first part to the ongoing accompaniment by the Church for families in general and the second part to the families which are in difficult situation.*

I am noting down here below some points for your reflection.

1. **Ongoing Accompaniment of Families by the Church (Pastoral Care of Families):** The Church considers as its foremost duty the formation and caring of Catholic Families, which are constituted as "specific revelation and realization of ecclesial communion" called as "domestic Church". They are to be formed as a community of faith, hope and charity (CCC n. 2204). The Church is always thankful to the Lord, her faithful spouse, that in spite of the many and varied challenges of the modern world a good number of the Catholic families give true testimony to the teachings of Christ and Church (Cf. CCC. 2197-2233). It is the duty of the Church to encourage and support such families with all possible pastoral care.

2. **Pastoral Care of Families through parishes:** The pastoral care of families is to be mainly coordinated and sustained by diocesan and parish communities. The pastors of souls shall see that necessary structures with proper personnel are constituted for this purpose. The Family Apostolate Centers or similar bodies functioning in a good number of dioceses are doing remarkable services in this area. Formation centers like Theology Institutes for laity and family, Counseling Centers, can also function as structures for pastoral care and formation of families.
3. Parish is communion of 'domestic churches' or families. It is in the parish, the families and all its members become disciples of Christ (Jn. 13: 34-35) through faith formation nurtured by Scripture, nourished by sacraments and united into a community of faithful.
4. Visiting families and praying with them on their different occasions by pastors of souls make them experience the accompaniment and support of the Church. Similarly, the

missionary activities of the members of some Institutes of Consecrated Life like 'Home Mission' are praiseworthy. The couples and other members are to experience the true 'life and love' in the family after having participated in the Eucharistic meal in the parish church.

5. **Basic Christian Communities:** In the changing modern world where individualism is on the increase, the Church looks with hope and appreciation the existence of the different forms of bridging families through clusters of families called differently as 'Basic Christian Communities', 'Small Christian Communities' and 'Family Unions'. Such unions of families gathered periodically in one of the cluster families for prayer, reflection and action are to be fostered. Leaders of such family units under the guidance of pastors are to be trained to give pastoral care to families according to the varying needs of the group.

6. **New Movements and Associations of Families** (IL n. 111): Families themselves are best missionaries for other families. New movements in different parts of the Church like 'Neo Catechumenate', 'Couples for Christ', consecrated families like 'Legion of Apostolic Families' offer big support for the pastoral care of families. Associations for mothers, parents, singles, etc., can also be formed and coordinated for such purposes.

7. **Fostering Family Liturgy and Family Prayer:** Family is the first school of human formation. Family that prays together lives together. Family prayers, traditions and customs with cultural backgrounds in connection with the day-today life of families have helped a lot to sustain and develop religious life in families. Pastors of souls under the

guidance of Bishops' Conferences shall see that necessary devises like texts for 'family liturgy' suited to the culture of the place are formed and fostered.

8. **Pastoral Care for Children: Since parents have given children their life, they are bound by the most serious obligation to educate their offspring and therefore must be recognized as the primary and principal educators. The witness of Christian life given by parents in the family comes to children with tenderness and parental respect. Children thus perceive and joyously live the closeness of God and of Jesus made manifest by their parents in such a way that this first Christian experience frequently leaves decisive traces which last throughout life. This childhood religious awakening which takes place in the family is irreplaceable.** It is consolidated when, on the occasion of certain family events and festivities, "care is taken to explain in the home the Christian or religious content of these events." It is deepened all the more when parents comment on the more methodical catechesis which their children later receive in the Christian community and help them to appropriate it. **Indeed, 'family catechesis precedes ... accompanies and enriches all forms of catechesis.'(Cfr.** *Catechesi Tradendae* n. 68; *Gravissimum Educationis* , no. 3; *Gaudium et spes,* n. 52*; Familiaris Consortio,* nos. 36,38,39, 53,60*; Lumen Gentium* n.11*; Directory for Catechesis* nos. 179,226,227,255*; Evangelii Nuntiandi* n. 71*; CCC* nos. 1653,1656, 2221, 2223). Associations for children at parish and family unit levels will also enhance the possibilities for pastoral care for children. (***Perhaps, we can add a sentence here regarding the care of street children and differently abled children).***

9. **Pastoral Care for Youth:** In diverse avenues the contemporary world attributes great significance to youth, their life and their contributions to the church and society. The youth are often attracted to all sorts of novelty, music, art, media especially social media, mobile, sports and so on. Helping youth to wade through the mixed fare of modern attractions, affiliations and pitfalls is a herculean task for the Church. But it is the duty of the Church to escort them on avenues of development and at the same time, imparting formation for leadership[1]. Pope John Paul II crystallizes the sentiments of the Mother Church: "In our pastoral care we ask ourselves: How are we to reveal Jesus Christ, God made man, to this multitude of children and young people, reveal him not just in the fascination of a first fleeting encounter but through an acquaintance, growing deeper and clearer daily, with him, his message, the plan of God that he has revealed, the call he addresses to each person, and the Kingdom that he wishes to establish in this world with the "little flock" of those who believe in him, a Kingdom that will be complete only in eternity? How are we to enable them to know the meaning, the import, the fundamental requirements, the law of love, the promises and the hopes of this Kingdom?" (*Catechesi Tradendae*, 35).

Youth associations and movements are to be fostered in the parishes and family units as well as youth formators are to be formed as to give accompaniment by the church for them.

10. **Pastoral care for the elderly**: Pastoral care for the elderly has become an utmost need in the society and the Church as the number of the aged and sick are on the increase. Pastors of souls have to take special measures for the care

of the aged people, especially in the families. Children art to be taught about the art of loving and caring their parents. The best form of love towards parents is to make them feel that they are wanted. It is good to organize structures in parish/diocesan levels, like 'pain and palliative care units', for the care of the elderly.

11. **Pastoral Care for the migrants** : The modern world is on the move. A good number of families have moved to different parts of the world. In several cases, the parents move to other places in search of job while the family is back at home. In such situation, it is the duty of the Church to give adequate pastoral care. Following the norms of Vatican Council II teachings (OE nos. 5,9), the Instruction *Erga Migrantes Caristas Christi* (2004) of the Pontifical Council for Migrants and Itinerant people and Canon Law, juridical structures are to be established for the pastoral care of migrants so that the faithful can feel the accompaniment by proper pastors of their mother Church in the ritual and cultural levels. Such outreach programs by the mother Church will help the migrants, especially the young, to keep up and transmit the traditional family values, to foster vocations from among the migrant families, to accompany the wounded families and to show Mercy to the poor, children of broken and single parent families, etc.

12. **Pastoral Care for the poor and the needy**: Following the teaching of Christ (Mt. 25:40), the Church considers the care for the poor, needy and vulnerable families as is of utmost importance …. (*In the background of the Holy Year of Mercy, the paragraph on 'pastoral care of the poor and needy can be elaborated here or in some other section of the Part III of Instrumentum Laboris.* ***We may also add***

***a paragraph regarding the care of the differently abled and vulnerable people).***

13. **Supporting Families to be Evangelizing Families**: Families themselves are the best 'Agents of Ministry for family and for evangelization' as envisioned by the Church which is *mater et magistra*. Under the guidance of Bishops' Conferences, program of action as well as formation of devises are to be articulated for this mission to families.

**Archbishop Andrews Thazhath**
(Trichur, Syro Malabar, India)

**(Footnotes)**

[1]*And here is a sampling of the work of a secular agency in youth care*: 1) Befriending - Just being a friend to troubled youths, 2) Counselling – Developing self-awareness, providing support, 3) Life Skills Group Work - Imparting life skills such as effective communication, conflict resolution and decision making, 4) Service Learning -Learn as one serves the community, 5) Project Serve - Short attachment with YGOS, 6) Mentoring - Coaching, 'walking' with a youth over an extended period of time, 7) Family Mediation - Playing peacemaker, 8) Parenting Talks - Sharing understanding of youths with parents of teenagers, 9) Volunteer Training Equipping volunteers with necessary knowledge and skills in helping youths-at-risk and their families, 10) Outdoor Adventure - Such as kayaking, rock climbing, mountain biking, hiking etc., 11) Sports/Recreational Activities - Such as soccer, basketball, floor ball, BBQS, fishing etc., 12) Camps - Local and Overseas, 13) Overseas Community Service - Seeking to understand foreign cultures and serving underprivileged communities, etc. Cf. ***Our Mission. Youth Guidance***. <http://youthguidance.org.sg/front.htm>

## ആദരാഞ്ജലികൾ

# റവ. ഫാ. ജോസ് ആലപ്പാട്ട്

**(21.08.1937 – 29.10.2015)**



*തൃശൂർ അതിരൂപതയിലെ വൈദികനായ റവ. ഫാ. ജോസ് ആലപ്പാട്ട് (78) 2015 ഒക്ടോബർ 29ന് വ്യാഴാഴ്ച രാവിലെ ഒരു മണിക്ക് അന്തരിച്ചു.*

*അവിഭക്ത തൃശൂർ രൂപതയിലെ പറപ്പൂക്കര ഇടവക ആലപ്പാട്ട് ഔസേപ്പ്- റോസ ദമ്പതികളുടെ മകനായി 1937 ആഗസ്റ്റ് 21ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1964 ഡിസംബർ 1 ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.*

*ചൊവ്വന്നൂർ, കോട്ടപ്പടി, പള്ളിക്കുന്ന് എന്നീ പള്ളികളിൽ അസ്തേന്തിയായും അത്താണി, വെളപ്പായ, മുപ്ലിയം, ലൂർദുപുരം, നന്തിപുലം, വിജയപുരം, കിഴക്കെ കല്ലൂർ, വെള്ളാനിക്കോട്, മണലൂർ കിഴക്ക്, പുത്തൂർ, പൊന്നൂക്കര, എരവിമംഗലം, തൃക്കൂർ, മരത്താക്കര, കൂനംമൂച്ചി, വെള്ളാറ്റഞ്ഞൂർ, തയ്യൂർ, അഞ്ഞൂർ, കൊട്ടേക്കാട്, പുത്തൻപീടിക എന്നീ ഇടവകകളിൽ വികാരിയായും കണ്ടാണശ്ശേരി പള്ളിയുടെ നടത്തുവികാരിയായും സേവനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ എരുമപ്പെട്ടി, ഇയ്യാൽ, വെള്ളറക്കാട്, പതിയാരം, പാത്രാമംഗലം, വരന്തരപ്പിള്ളി,*

വേലൂപ്പാടം, എച്ചിപ്പാറ, വെള്ളാരംപാടം, വിയ്യൂർ, മണലൂർ പടിഞ്ഞാറ്, കോനിക്കര, പുതുശ്ശേരി, പാറന്നൂർ, മുറ്റിച്ചൂർ എന്നീ പള്ളികളും ബഹു. ജോസച്ചന്റെ സേവനവേദികളായിട്ടുണ്ട്. പാത്രമംഗലം, വേലൂപ്പാടം, വെള്ളാരംപാടം, വിയ്യൂർ എന്നീ പള്ളികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. 2008 മുതൽ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ ഒക്ടോബർ 30 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിലുള്ള ദിവ്യബലിക്കുശേഷം മൃതദേഹം ഉച്ചകഴിഞ്ഞ് 3.30ന് പറപ്പൂക്കര സഹോദരന്റെ വസതിയിലേക്ക് കൊണ്ടുപോയി. 31ന് ശനിയാഴ്ച രാവിലെ 9:30ന് വീട്ടിലെ മൃതസംസ്കാരശുശ്രൂഷകൾക്ക് മാർ പോളി കണ്ണൂക്കാടൻ പിതാവും മാർ ജെയിംസ് പഴയാറ്റിൽ പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മൃതദേഹം വിലാപയാത്രയായി പറപ്പൂക്കര സെന്റ് ജോസഫ്സ് പള്ളിയിലേക്ക് കൊണ്ടുവരികയും അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗവും തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും മാർ ജേക്കബ് തൂങ്കുഴി, മാർ റാഫേൽ തട്ടിൽ എന്നീ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും ദിവ്യബലിയും മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗവും നടത്തപ്പെട്ടു. സെമിത്തേരിയിലെ മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

'ജനങ്ങളെ ഭരിക്കാതെ ശുശ്രൂഷ ചെയ്യുന്ന നല്ല ഇടയനാവുക' എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരിതോട്ടത്തിൽ അത്യധ്വാനം ചെയ്ത ആലപ്പാട്ട് ബഹു. ജോസ് അച്ചന് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ അന്ത്യാഞ്ജലികൾ!!!!!!




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Tue | Morning | Tribunal Meeting |
| | | Evening | Buon Natale: Pauravali Meeting |
| 02 | Wed | Morning | Trip: Irinjalakuda |
| | | Evening | Finance Council |
| 03 | Thu | Moring | **For the Priests & Religious** |
| | | Afternoon | Engaged |
| 04 | Fri | Morning | JCMR: Advisory Board, Formal Inauguration |
| 05 | Sat | Morning | Christian Chair: New Building Inauguration at Kozhikode |
| | | Evening | Jubilee Celebration at Divine Retreat Center |
| 06 | Sun | | **YOBEL** |
| 07 | Mon | Morning | Curia Meeting |
| | | Evening | CSM Mannampetta – General Chapter |
| 08 | Tue | Morning | Minor seminary blessing at Kozhinjampara |
| | | Evening | Engaged |
| 9 - 11 | Wed | | **KCBC** |
| 12 | Sat | Morning | Marriage: Silver Jubilee Celebration |
| | | Evening | Mercy Home |
| 13 | Sun | Morning | Holy Mass& Holy Door Inauguration at Basilica |
| | | | Marriage: Golden Jubilee Celebration |
| | | Evening | Holy Mass& Holy Door Inauguration at Palayur |
| 14 | Mon | Morning | Religious Year Gathering |
| | | Afternoon | Priest senate |
| 15 | Tue | Afternoon | Buon Natale: Meeting With Trustees |
| 16 | Wed | Morning | Patron's Day: St. Thomas College |
| | | Evening | JMMC Trust Meeting |
| 17 | Thu | Morning | Meeting with vicars who have assists |
| | | After noon | Consultor's Meeting |

| | | | |
|---|---|---|---|
| | | Evening | Jubilee Mission Hospital: Foundation Day |
| 18 | Fri | Morning | **For the People** |
| | | Afternoon | Auditorium Blessing at St. Joseph H.S Kuriachira |
| | | Evening | Holy Mass: Snehothsavam at Puthenpeedika |
| 19 | Sat | Morning | Holy Mass at Lourdes Bp. John Menachery's Death Anniversary |
| | | | Meeting at Town Hall: Association for Handicapped |
| | | Evening | Holy Mass at Choondal |
| | | | Christmas Eve at Basilica |
| 20 | Sun | Morning | Holy Mass at Kanjani: Inauguration of Mercy Year |
| | | Afternoon | Meeting at St. Mary's College: Legion of Mary |
| | | Evening | Peace Home |
| | | | Ecumenical Meeting: Martha Mariam Church |
| 21 | Mon | Morning | Jubilee Mission Research Center: Advisory Board |
| | | Evening | JMMC: Convocation: MBBS |
| | | | Holy Mass : St. Francis Xavier, Chevoor |
| 22 | Tue | Evening | Holy Mass & Altar Blessing at Pullazhy |
| 23 | Wed | | Out of Station |
| 24 | Thu | Morning | Engaged |
| | | Evening | Christmas Eve At Bishop's House |
| | | | Christmas Mass At Lourdes |
| 25 | Fri | | **Happy Christmas** |
| 26 | Sat | Morning | Ordination at Pavaratty: Rev. Dn. JoysonCheruvathur& Rev. Dn. Jerin Arimboor. |
| | | Afternoon | Ordination at Thiroor: Rev. JijoThattil CMI |
| 27 | Sun | Morning | Engaged |
| | | Evening | BuonNatale |
| 28 | Mon | Morning | Ordination at Kandassamkadavu: Rev. Dn. Jikson Malokkaran& Rev. Dn. Paul Maliamavu |
| | | Afternoon | Ordination at Ponnore: Rev. Dn. Sijo Muringathery |
| 29 | Tue | Morning | Ordination at Varakkara South: Rev. Dn. Geo Cheradai |
| | | Afternoon | Ordination at Nedupuzha: Rev. Dn. Geo Chiriyankandath |
| 30 | Wed | Morning | Ordination at Varantharapilly: Rev. Dn. Praveen Puthanchira CMI |
| | | After noon | Ordination at Doloures Basilica: Rev. Dn. SanalMaliakkal |
| 31 | Thu | Morning | Ordination at Karamuck: Rev. Dn. Anson Neelankavil & Rev. Dn. Simon Chiramel |
| | | Evening | Parish Hall Blessing at Ponganamkad |




| Date | Day | Time | Programme |
|---|---|---|---|
| 1 - 4 | | | Out of Station: Nagpur |
| 05 | Sat | Morning | St. Thomas College |
| | | | Christian Chair: New Building Inauguration at Kozhikode |
| 06 | Sun | Morning | Holy Mass: Enamakkal |
| | | | **YOBEL** |
| | | Evening | Holy Mass: Cherumkuzhy |
| 07 | Mon | Morning | Holy Mass: CSM Mannampetta – General Chapter |
| | | | Curia Meeting |
| 08 | Tue | Morning | Minor seminary blessing at kozhinjampara |
| 10 - 15 | | | Deacon’s Retreat: Kottayam |
| 16 | Wed | Morning | Patron’s Day: St. Thomas College |
| | | Evening | Snehothsavam |
| 17 | Thu | Morning | Meeting with vicars who have assists |
| | | After noon | Consultor’s Meeting |
| 18 | Fri | Evening | Holy Mass Thiruthoor |
| 19 | Sat | Afternoon | Christmas Gathering: SD Convent; Palackal |
| 20 | Sun | Morning | Holy Mass & Consecration of the Altar: Vellakkarithadam |
| | | Evening | Bible Convention: Ammadam |
| 22 | Tue | Evening | Holy Mass: Chelakkara |
| 24 | Thu | Evening | Christmas Eve At Bishop’s House |
| 25 | Fri | | **Happy Christmas** |
| 26 | Sat | Morning | Ordination: Pallikkunnu – Rev. Dn. Sinto Ponthekken |
| | | After noon | Ordination: Viyyur – Rev.Dn. Ajeesh Perinchery |
| | | Evening | Silver Jubilee Celebration- Rev. Fr. George Cheruvathoor; Orumanayoor |
| 27 | Sun | Evening | Buon Natale |
| 28 | Mon | Morning | Ordination: Thalakkottukara – Rev. Dn. Sonjai Thaikkattil |
| 29 | Tue | Morning | Ordination: Ollur – Rev. Dn. Antony Menachery |
| 30 | Wed | Morning | Ordination: Puthussery – Rev. Dn. Jinto Kuttikkatt |
| | | After noon | Ordination: Vellur – Rev. Dn. Xavier CMI |

# നാളാഗമം

**ഒക്ടോബർ 2015**

01. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മരിയാപുരം എം. എം. ബി. സന്യാസസമൂഹത്തിന്റെ മിഷൻ ഹോം എൽ. പി. സ്കൂളിന്റെ കല്ലിടൽ കർമ്മത്തിന് നേതൃത്വം നൽകി.

02. അഭിവന്ദ്യപിതാക്കന്മാർ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വല്ലാർപാടത്തു വച്ച് കെ. സി. എസ്. എൽ. ന്റെ നേതൃത്വത്തിൽ നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അരിമ്പൂർ ഇടവകയിൽ കൊടിമരം ആശീർവാദ കർമ്മത്തിനു നേതൃത്വം നൽകി. ഉച്ചതിരിഞ്ഞ് തിരുവില്ല്വാമല ഇടവകയിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപനസന്ദേശം നൽകി.

03. അഭിവന്ദ്യ താഴത്ത് പിതാവ് വത്തിക്കാനിൽ നടന്ന ആഗോളസിനഡിൽ പങ്കെടുക്കുന്നതിനായി പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് മണ്ണുത്തിയിൽ വെക്കേഷനിസ്റ്റ് സന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനചടങ്ങിലും സന്യാസവസ്ത്രസ്വീകരണ ചടങ്ങിലും മുഖ്യകാർമ്മികത്വം വഹിച്ചു.

04. അഭിവന്ദ്യ തട്ടിൽ പിതാവ് തട്ടിൽ കുടുംബയോഗത്തിൽ സംബന്ധിച്ചു. വൈകുന്നേരം കൊട്ടേക്കാട് ഇടവകയിൽ നടന്ന മരിയൻ കൺവെൻഷനിൽ അനുഗ്രഹ പ്രഭാഷണം നൽകി.

05. അഭിവന്ദ്യ തട്ടിൽ പിതാവ് തിരുവല്ല രൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിന് നേതൃത്വം നൽകി.

10. അഭിവന്ദ്യ തട്ടിൽ പിതാവ് ചിറ്റിലപ്പിള്ളി എസ്. ഡി. സിസ്റ്റേഴ്സിന്റെ സന്യാസവസ്ത്രസ്വീകരണ ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ബഹു. സിജോ ചീരനച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് തണ്ടിലം ഇടവകയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചതിരിഞ്ഞ് ബസിലിക്കയിൽ നടന്ന നവതി ആഘോഷങ്ങളിൽ പങ്കെടുത്തു. അതിനുശേഷം വടക്കാഞ്ചേരി ഇടവകയിലെ ഇടവകതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വെള്ളാറ്റഞ്ഞൂർ ഇടവകയിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് പുറനാട്ടുകര ഇടവകയിൽ നടന്ന വാർഷികധ്യാന സമാപനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

12. അഭിവന്ദ്യ തട്ടിൽ പിതാവ് എം. എം. ബി. സഹോദരന്മാരുടെ നേതൃത്വത്തിൽ മണ്ണുത്തിയിൽ നടന്ന നേതൃജ്യോതിയിൽ പങ്കെടുത്തു.
13. അഭിവന്ദ്യ തട്ടിൽ പിതാവ് ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 50 -ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.
15. അഭിവന്ദ്യ തട്ടിൽ പിതാവ് റാഫേൽ നാമധാരികളുടെ കൂട്ടായ്മയിൽ പങ്കെടുത്തു.
17. അഭിവന്ദ്യ തട്ടിൽ പിതാവ് നടത്തറ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. നെല്ലിക്കുന്ന് നടന്ന എഫ്. സി. സി. സന്യാസിനീസമൂഹത്തിന്റെ സന്യാസവസ്ത്ര സ്വീകരണ ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
18. അഭിവന്ദ്യ തട്ടിൽ പിതാവ് മാണ്ഡ്യ രൂപതയിൽ നടന്ന മാർ ആന്റണി കരിയിൽ പിതാവിന്റെ മെത്രാഭിഷേക തിരുകർമ്മങ്ങളിൽ പങ്കെടുത്തു.
22. അഭിവന്ദ്യ തട്ടിൽ പിതാവ് മമ്മിയൂർ എൽ. എഫ്. കോൺവെന്റിന്റെ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകുന്നേരം ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ മണ്ണുത്തി ഡോൺ ബോസ്കോയിൽ നടന്ന കാമ്പസ് മീറ്റിൽ പങ്കെടുത്തു.
23. അഭിവന്ദ്യ തട്ടിൽ പിതാവ് ഇരിങ്ങാലക്കുട കത്തീഡ്രലിൽ നടന്ന യുവജനസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.
24. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ എം. ഐ. കോൺവെന്റിന്റെ ആശീർവാദകർമ്മം നടത്തി. വൈകുന്നേരം തൊടുപുഴയിൽ നടന്ന മരിയൻ കൺവെൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി.
25. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അന്തിക്കാട് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പുത്തൻപീടിക ഇടവകയിൽ നടന്ന മാതാവിന്റെ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.
27. അഭിവന്ദ്യ തട്ടിൽ പിതാവ് 'യോബെൽ 2015' ന്റെ ഓഫീസ് ഉദ്ഘാടനം ചെയ്തു.
29. അഭിവന്ദ്യ പിതാക്കന്മാർ അദിലാബാദ് രൂപതയിൽ നടന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുക്കാൻ പോയി.
31. അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളാറ്റഞ്ഞൂർ ഇടവകയിൽ പുതുക്കി പണിത മുഖവാരവും ഗ്രോട്ടോയും ആശീർവദിച്ചു.

# പാസ്റ്ററൽ കൗൺസിൽ

## ആറാം യോഗ റിപ്പോർട്ട്

പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ ആറാം യോഗം 2015 സെപ്തംബർ 12ന് ഡി. ബി. സി. എൽ. സി. യിൽ നടന്നു. പ്രൊഫ. എലിസബത്ത് മാത്യു നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സ്വാഗതം ആശംസിച്ചു.

തീവ്രവാദങ്ങളുടെയും മതധ്വംസനങ്ങളുടെയും പലവിധ പ്രഹരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന സഭ നേരിടുന്ന വെല്ലുവിളികൾക്കുള്ള ഇത്തരം സഭയുടെ തലവനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയാണെന്ന് സ്വാഗതപ്രസംഗത്തിൽ ബഹു. അച്ചൻ പറഞ്ഞത് യോഗത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്ന ഉണർത്തുപാട്ടായി (Wake up call). ഓരോ വർഷവും ചിന്തയ്ക്കും പ്രവർത്തനത്തിനുമായി പുതിയ ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്ന പാപ്പ ബാഹ്യ വെല്ലുവിളികളെയെല്ലാം തരണം ചെയ്ത് ഈ ആശയങ്ങൾ ലോകത്തിനു മുമ്പിൽ പ്രഘോഷിക്കുവാൻ ആവശ്യപ്പെടുമ്പോൾ ഇതിനായി സജ്ജരാകുക എന്നത് ശ്രമകരമാണ്. വരാനിരിക്കുന്ന കാരുണ്യവർഷത്തിന്റെ ഒരുക്കമായി അഭിവന്ദ്യപിതാവ് ഫൊറോനതലത്തിൽ വിളിച്ചുകൂട്ടിയ യോഗങ്ങൾ സജീവമാക്കിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ അച്ചൻ അനുമോദിച്ചു. തുടർചർച്ചകൾക്കും പദ്ധതി ആവിഷ്കരണത്തിനുമായി കൂടിയിരിക്കുന്ന ഈ പാസ്റ്ററൽ കൗൺസിൽ യോഗത്തിന് നല്ല തീരുമാനങ്ങളെടുക്കാൻ സാധിക്കട്ടെ എന്ന് പെ. ബഹു. അച്ചൻ ആശംസിച്ചു.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി യോഗ നടപടികൾ വിശദീകരിച്ചു. നവംബറിൽ പാസ്റ്ററൽ കൗൺസിലിന്റെ അവാർഡ് ദാനം മാത്രമല്ല ഏഴാം യോഗവും കൂടുന്നുണ്ടെന്ന് അറിയിച്ചു. ജോയിന്റ് സെക്രട്ടറി അഞ്ചാം യോഗ റിപ്പോർട്ട് അവതരിപ്പിച്ചു.

പ്രപഞ്ചമാകുന്ന നമ്മുടെ പൊതുഭവനത്തെ സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള ഫ്രാൻസിസ് പാപ്പയുടെ ചാക്രികലേഖനമായ 'ലൗദാത്തോ സി'യെ കുറിച്ച് പ്രൊഫ. കെ. എം. ഫ്രാൻസിസ് പ്രഭാഷണം നടത്തി. സാധാരണ ക്രിസ്ത്യാനിക്ക് ഉൾക്കൊള്ളാവുന്നതിലും അപ്പുറമുള്ള അണു മുതൽ താരാപഥം വരെയുള്ള ജൈവബന്ധത്തെ കുറിച്ച് പ്രൊഫ. കെ. എം. ഫ്രാൻസിസ് അവതരിപ്പിച്ചു. സഭയുടെ സാമൂഹിക പ്രബോധനങ്ങളെ അടിസ്ഥാനമാക്കി

വേണം 'ലൗദാത്തോ സി' മനസ്സിലാക്കേണ്ടത്. സഭയുടെ കാഴ്ചപ്പാട് മനുഷ്യകേന്ദ്രീകൃതമോ പ്രകൃതി കേന്ദ്രീകൃതമോ അല്ല, ഇതു രണ്ടും കൂടി ചേർന്ന താണ്. മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥനല്ല സൂക്ഷിപ്പുക്കാരൻ മാത്രമാണ് എന്ന വി. ജോൺ പോൾ രണ്ടാമന്റെ വാക്കുകൾ ഓർമ്മിപ്പിച്ചുകൊണ്ട് ലളിതജീവിതം മാത്രമാണ് പ്രകൃതി സംരക്ഷണത്തിനുള്ള പോംവഴി എന്ന് പ്രൊഫ. ഫ്രാൻസിസ് ഉപസംഹരിച്ചു.

ചായയ്ക്കുശേഷം സീറോ-മലബാർ സഭയുടെ ഇന്ത്യയിലെ അപ്പസ്തോലിക് വിസിറ്റേറ്റർ കൂടിയായ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവ് ഭാരതമെമ്പാടുമുള്ള സഭയുടെ അവസ്ഥയെ കുറിച്ചും സഭയ്ക്കും സഭാസ്ഥാപനങ്ങൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളെ കുറിച്ചും ഒരു നേർക്കാഴ്ച നൽകി.

തുടർന്ന് ബഹു. ഡോ. വിൻസെന്റ് കുണ്ടുകുളം അച്ചൻ സമകാലിക രാഷ്ട്രീയവും സഭയുടെ പ്രതികരണവും എന്ന വിഷയം അവതരിപ്പിച്ച് സംസാരിച്ചു. ഭാരതീയ ക്രിസ്ത്യാനികളായ നമുക്ക് ബഹുമുഖ തനിമയാണ് (multiple identity) ഉള്ളത്. ഈ ഓരോ തനിമയോടും നമുക്ക് വൈകാരികമായ അടുപ്പമുണ്ട്. ഈ അടുപ്പം പരസ്പരപൂരകങ്ങളാകണം. നമ്മുടേതിനോടുള്ള സ്നേഹം മറ്റുള്ളവരോടുള്ള വിദ്വേഷമായി വളരരുത്. സാമുദായിക ബോധം ആവശ്യമാണ്. ഓരോ സമുദായത്തിനും അതിന്റേതായ ഹയരാർക്കി, ശക്തമായ സാമൂഹ്യ അടിത്തറ എന്നിവ അത്യന്താപേക്ഷിതമാണ്. കേരളത്തിലെ ജനസംഖ്യാ കണക്കുകൾ, മണ്ഡലങ്ങളുടെ പുനർവിഭജനം എന്നീ കണക്കുകളെ ആധാരമാക്കി ബഹു. അച്ചൻ നമുക്കു ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ മാറ്റത്തെ അപഗ്രഥിച്ചു. 'ഞങ്ങൾ നിങ്ങൾ' ബോധം ഉണ്ടാക്കി അത് വോട്ടാക്കി മാറ്റുന്ന തന്ത്രങ്ങളാണ് ഇന്ന് പലരും പയറ്റുന്നത്. സാമുദായിക ശക്തീകരണം സമൂഹനിർമ്മിതിക്ക് എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം. വിരക്തിയുടെ മുഖങ്ങളുള്ള നല്ല മൂല്യങ്ങളെ കൈവെടിഞ്ഞ് യുദ്ധം ചെയ്യുന്ന ദൈവങ്ങളെ അണിനിരത്തി യുവരക്തം തിളപ്പിക്കാനാണ് മറ്റൊരു ശ്രമം. ഈ കെണികളിൽ വീഴാതെയും പൊതുസമൂഹത്തെ ഈ വഴിയേ സഞ്ചരിക്കുന്നതിൽ നിന്ന് പിന്തിരിപ്പിച്ച് നേർവഴിയേ നടത്താനുമുള്ള ചുമതല നമുക്കുണ്ട്. അതിന് കൈക്കൊള്ളേണ്ട പ്രായോഗിക സമീപനങ്ങളെ കുറിച്ച് അച്ചൻ വിശദമായി സംസാരിച്ചു. മതിലുകൾ ഭേദിച്ച്, എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് നമ്മളും ദേശസ്നേഹികളാണെന്ന് തെളിയിക്കുകയാണ് വേണ്ടത് എന്നായിരുന്നു ബഹു. അച്ചന്റെ ഉപദേശം. ഇതിനായുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കാനും നേതൃത്വം നൽകാനും പാസ്റ്ററൽ കൗൺസിലിന് സാധിക്കണം. അതാണ്ഈ കാലഘട്ടം

ആവശ്യപ്പെടുന്നത് എന്നോർമ്മിപ്പിച്ചുകൊണ്ട് ബഹു. വിൻസെന്റ് അച്ചൻ പ്രഭാഷണം അവസാനിപ്പിച്ചു.

ശൂന്യവേളയിൽ സംസാരിച്ച അംഗങ്ങൾ കാരുണ്യവർഷത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളെ കുറിച്ച് സൂചനകൾ നൽകി. പള്ളികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ കയറിക്കൂടുന്ന ആർഭാടം, വർദ്ധിച്ചു വരുന്ന മതാന്തരവിവാഹങ്ങൾ, വർഗ്ഗീയ വാദികളുടെ ശാക്തീകരണം തുടങ്ങിയ വിഷയങ്ങളിലെ ആശങ്കകളും അംഗങ്ങൾ പങ്കുവച്ചു. ഫൊറോന കൗൺസിലുകൾ പുനരുദ്ധരിക്കുന്നതിന്റെ ആവശ്യകതയും ചൂണ്ടികാണിച്ചു.

മോൺ. ജോർജ്ജ് കോമ്പാറ പ്രധാന അറിയിപ്പുകൾ നടത്തി. നവംബർ 14ന് രാവിലെ പാസ്റ്ററൽ കൗൺസിൽ യോഗവും ഉച്ചകഴിഞ്ഞ് അവാർഡ് ദിനസമ്മേളനവും നടത്തപ്പെടും,  സെപ്തംബർ 20ന് ബസിലിക്ക ടവർ സ്‌ക്വയറിൽ നടക്കുന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ നയപ്രഖ്യാപനസമ്മേളനം, ഡിസംബർ 6ന് നടത്തറയിൽ നടക്കുന്ന 'യോബേൽ 2015' എന്ന യുവജന സംഗമം, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി നടക്കുന്ന വൈദികരുടെ വാർഷികധ്യാനം, ഒക്ടോബറിൽ റോമിൽ നടക്കുന്ന സിനഡ് എന്നീ വിഷയങ്ങൾ യോഗത്തെ അറിയിച്ചു. സിനഡിനുവേണ്ടിയും വൈദികരുടെ വാർഷികധ്യാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നതിന് അംഗങ്ങളെ ഉദ്ബോധിപ്പിച്ചു.

അധ്യക്ഷപ്രസംഗത്തിന്റെ ആരംഭത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവായി നിയമിതനായി ശ്രീ. പി. ഐ. ലാസർ മാസ്റ്ററെ അനുമോദിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് അദ്ദേഹത്തിന് പൂക്കൾ നൽകി യോഗത്തിന്റെ സ്നേഹം അറിയിച്ചു. ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ നടക്കുന്ന സിനഡിൽ പ്രവാസികളായ സഭാവിശ്വാസികളുടെ പ്രശ്നങ്ങളെ അവതരിപ്പിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു. അംഗങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ തന്നെ അറിയിക്കണമെന്ന് അഭിവന്ദ്യപിതാവ് ആവശ്യപ്പെട്ടു.

വർഗ്ഗീയതയില്ലാതെയുള്ള സ്വത്വബോധം വളർത്തുക എന്നതാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ലക്ഷ്യം. ഈ കാലഘട്ടത്തിൽ ഇതിന് വളരെയധികം പ്രസക്തിയുണ്ട് എന്ന് ഇന്നത്തെ ചർച്ചകളിൽ നിന്ന് മനസ്സിലായെന്നും നമ്മുടെ സമുദായകൂട്ടായ്മ പ്രകടിപ്പിക്കുന്ന വിധത്തിലുള്ള ഒരു മഹാസംഗമമാകണം കത്തോലിക്കാകോൺഗ്രസ്സിന്റെ നയപ്രഖ്യാപനസമ്മേളനം എന്നും അഭിവന്ദ്യപിതാവ് ആഗ്രഹം പ്രകടിപ്പിച്ചു.

കരുണയുടെ ജൂബിലി വർഷാചരണത്തിനായി നാം ഒരുങ്ങിക്കൊണ്ടിരിക്കുന്നു. നാം നേരിട്ട് ചെയ്യുന്ന ഉപവി പ്രവർത്തനങ്ങൾക്കുപരി സാമൂഹ്യസുരക്ഷാപദ്ധതികൾ സർവ്വരിലേക്കും എത്തിക്കുക എന്ന ദൗത്യമാണ് നാം ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി നല്ല നേതാക്കന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യവും കത്തോലിക്കാകോൺഗ്രസ്സിലൂടെ നിറവേറ്റണം. ബൊൻ നത്താലെയും സാന്ത്വനം വഴി നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമപദ്ധതികളും എല്ലാ മതവിഭാഗങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ എല്ലാവരും സഹകരിക്കണം. രൂപതയുടെ സോഷ്യൽ ആക്ഷൻ ഫോറത്തിലേക്ക് പാസ്റ്ററൽ കൗൺസിലിൽ നിന്ന് അഭിവന്ദ്യപിതാവ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നുവെന്ന് യോഗത്തെ അറിയിച്ചു.

മാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെട്ട, സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി തൃശ്ശൂർ അതിരൂപതയുടെ കാഴ്ചപ്പാട് അഭിവന്ദ്യപിതാവ് അംഗങ്ങളെ അറിയിച്ചു. അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്കും ആശങ്കകൾക്കും അഭിവന്ദ്യപിതാവ് മറുപടി നൽകി. മറ്റു മതസ്ഥരുമായുള്ള ബന്ധത്തിൽ വിവേചനവും വിവേകവും ഉണ്ടാകണം. അവരുടെ വിശ്വാസപരമായ ആചാരങ്ങളിൽ ഒരിക്കലും പങ്കുചേരരുത്. എന്നാൽ മതസൗഹാർദ്ദം വർദ്ധിപ്പിക്കുന്ന സാംസ്കാരികാഘോഷങ്ങളിൽ പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കണം. വരാനിരിക്കുന്ന കത്തോലിക്കാകോൺഗ്രസ്സിന്റെ നയപ്രഖ്യാപനസമ്മേളനം, അതിരൂപതാ അവാർഡ് ദിനം, യോബേൽ, ബൊൻ നത്താലെ എന്നീ പരിപാടികളിൽ സംബന്ധിക്കുകയും അതിന്റെ വിജയത്തിനായി പ്രവർത്തിക്കുകയും വേണമെന്ന് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം നന്ദി പറയുകയും സമാപനപ്രാർത്ഥന നയിക്കുകയും ചെയ്തു. യോഗം ഉച്ചക്ക് 1:45ന് അവസാനിച്ചു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി

# നാമകരണ നടപടികൾ

**ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ**

ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണാചരണം ഒക്ടോബർ മാസത്തെ എല്ലാ വെള്ളിയാഴ്ചകളിലും സമുചിതമായി ആചരിച്ചു. ജപമാല, ദിവ്യകാരുണ്യാരാധന, ദിവ്യബലി, വചന പ്രഘോഷണം, കബറിടത്തിൽ ഒപ്പീസ്, നേർച്ച ഊട്ട് എന്നിവയും ഉണ്ടായിരുന്നു. ചേലക്കര സെന്റ് മേരീസ് ഫൊറോന വികാരി ബഹു. റാഫേൽ താണിശ്ശേരിയച്ചനാണ് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത്.

ലൂക്കാ സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്ന രക്തസ്രാവക്കാരിയുടെ സൗഖ്യത്തേയും അതിനായി അവളിൽ പ്രവർത്തിച്ച വിശ്വാസത്തിന്റെ ദൈവകൃപയേയും താണിശ്ശേരിയച്ചൻ തന്റെ സുവിശേഷ പ്രസംഗത്തിന് വിഷയമാക്കി. പ്രവാചകനെന്നും രക്ഷകനെന്നും ദൈവപുത്രനെന്നും പരക്കെയറിയപ്പെടുന്ന യേശുവിനെ കാണാനും കേൾക്കാനും അനേകർ അവിടുത്തെ അനുഗമിച്ചിരുന്നു. തന്നെ തൊട്ടുരുമ്മി നടക്കുന്ന ജനക്കൂട്ടത്തിൽ യേശുനാഥൻ ഒരവസരത്തിൽ തന്നിൽ നിന്ന് സൗഖ്യശക്തി പുറപ്പെടുന്നതറിഞ്ഞ് തന്നെ തൊട്ടതാരെന്ന് ചോദിക്കുന്നു. ഈ ചോദ്യമാണ് വിശ്വാസിയെ ചിന്തിപ്പിക്കേണ്ടതും വിശ്വാസത്തിന്റെ തീക്ഷ്ണത രക്തസ്രാവക്കാരിയെപ്പോലെ മറ്റാർക്കും ഉണ്ടായിരുന്നില്ല. മഹാരോഗിയും മറ്റുള്ളവരിൽ നിന്ന് മാറിനൽക്കേണ്ടവളുമായ രക്തസ്രാവക്കാരി, യേശുവിന്റെ വസ്ത്രവിളുമ്പിൽ തൊട്ടാൽ സൗഖ്യപ്പെടും എന്ന ചിന്ത അവളെ ധൈര്യപൂർവ്വം പ്രവർത്തിക്കാൻ പ്രാപ്തയാക്കി.

ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിലച്ചൻ, വിശ്വാസത്തിന്റെ വലിയ ശക്തികൊണ്ടാണ് തനിക്കുള്ളതെല്ലാം-ആയുസ്സും പിതൃസ്വത്തും പ്രാപ്തിയും എല്ലാം ദൈവതിരുമനസ്സിന് കാഴ്ചവച്ചതെന്നും ബഹു. റാഫേൽ താണിശ്ശേരിയച്ചൻ വ്യക്തമാക്കി.

തച്ചുപറമ്പിലച്ചന്റെ പൗരോഹിത്യ സ്വീകരണദിനമായ ഡിസംബർ 22ന് സവിശേഷമായ അനുസ്മരണ പരിപാടികളും തിരുകർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

2014 വർഷത്തെ മിഷൻ ഞായർ, ദുഃഖവെള്ളി എന്നീ പിരിവുകൾക്ക് സമ്മാനർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അതിരൂപയുടെ അവാർഡുദിനമായ 2015 നവംബർ 14ന് അഭിവന്ദ്യ മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ (അദിലാബാദ് രൂപത) പിതാവ് വിതരണം ചെയ്തു. സമ്മാനർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ നേരുന്നു. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

### 1. വരവ് ചെലവ് കണക്കുകൾ ഒക്ടോബർ 31, 2015

| നമ്പർ പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|
| 1. അമല നഗർ | 5200 | 6143 | |
| 2. ചേരുംകുഴി | 6979 | 11000 | 24050 |
| 3. ചിറ്റിലപ്പിള്ളി | | | 32500 |
| 4. കാരമുക്ക് | | | 10500 |
| 5. കിഴുപിള്ളിക്കര | | 7410 | 2137 |
| 6. കോട്ടപ്പടി | | | 249041 |
| 7. മാന്ദാമംഗലം | 2340 | 1280 | 3314 |
| 8. മറ്റം | 21660 | 66740 | 160760 |
| 9. മുണ്ടത്തിക്കോട് | 12965 | 9202 | 7425 |
| 10. പഞ്ഞാരപ്പിള്ളി | | | 2500 |
| 11. പട്ടിക്കാട് | | | 13435 |
| 12. പോന്നോർ | | | 65105 |
| 13. തിരൂർ | 20438 | 84621 | 89410 |
| 14. തിരുത്തിപറമ്പ് | 1928 | 5120 | 6012 |
| 15. വാക | 1795 | 1930 | 8195 |
| 16. വരാക്കര | 6500 | 14475 | 43155 |
| 17. പള്ളിക്കുന്ന് | | | 57000 |
| 18. സെ. ആന്റണീസ് ഹോസ്പിറ്റൽ, പഴുവിൽ | | | 10000 |

| നമ്പർ പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ മിഷൻ ഞായർ |
|---|---|---|---|---|
| 1. അമലനഗർ | 2500 | 3388 | 3696 | |
| 2. അരിമ്പൂർ | 13580 | 17050 | 62000 | |
| 3. ചേരുംകുഴി | 7020 | 6688 | 7296 | |
| 4. കണ്ണംകുളങ്ങര | 1548 | 1595 | 1740 | |
| 5. കിഴുപിള്ളിക്കര | 480 | 880 | 640 | |
| 6. മാന്ദാമംഗലം | 800 | 1540 | 1120 | 1000 |
| 7. മറ്റം | 10500 | 11660 | 26500 | 8000 |
| 8. മുണ്ടത്തിക്കോട് | 2808 | 3861 | 3159 | 1000 |
| 9. നമ്പഴിക്കാട് | 898 | 1254 | 912 | |
| 10. പെരിങ്ങോട്ടുകര | 1528 | 2101 | 3820 | 1000 |
| 11. തങ്ങാലൂർ | 1350 | 1540 | 1600 | |
| 12. തിരൂർ | 11160 | 15675 | 35625 | 15412 |
| 13. തിരുത്തിപറമ്പ് | 2700 | 2849 | 2072 | 1500 |
| 14. ഡോളേഴ്സ് ബസിലിക്ക | 4992 | 6864 | 31200 | 20000 |
| 15. വരന്തരപ്പിള്ളി ഈസ്റ്റ് | | | | 2280 |
| 16. അസ്സീസി മഠം, തൃശ്ശൂർ | | | 200 | |

**2. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. കിരാലൂർ - 5000

**3. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം - 27000
2. വിവാഹം - 129000
3. ചികിത്സ - 75700
4. വിദ്യാഭ്യാസം - 3000

**4. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം - 18000
2. ചികിത്സ - 10000
3. വിദ്യാഭ്യാസം - 10000

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

ഫാ. അനീഷ് നെല്ലിക്കൽ 02
ഫാ. ജോയ് മൂക്കൻ 02
ഫാ. ജോസഫ് മുരിങ്ങാത്തേരി 03
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 06
ഫാ. നൈസൻ ഏലന്താനത്ത് 07
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 07
ഫാ. ലിറിൽ തളിയപറമ്പിൽ 08
ഫാ. ജോയ് കൂത്തൂർ 09
ഫാ. ഷാജു ചിറയത്ത് 10
ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി 12
ഫാ. സാജൻ മാറോക്കി 12
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. ഫ്രാൻസിസ് കൂത്തൂർ 13
ഫാ. ജോൺ കൊള്ളന്നൂർ 15
ഫാ. ചാക്കോ എടയാൽ 15
ഫാ. ലോറൻസ് തൈക്കാട്ടിൽ 16
ഫാ. നിബിൻ തളിയത്ത് 17
ഫാ. ജോസ് തെക്കേക്കര ജൂനിയർ 19
ഫാ. ബർണാർഡ് തട്ടിൽ 19
ഫാ. പ്രിന്റോ കുളങ്ങര 20
ഫാ. ജോൺ ചുങ്കത്ത് 20
ഫാ. ജോസഫ് അന്തിക്കാട്ട് 23
ഫാ. ജോയ് ചിറ്റിലപ്പിള്ളി ജൂനിയർ 23
ഫാ. ജസ്റ്റിൻ തടത്തിൽ 25
ഫാ. നവീൻ മുരിങ്ങാത്തേരി 25
ഫാ. ബെന്നി കിടങ്ങൻ 25
ഫാ. ജോമോൻ മുരിങ്ങാത്തേരി 27
ഫാ. സിജോ കാട്ടൂക്കാരൻ 27
ഫാ. ജോയ് കൊള്ളന്നൂർ 29
ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ 30
ഫാ. റോയ്സൺ കൊള്ളന്നൂർ 31
ഫാ. സ്റ്റിഷിൻ കുണ്ടുകുളം 31

## നാമഹേതുകതിരുനാൾ

ഫാ. ഫ്രാൻസിസ് മഞ്ഞളി 03
ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ 03
ഫാ. ബാബു പാണാട്ടുപറമ്പിൽ 03
ഫാ. ഫ്രാൻസിസ് തരകൻ 03
ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് 03
ഫാ. ഫ്രാൻസിസ് അറക്കൽ 03
ഫാ. ഫ്രാൻസിസ് കരിപ്പേരി 03
ഫാ. റെന്നി മുണ്ടൻകുരിയൻ 03
ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ 03
ഫാ. സേവിയർ പാണേങ്ങാടൻ 03
ഫാ. ഫ്രാങ്കോ പുത്തിരി 03
ഫാ. ഷിജോ ചിരിയങ്കണ്ടത്ത് 03
ഫാ. ഫ്രാൻസിസ് ആലപ്പാട്ട് 03
ഫാ. ഫ്രാങ്കോ കവലക്കാട്ട് 03
ഫാ. ട്വിങ്കിൾ വാഴപ്പിള്ളി 03
ഫാ. ഫ്രാൻസിസ് കൂത്തൂർ 03
ഫാ. നിക്കോളസ് അന്തിക്കാട്ട് 06
ഫാ. നിക്കോളസ് പൊറത്തൂർ 06
ഫാ. ജോൺസൻ ആച്ചാണ്ടി 14
ഫാ. ഫ്ളെർജിൻ തയ്യാലക്കൽ 14
ഫാ. ബാബു ചേലപ്പാടൻ 17
ഫാ. ലാസർ താണിക്കൽ 17
ഫാ. ടെൻസ് കുന്നപ്പിള്ളി 27

| | | | |
|---|---|---|---|
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 | ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 | ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 | ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജോൺ മുളക്കൽ | 27 | ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 | ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ജോൺ മൂലൻ | 27 | ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 | ഫാ. ജോൺ ചുങ്കത്ത് | 27 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31-12-1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13-12-1924 |
| ഫാ. പൗലോസ് കൂന്തയിൽ | 13-12-1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19-12-1944 |
| ഫാ. പോൾ ചിറയത്ത് | 14-12-1953 |
| ഫാ. ജോസഫ് തോട്ടാൻ | 06-12-1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23-12-1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02-12-1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 18-12-1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19-12-1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21-12-1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17-12-1994 |
| ഫാ. ജോസഫ് ചുങ്കത്ത് | 28-12-2000 |
| ഫാ. ജോസഫ് വടക്കൻ | 28-12-2002 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.10.2015 എസ്.എ.ബി.എസ്. പ്രോവിൻസിലെ 6 പ്രീ ആസ്പിരൻസ്, ആസ്പിരൻസിയിൽ പ്രവേശിച്ചു. സി. ലീ ജോസ് കൈപ്രമ്പാട്ട് ഇവരുടെ ഡിറക്ട്രസ്സായി ചുമതലയേറ്റെടുത്തു.

സി.എം.സി. വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനം ജൂനിയേഴ്സ് ഡെ ആയി ഘോഷിച്ചു.

എസ്.എ.ബി.എസ്. രജതജൂബിലിയാഘോഷിക്കുന്ന സി. വിജയ ചുങ്കത്ത്, സി. ലീ ജോസ് കൈപ്രമ്പാട്ട്, സി. ടെസ്മി തെക്കിനിയത്ത്, സി. ജോസഫൈൻ പാലത്തിങ്കൽ എന്നിവർക്കു വേണ്ടിയുള്ള 13 മണി ആരാധന നടത്തി.

03.10.2015 സി.എസ്.സി. ചാരിറ്റി സന്യാസിനീ സമൂഹസ്ഥാപകൻ ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ അനുസ്മരണാഘോഷ പരിപാടികൾ കോലഴി മരിയഭവൻ ജനറലേറ്റിൽ രാമനാഥപുരം ബിഷപ്പ് മാർ പോൾ ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു.

എസ്.എ.ബി.എസ്. സി.വിജയ ചുങ്കത്ത്, സി. ലീ ജോസ് കൈപ്രമ്പാട്ട്,സി. ടെസ്മി തെക്കിനിയത്ത്, സി. ജോസഫൈൻ പാലത്തിങ്കൽ എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയാഘോഷം ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. O.Carm Provincial Superior, Rev. Fr.Robert Thomas Pudussery യുടെ കാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലിയും തുടർന്ന് സ്നേഹവിരുന്നും ഈ ദിനത്തെ അവിസ്മരണീയമാക്കി.

ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. എല്ലാ സുപ്പീരിയേഴ്സും ഇതിൽ പങ്കെടുത്തു.

സി.എസ്.എസ്. തൃശൂർ ശക്തൻ നഗറിൽ നടന്ന ഡോൺ ബോസ്കോയുടെ 200-ാം ജന്മദിനാഘോഷപരിപാടികളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

സി.എം.സി. ഫോർമേഷൻ ഡെ സമുചിതമായി ഘോഷിച്ചു.

04.10.2015 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ് തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച്ചത്തെ ധ്യാനത്തിൽ പങ്കെടുത്തു.

05.10.2015 എഫ്.സി.സി. പ്രി പോസ്റ്റുലൻസ് ധോണിയിൽ നടന്ന ഒരാഴ്ചത്തെ ധ്യാനത്തിൽ സംബന്ധിച്ചു. ഒക്ടോബർ 5 മുതൽ 10 വരെ മരത്താ

ക്കരയിൽ പ്രഥമവ്രതവാഗ്ദാനം നടത്തുന്ന അർത്ഥിനികൾക്ക് ഫാ. സിജോ കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ ധ്യാനം നടന്നു.

09.10.2015 എഫ്.സി.സി. ഒക്ടോബർ 9 -ാം തീയതി വെള്ളിയാഴ്ച 6 pm മുതൽ 10 -ാം തീയതി 4.00 pm വരെ അസ്സീസിയിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സിന് കോൺഫറൻസ് ഉണ്ടായിരുന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Finance Officers' ന്റെ മീറ്റിംഗ് നടന്നു.

11.10.2015 എഫ്.സി.സി. ഒക്ടോബർ 11 -ാം തീയതി ഞായറാഴ്ച 2.30 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വിവിധ കമ്മിറ്റികളുടെ മീറ്റിംഗിൽ എല്ലാ കൺസൾട്ടൻസും കമ്മിറ്റി അംഗങ്ങളും സംബന്ധിക്കുകയുണ്ടായി.

എസ്.എ.ബി.എസ്. സന്യാസസമൂഹങ്ങളുടെ സിനാക്സിസിനോടനുബന്ധിച്ച് ധോണിയിലെ മരിയൻ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തിയ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സി. റീത്താ മരിയ കൊള്ളൂർ, സി. ദീപ തെരേസ് പുളിക്കൻ, സി. ഫിൻസി തരകൻ എന്നിവർ പങ്കെടുത്തു.

15.10.2015 സി.എം.സി. വി.അമ്മത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ജൂനിയേഴ്സിന്റെ നേതൃത്വത്തിൽ വളരെ മനോഹരമായി സീനിയേഴ്സ് ഡെ ആഘോഷിച്ചു.

17.10.2015 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ 13 സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ഒളരിക്കര ലിറ്റിൽഫ്ളവർ ദേവാലയത്തിൽ ആഘോഷപൂർവ്വം നടത്തി. രാവിലെ 10.30ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയിലും തുടർന്നു നടത്തിയ സ്നേഹവിരുന്നിലും ധാരാളം വൈദികരും സിസ്റ്റേഴ്സ് പങ്കെടുത്ത് ആശംസകൾ നേർന്നു.

സി.എം.സി .വി.എവുപ്രാസ്യമ്മയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒല്ലൂർ സെന്റ് മേരീസ് മഠം ചാപ്പലിൽ മാർ ജേക്കബ് തൂങ്കുഴി പിതാവ് അർപ്പിച്ച വി.ബലിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും സംബന്ധിച്ചു. ദൈവജനത്തിന് സിസ്റ്റേഴ്സ് ഉണ്ടാക്കിയ ജപമാല വിതരണം ചെയ്തു. വി.എവുപ്രാസ്യമ്മയുടെ ജന്മഗൃഹമായ കാട്ടൂരിലെ പരിപാടിയിലും കൗൺസിൽ ടീം പങ്കെടുത്തു.

സി.എസ്.എം. വടക്കാഞ്ചേരി ഉപജില്ലാ ശാസ്ത്രമേളയിൽ സെന്റ്. തോമസ്സ് പഴയന്നൂർ സ്ക്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.

എഫ്.സി.സി. 2015 ഒക്ടോബർ 17-ാം തീയതി ശനിയാഴ്ച നെല്ലിക്കുന്ന് സെന്റ്

സെബാസ്റ്റ്യൻസ് ഇടവകപള്ളിയിൽ വെച്ച് 2 pm ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലിമദ്ധ്യേ 11 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു.

18.10.2015 സി.എസ്.എം. സമർപ്പിത വർഷവും, ലൂർദ്ദ് നാഥ പ്രൊവിൻസിന്റെ ആദ്ധ്യാത്മിക വളർച്ചയും, വിശുദ്ധിയും ലക്ഷ്യംവെച്ച് പ്രോവിൻഷ്യൽ ഹൗസ്സിൽ ജാഗരണ പ്രാർത്ഥന നടത്തി.

എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന നേഴ്സസ് ഗിൽഡ് മീറ്റിംഗിൽ പ്രോവിൻസിലെ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.

21.10.2015 സി.എച്ച്.എഫ്. റവ.ഫാ.പോൾ പുളിക്കന്റെ രജതജൂബിലി നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ സമുചിതമായി ഘോഷിച്ചു.

എഫ്.സി.സി. 2015 ഒക്ടോബർ 22-ാം തീയതി മമ്മിയൂർ ലിറ്റിൽ ഫ്ളവർ മഠത്തിന്റെ പ്ലാറ്റിനം ജൂബിലി സമുചിതമായ പരിപാടികളോടെ ആഘോഷിച്ചു. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വ്യാഴാഴ്ച 2.30 pm ന് ആഘോഷമായ ദിവ്യബലിയും തുടർന്ന് സ്നേഹവിരുന്നുമായിരുന്നു.

23.10.2015 എഫ്. സി. സി. സുപ്പീരിയേഴ്സിനും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർക്കും കണക്ക് കൈകാര്യം ചെയ്യുന്നവർക്കുമായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഒക്ടോബർ 23-ാം തീയതി രാവിലെ 9.30 മുതൽ 1.30 pm വരെഎറണാകുളം ജില്ലയിലെ ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. റോമിഡിന്റെ ക്ലാസ്സ് നടന്നു.

സി.എം.സി. പ്രോവിൻസിന്റെ ജാഗരണദിനത്തിൽ ഫാ.റിജോ പയ്യപ്പിള്ളി CMI ക്ലാസ്സെടുത്തു. എല്ലാ സമൂഹങ്ങളിൽ നിന്നും സിസ്റ്റേഴ്സ് എത്തിയിരുന്നു.

24.10.2015 എഫ്. സി. സി. പുതുക്കിപ്പണിത തൃശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനത്തിന്റെ വെഞ്ചെരിപ്പ് കർമ്മം 2015 ഒക്ടോബർ 24-ാം തീയതി ശനിയാഴ്ച നടന്നു. അന്നേ ദിനം 10 am ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയും സ്നേഹവിരുന്നുമുണ്ടായിരുന്നു.

25.10.2015 എഫ്.സി.സി. ജൂനിയർ സിസ്റ്റേഴ്സിന് അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുന്നതിനൊരുക്കമായുള്ള ധ്യാനം ഒക്ടോബർ 23-ാം തീയതി വെള്ളിയാഴ്ച മുതൽ 25-ാം തീയതി വരെ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. തുടർന്ന് 43 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തി.

എസ്.എ.ബി.എസ്. ചേറ്റുപുഴ കർമ്മലമാത ഇടവക നടത്തിയ സമർപ്പിത സംഗമത്തിൽ ഇടവകയിലെ സമർപ്പിതസഹോദരങ്ങളോടൊപ്പം ഇവിടെ സേവനം ചെയ്യുന്ന വൈദീകരും സിസ്റ്റേഴ്സും പങ്കെടുത്തു.ദിവ്യബലിക്ക് ശേഷം നടന്ന അനുമോദനയോഗത്തിൽ. O.Carm Provincial Superior, Rev. Fr.Robert Thomas Pudussery അദ്ധ്യക്ഷനായിരുന്നു. Nirmal Rani Provincial Superior Mother Little Maria Thekkekara ആശംസകളർപ്പിച്ച് സംസാരിച്ചു.

26.10.2015 സി.എം.സി. വിമലകോളേജിനെ autonomous college ആയി ഉയർത്തി.

27.10.2015 സി.എസ്.എസ്. അദിലാബാദ് രൂപതയിൽ സി.എസ്.എസ്. ന്റെ സ്നേഹോദയ പ്രോവിൻസിന്റെ പുതിയ ശാഖാഭവനം ചെന്നൂരിൽ ആരംഭിച്ചു. ബഹു. അഗസ്റ്റിൻ കപ്പുച്ചിൻ വെഞ്ചരിപ്പുകർമ്മം നടത്തി.

സി.എസ്.എസ്. തൃശൂർ അതിരൂപത സംഘടിപ്പിച്ച സിസ്റ്റേഴ്സ് ലോഗോസിൽ സി.സ്റ്റെഫി, സി.സോണിയ, സി.ജോഫി എന്നിവർ മൂന്നാം റാങ്ക് കരസ്ഥമാക്കി.

**ആദരാഞ്ജലികൾ**



27.10.2015 എസ്.എ.ബി.എസ്. പാലയൂർ സെന്റ് തോമസ് മഠാംഗമായിരുന്ന സി. പൊസേന്തി (84) നിര്യാതയായി. മൃതദേഹം പാലയൂർ ഇടവക ദേവാലയസെമിത്തേരിയിൽ സംസ്ക്കരിച്ചു.

**സി.ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

മിശിഹായിൽ പ്രിയ കുട്ടികളേ,

നിങ്ങൾക്കെല്ലാവർക്കും സുഖമാണല്ലോ? എല്ലാവർക്കും സന്തോഷവും ആഹ്ലാദവും പകരുന്ന ക്രിസ്തുമസ്സിന് നാം ഒരുങ്ങുകയാണ്. മാലാഖമാർ പാടിയതുപോലെ "സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത" (ലൂക്കാ 1, 28-32)യാണ് ക്രിസ്തുമസ്സ്. ഉണ്ണീശോ നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കരുണയുടെ പാപ്പയെന്നു വിശേഷിപ്പിക്കാവുന്ന ഫ്രാൻസിസ് പാപ്പയോടൊപ്പം കഴിഞ്ഞ ഒക്ടോബർ 4 മുതൽ 25 വരെ മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കുവാൻ സാധിച്ചുവെന്നത് എനിക്ക് ഒരിക്കലും മറക്കാനാവാത്ത വലിയ അനുഭവമായിരുന്നു. ഒരു സാധാരണക്കാരനെപ്പോലെ ഫ്രാൻസിസ് പാപ്പ ഞങ്ങളുടെ ഇടയിൽ നടക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും കാപ്പി കുടിക്കുകയും മറ്റും ചെയ്യുന്നതു കണ്ടപ്പോൾ പാപ്പയോട് എനിക്ക് പ്രത്യേക സ്നേഹം തോന്നുകയുണ്ടായി. പലതരത്തിൽ വിഷമിക്കുന്ന കുടുംബങ്ങളെ പ്രത്യേകിച്ച് കുട്ടികളെയും പ്രായമായിട്ടുള്ളവരെയും ക്രിസ്തുവിന്റെ കരുണയോടെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് പാപ്പ ആഹ്വാനം ചെയ്യുകയുണ്ടായി. കരുണയുടെ വിശുദ്ധ ജൂബിലി വർഷം 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ ആഘോഷിക്കാൻ മാർപ്പാപ്പ കല്പിച്ചരുളിയിരിക്കുകയാണ്. യേശു പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമാണ് എന്നാണ് മാർപ്പാപ്പ പറയുന്നത്. മനു

ഷ്യവർക്ഷത്തെ രക്ഷിക്കാൻ ദൈവം കരുണ കാണിച്ചതാണ യേശുവിന്റെ മനുഷ്യവതാരം. 'തന്റെ ഏകജാതനായ യേശുവിനെ ലോകത്തിലേക്ക് അയയ്ക്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16).

യേശുവിന്റെ മനുഷ്യാവതാര പശ്ചാത്തലത്തിൽ 2 പ്രത്യേകതകളാണ് 2015 ഡിസംബർ 8-നുള്ളത്. (1) യേശുക്രിസ്തുവിനെ ജന്മം കൊടുക്കുവാൻ ദൈവം നിശ്ചയിച്ച അമലോത്ഭവമാതാവിന്റെ തിരുനാളാണ് അന്ന് (2) രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചതിന്റെ സുവർണ്ണ ജൂബിലി ദിനമാണ് അന്ന്. റോമിലെ ബസിലിക്കയിൽ കരുണയുടെ കവാടം 'വിശുദ്ധ ജൂബിലിവാതിൽ' ആയി തുറന്നുകൊണ്ടാണ് മാർപ്പാപ്പ ഈ ജൂബിലിവർഷം ഉത്ഘാടനം ചെയ്യുന്നത്. അതിന്റെ മാതൃകയിൽ, മാർപ്പാപ്പ നിർദ്ദേശിച്ചതുപോലെ, നമ്മുടെ അതിരൂപതയിൽ തൃശ്ശൂർ ബസിലിക്കയിലും പാലയൂർ തീർത്ഥകേന്ദ്രത്തിലുമുള്ള കവാടങ്ങളാണ് വിശുദ്ധവത്സരവാതിലുകളായി നാം നിശ്ചയിച്ചിരിക്കുന്നത്. 2016ലെ ക്രിസ്തുരാജ തിരുനാൾ ദിനമാണ് വിശുദ്ധ വത്സരവാതിൽ അടച്ചുകൊണ്ട് കരുണയുടെ ജൂബിലി അവസാനിക്കുക. ഈ ജൂബിലി വർഷത്തിന്റെ മുദ്രാവാക്യമായി മാർപ്പാപ്പ നമുക്ക് നൽകിയിരിക്കുന്നത് "പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക" (ലൂക്ക. 6:36) എന്ന ബൈബിൾ സൂക്തമാണ്.

പ്രിയ കുട്ടികളേ, എല്ലാവരോടും കരുണ കാണിച്ച ഈശോയെപ്പോലെ കാരുണ്യപ്രവർത്തികൾ ചെയ്യുവാനാണ് ജൂബിലി വർഷത്തിൽ നാം ശ്രമിക്കേണ്ടത്. അതിനായി ഏതാനും ചില പ്രായോഗിക നിർദ്ദേശങ്ങൾ ഞാൻ നിങ്ങൾക്കു നൽകുന്നു.

1. ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവർത്തികൾ ചെയ്യണം എന്നാണ് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നത്. നാം പരമ്പരാഗതമായി പഠിച്ചിട്ടുള്ള 14 മനോഗുണ പ്രവർത്തികളാണ് ഇതിന്റെ രത്നചുരുക്കം. അവ ഏതെന്ന് അന്വേഷിച്ചറിയുക.
2. ദരിദ്രർക്ക് സുവിശേഷം അറിയിക്കാൻ വന്ന യേശുവിന്റെ കരുണയുടെ സുവിശേഷത്തെ കുറിച്ച് പഠിക്കുവാനുള്ള അവസരമാണ് ഈ കാലഘട്ടം. ഈ മംഗളവാർത്താ കാലത്ത് ഓരോ ദിവസവും യേശുവിന്റെ ജനനത്തെ കുറിച്ചോ കരുണയെ കുറിച്ചോ ഉള്ള ഒരു തിരുവചനം കാണാതെ പഠിക്കാൻ ഞാൻ

നിങ്ങളെ ക്ഷണിക്കുന്നു. സാധിക്കുമെങ്കിൽ ബൈബിൾ പാരായണമാസമായ ഡിസംബറിൽ ബൈബിളിലെ ഒരു പാരഗ്രാഫെങ്കിലും എല്ലാ ദിവസവും വായിക്കാൻ നിർബന്ധമായും ശ്രമിക്കണം.

3. തൃശ്ശൂർ ബസിലിക്കയിലും പാലയൂർ തീർത്ഥകേന്ദ്രത്തിലുമുള്ള വിശുദ്ധ വാതിലിലൂടെ കടക്കുന്നവർക്ക് ദണ്ഡവിമോചനങ്ങൾ മാർപ്പാപ്പ അനുവദിച്ചിട്ടുണ്ട്. അതിന്റെ നിബന്ധനകൾ ഇപ്രകാരമാണ്. 1. കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കണം. 2. മാർപ്പാപ്പയുടെ നിയോഗാർത്ഥം പ്രാർത്ഥിക്കണം. 3. ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി അപേക്ഷിക്കണം. ഒരു പ്രവശ്യമെങ്കിലും വിശുദ്ധവാതിലിലൂടെ കടന്ന് ദണ്ഡവിമോചനം നേടുവാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ.

4. ഈ ക്രിസ്തുമസ്സ് അവസരത്തിൽ ഉണ്ണീശോയുടെ കരുണയെ കുറിച്ച് നിങ്ങൾ കൂട്ടുകാരോട് പറയണം. ഈ ജൂബിലി ചൈതന്യത്തിൽ നിങ്ങൾ 1. ക്രിസ്തുമസ്സ് സുഹൃത്തിനെ തെരഞ്ഞെടുക്കുക 2. ഏതെങ്കിലും ഒരു പാവപ്പെട്ട രോഗിയെ സന്ദർശിച്ച് ആശ്വസിപ്പിക്കുക 3. നിങ്ങളുടെ ചെറിയ സംഭാവന പാവപ്പെട്ട വ്യക്തിക്കു നൽകുക, തുടങ്ങിയ ജീവകാരുണ്യപ്രവർത്തികൾ ചെയ്യുന്നത് നല്ലതാണ്.

5. ക്രിസ്തുമസ്സിന്റെ അവസരത്തിൽ നിങ്ങളുടെ വീടുകളിലേക്ക് ഞാനൊരു കത്ത് അയച്ചിട്ടുണ്ട്. അത് നിങ്ങൾ വായിക്കണം. പാവപ്പെട്ടവരെ സഹായിക്കാനുള്ള കാരുണ്യനിധിയിലേക്ക് നിങ്ങളുടെ ചെറിയ തുകയും സംഭാവനയായി നൽകണം. നിങ്ങളുടേതായ കൊച്ചുകാശ് നിങ്ങളുടെ കുടുംബത്തിനുള്ള കവറിലിട്ടോ മതബോധനക്ലാസ്സ് അടിസ്ഥാനത്തിൽ ശേഖരിച്ചോ വികാരിയച്ചനെ ഏല്പിക്കുന്നത് നല്ലതാണ്.

6. പല ഇടവകകളിലും പാവപ്പെട്ട വൃദ്ധരെ സഹായിക്കാൻ സാന്ത്വനപരിരക്ഷ (Palliative Care) യൂണിറ്റുകളുണ്ട്. യുവാക്കളായ മതബോധന വിദ്യാർത്ഥികളെ ഇതിലെ വളണ്ടിയർമാരാക്കുവാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങളുടെ വീടുകളിലും അയൽവീടുകളിലുമുള്ള വൃദ്ധരെ സ്നേഹപൂർവ്വം സന്ദർശിക്കുന്നത് കാരുണ്യപ്രവൃത്തി തന്നെയാണ്.

7. ഈ കാരുണ്യജൂബിലി വർഷത്തിൽ നമ്മുടെ അതിരൂപതയിലുള്ള ജീവകാരുണ്യ സ്ഥാപനങ്ങൾ കുടുംബത്തോടൊപ്പമോ മതബോധന ക്ലാസ്സുകളുടെ നേതൃത്വത്തിലോ സന്ദർശിക്കാൻ പരിശ്രമിക്കണം.
8. ബൈബിളിലെ വലിയ ദർശനമാണ് ദശാംശം കൊടുക്കുക എന്നുള്ളത്. അത് എന്താണെന്ന് നിങ്ങൾ പഠിക്കണം. ക്രിസ്തുമസ്സിനോ തിരുനാളുകൾക്കോ നിങ്ങൾക്കു കിട്ടുന്ന പോക്കറ്റ് മണിയുടെ ദശാംശം ദൈവത്തിനും പാവപ്പെട്ടവർക്കുമായി മാറ്റി വയ്ക്കുന്ന ശീലം ഉണ്ടാകുന്നത് നല്ലതാണ്.
9. മാർപ്പാപ്പ പറയുന്നതുപോലെ പ്രകൃതിയോടും നാം കരുണ കാണിക്കണം. നിങ്ങളുടെ വീടുകളിലും സ്കൂളുകളിലും പള്ളികളിലും പ്രകൃതിസംരക്ഷണവും മാലിന്യനിർമ്മാർജ്ജനവും എങ്ങനെ പ്രാവർത്തികമാക്കാം എന്ന് ചർച്ച ചെയ്യണം. നേരത്തെ എഴുതിയ കത്ത് നിങ്ങൾ ഓർക്കുന്നുണ്ടോ.

പ്രിയ കുട്ടികളേ, കാരുണ്യത്തിന്റെ ജൂബിലി വർഷം നിങ്ങൾക്ക് അനുഗ്രഹത്തിന്റെ വർഷമാകണം. ഉണ്ണീശോയ്ക്ക് നിങ്ങൾ കാരുണ്യത്തിന്റെ സമ്മാനം നൽകണം. ഈ സമ്മാനം ദൈവസ്നേഹവും പരസ്നേഹവുമാകട്ടെ. പുതുവത്സരത്തിൽ നിങ്ങൾക്ക് വിജയങ്ങൾ നേരുന്നു.

സസ്നേഹം നിങ്ങളുടെ വത്സലപിതാവ്,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

*പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ സ്നേഹവും സമാധാനവും എല്ലാ മതാധ്യാപകർക്കും വിശ്വാസപരിശീലനം സ്വീകരിക്കുന്ന എല്ലാ കുഞ്ഞുമക്കൾക്കും ആശംസിക്കുന്നു.*

## 1. Aptitude Examination for Sunday Catechism Teachers

**a) യൂണിറ്റുതല പരീക്ഷ: 2015 ഡിസംബർ 6 ഞായർ, 3 PM – 4 PM.**

ആപ്റ്റിറ്റ്യൂഡ് പരീക്ഷയെ സംബന്ധിച്ച വിശദ വിവരങ്ങൾ നവംബർ മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. അതിരൂപതയിലെ എല്ലാ മതാധ്യാപകരും ഈ പരീക്ഷ എഴുതുകയും അതിൽ വിജയിക്കുകയും വേണം. (വാർഷികപ്രോഗ്രാം പേജ് 37 കാണുക) യൂണിറ്റുതലത്തിൽ നിശ്ചിത ദിവസം പരീക്ഷ എഴുതാത്ത അധ്യാപകർക്കും തോറ്റവർക്കും Re-Examination ഉണ്ടായിരിക്കും. ഈ പരീക്ഷ 2016 ജനുവരി 3 ന് ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണി വരെ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതായിരിക്കും.

നവംബർ 28 മുതൽ ചോദ്യക്കടലാസ് മതബോധനകേന്ദ്രത്തിൽ നിന്നും പ്രധാന അധ്യാപകൻ വാങ്ങി കൊണ്ടുപോകേണ്ടതാണ്. പരീക്ഷ എഴുതിയ അധ്യാപകരുടെ ഉത്തരകടലാസ്സുകൾ അതാത് യൂണിറ്റിൽ വികാരിയച്ചന്റെ / പ്രധാന അധ്യാപകന്റെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്തതിനുശേഷം എല്ലാ അധ്യാപകരുടേയും പേരെഴുതിയ മാർക്ക് ലിസ്റ്റ് ഡിസംബർ 20-ന് മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതാണ്. മൂല്യനിർണ്ണയത്തിനുള്ള ഉത്തരസൂചിക പരീക്ഷക്കുശേഷം മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും ലഭിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് : **http://catechismtrichur.blogspot.in**

**b) അതിരൂപതാതല പരീക്ഷ: 2015 ഡിസംബർ 20 ഞായർ, 2.30 PM – 4.30 PM (മതബോധനകേന്ദ്രത്തിൽ).**

യൂണിറ്റിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന ഒരു വ്യക്തിയെ മാത്രം അതിരൂപതാതല പരീക്ഷക്ക് പറഞ്ഞയയ്ക്കുക. അതിരൂപതാതല പരീക്ഷയുടെ സിലബസ്സ് 'രക്ഷ ക്രൈസ്തവദർശനത്തിൽ' എന്ന പുസ്തകത്തിലെ 14 അദ്ധ്യായങ്ങൾ ആണ്. ചോദ്യകടലാസ് പാക്കറ്റിന്റെ ഒപ്പം ലഭിക്കുന്ന ഹാൾടിക്കറ്റ് പരീക്ഷാർത്ഥിയുടെ കൈയ്യിൽ നിർബന്ധമായും കൊടുത്തയയ്ക്കണം. ഹാൾടിക്കറ്റിൽ അധ്യാപകന്റെ പേര്, ആവശ്യമായ ഒപ്പുകൾ എന്നിവ ഉണ്ടെന്ന് പ്രധാന അധ്യാപകൻ ഉറപ്പുവരുത്തണം.

## 2. Unit Visit

ഡിസംബർ മാസത്തിൽ തന്നെ യൂണിറ്റ് സന്ദർശനം നടത്തിക്കഴിഞ്ഞിരിക്കേണ്ടതാണ്. സന്ദർശന റിപ്പോർട്ട് നിർബന്ധമായും 2016 ജനുവരി 11

ന് മുമ്പ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഡിസംബർ 20–ന് യൂണിറ്റുകളിൽ ക്രിസ്തുമസ്സ് ആഘോഷത്തിന് സാധ്യത ഉള്ളതിനാൽ, ആ ഞായറാഴ്ച്ച യൂണിറ്റ് സന്ദർശനം സാധ്യമാവില്ല എന്ന് ഓർമ്മിപ്പിക്കുന്നു.

**3. Annual Examinations & Centralised Valuation**

മതബോധന വാർഷിക പരീക്ഷകൾ 2015 ഫെബ്രുവരിയിൽ തന്നെ നടത്തുന്നതാണ്. അതനുസരിച്ച് പാഠങ്ങൾ പഠിപ്പിച്ചു തീർക്കുകയും മറ്റു ഒരുക്കങ്ങൾ ചെയ്തു തീർക്കുകയും ചെയ്യുക. കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് (Std. XII & ACC) ബന്ധപ്പെട്ട എല്ലാ അധ്യാപകരും നിർബന്ധമായും സംബന്ധിക്കണം. തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

**4. SMCC Award – Std. XII Students**

Syro-Malabar Catechetical Commission Award-ന്റെ ഫൊറോനാ തല തെരഞ്ഞെടുപ്പ് ഒക്ടോബർ-നവംബർ മാസത്തിൽ തന്നെ വളരെ വിജയകരമായി നടത്തി. നടത്തിപ്പിന് സഹായിച്ച ബഹു. അച്ചന്മാർ, ഫൊറോനാ പ്രമോട്ടർമാർ, ഹെഡ്മാസ്റ്റർമാർ, ആനിമേറ്റർമാർ മുതലായവരുടെ സഹകരണത്തിന് നന്ദി. ഓരോ ഫൊറോനയിൽ നിന്നും കുട്ടികളെ തെരഞ്ഞെടുത്തു. അതിരൂപതാതല ആദ്യ തെരഞ്ഞെടുപ്പ് നവംബർ 21 ന് നടന്നു. അടുത്ത തെരഞ്ഞെടുപ്പ് ഡിസംബർ 18, 19, 20 തിയ്യതികളിൽ നടത്തുന്നതാണ്. ഈ കുട്ടികളിൽ നിന്നും 4 പേരെ തെരഞ്ഞെടുത്ത് സഭാതല മത്സരത്തിലേക്ക് പറഞ്ഞയയ്ക്കുന്നു.

*HAPPY CHRISTMAS!*

സസ്നേഹം,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
(Asst. Directors)

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

**Institute of Theology** യിൽ നിന്നും പുതിയ ദൈവശാസ്ത്ര കോഴ്സുകൾ:

## 1. B. A in Theology & Religious Studies (Affiliated to Catholic University, Leuven [Katholieke Universiteit, Leuven], Belgium)

യൂറോപ്പിലെ Catholic University of Leuven, Belgium വുമായി affiliate ചെയ്തിരിക്കുന്ന ദൈവശാസ്ത്രവിദ്യാപീഠത്തിൽ നിന്നും മൂന്നു വർഷത്തെ B.A. in Theology and Religious Studies - ന്റെ പുതിയ ബാച്ച് January 3 ാം തിയ്യതി ഞായറാഴ്ച ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ December 12- ാം തിയ്യതി 2.30 pm - 4.30 pm വരെ നടക്കുന്ന Entrance Exam ൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എല്ലാ ഞായറാഴ്ചകളിലും (2 മണി മുതൽ 5 മണി വരെയും) രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30 am മുതൽ 5 pm വരെ ആയിരിക്കും ക്ലാസ്സുകൾ.

Conditions and requirements to join in B.A. in Theology and Religious Studies

- ★ Open to all who have a Bachelor degree or equivalent in any other secular topics and who want to deepen Christian faith.
- ★ Welcome to Government officers who desire to witness Christ and impart His teachings among their co-workers and friends
- ★ No age limit for admission.
- ★ Candidate has to pass the Entrance Examination conducted by the Institute of Theology Thrissur.
- ★ B. A in Theology Study Programme is equivalent to 140 Credit Points in three years.
- ★ A Credit Point is 15 study hours.
- ★ The Credits could be attained by attending the Classes of each Subject, Seminars, writing assignments and book reviews suggested by the Institute, annual paper and a dissertation work presented to the Faculty of Theology, Catholic University of Leuven (K.U.L)

Belgium.

- ★ Medium of Teaching : English; Course Fees Rs. 2000/- per year.
- ★ For more details, contact Director

Rev.Raphael Akkamattathil, Director, Institute of Theology
DBCLC, Archbishop's House, Trichur 680 005,
Phone: (0487) 2333245
E-mail: Institute.of.theology@gmail.com

**2. Basic Theology Course**

സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ ബെയ്സിക് തിയോളജി കോഴ്സ് (BTC) 2016 ജനുവരി 6-ന് (ബുധൻ) ആരംഭിക്കുന്നതാണ്. ക്ലാസ്സ് സമയം രാവിലെ 9 മണി മുതൽ 12 മണി വരെ. ചേരാൻ ആഗ്രഹിക്കുവർ ഡി. ബി. സി. എൽ. സി യിലെ തിയോളജി ഓഫീസിൽ നിന്നും വിശദവിവരങ്ങൾ അറിഞ്ഞ് പേര് രജിസ്റ്റർ ചെയ്യുക.

3. Six months Theology course ന്റെയും Correspondence Theology Course ന്റെ യും Course പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റുകൾ 2016 ജനുവരി 26 ന് ഡി ബി. സി. എൽ. സി യിൽ വെച്ച് നടക്കുന്ന Award day programme -ൽ വിതരണം ചെയ്യുന്നതായിരിക്കും.

**4. Correspondence Theology Course**

കറസ്പോണ്ടൻസ് തിയോളജിയുടെ ക്ലാസ്സുകൾ ഡിസംബർ 13, ഡിസംബർ 20 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെ ആയിരിക്കും.

ആശംസകളോടെ

**Fr. Raphael Akkamattathil**
Director

# മേരി മാതാ മേജർ സെമിനാരി

## Star Kings 2015 ന് ദീപശിഖ തെളിഞ്ഞു (ഒക്ടോബർ 25)

ഹോം ഡേയുടെ ഭാഗമായി സർഗ്ഗജ്യോതിയുടെ നേതൃത്വത്തിൽ സെമിനാരിയിൽ നടത്തുന്ന കലാകായിക മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. No Dreams tooo big, No dreams too far എന്ന മുദ്രവാക്യവുമായി തുടങ്ങിയ Star Kings 2015 ന് ഗായകനായ ഫാ. പോൾ പൂവ്വത്തിങ്കൽ CMI ദീപശിഖ കൊളുത്തി ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് Star Kings 2015ന്റെ ലോഗോയുടെയും മോട്ടോയുടെയും പ്രകാശനവും പ്രതിജ്ഞ ചൊല്ലിക്കൊടുക്കലും സെമിനാരി റെക്ടർ റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ നിർവ്വഹിച്ചു.

വൈദികവിദ്യാർത്ഥികളെ മുഴുവനും നാല് ഗ്രൂപ്പുകലായി തിരിച്ച് മൂന്ന് ആഴ്ചകളായി നീണ്ടുനിൽക്കുന്ന കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു. നവംബർ 19, 20 തിയിതിളിൽ ബാക്കിയുള്ള കലാമത്സരങ്ങളും അത്ലറ്റിക്സും നടത്തി. 21-ാം തിയതി ഹോംഡേയുടെ  അന്ന് മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി അഭിനന്ദിച്ചു.

### സകല മരിച്ചവരുടേയും ഓർമ്മദിനം (നവംബർ 2)

സകല മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കാൻ വീണ്ടും ഒരു ദിനം കൂടി. പതിവിൽ നിന്നും വ്യത്യസ്തമായി മുളയം ഇടവക ദേവാലയത്തിൽ പോയി മരിച്ചവർക്ക് വേണ്ടി വിശുദ്ധകുർബ്ബാനയിലും മറ്റ് തിരുകർമ്മങ്ങളിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. ബഹു. ജോർജ്ജ് മാനാടനച്ചൻ മുഖ്യകാർമ്മികത്വം വഹിച്ച ദിവ്യബലിയിൽ ഫാ. ബിൽജു വാഴപ്പിള്ളിയച്ചനാണ് വചന സന്ദേശം നൽകിയത്.

### സ്നേഹോത്സവത്തിന് തുടക്കം

ഈശോയുടെ ഹൃദയത്തിനിണങ്ങിയ അജപാലകരാകാനും അജഗണങ്ങൾക്ക് അവിടുത്തെ സ്നേഹം പകർന്നുകൊടുക്കുവാനായി രൂപപ്പെടുത്തിയ സ്നേഹോത്സവത്തിന്റെ ഈ വർഷത്തെ അകന്ന ഒരുക്കം ഒക്ടോബർ മാസം ആരംഭിച്ചു. ചങ്ങാലൂർ, പുത്തൻപീടിക എന്നീ ഇടവകകളാണ് സ്നേഹോത്സവത്തിന് തിരഞ്ഞെടുത്തത്. ഇരു ഇടവകകളിലും പോകുന്ന ബ്രദേഴ്സിനും വൈദീകർക്കും, ബഹു റെക്ടറച്ചൻ പൊതുവായി ഓരോ  ജപമാലകൾ കൊടുത്തു. സഹോദരങ്ങൾ ഓരോ ദിവസവും ജപമാല ചൊല്ലി കൈമാറി പ്രാർത്ഥിക്കുവാനും സ്നേഹോത്സവത്തിന് മുൻപുള്ള നാലു വെള്ളിയാഴ്ചകളിൽ ആരാധന നടത്തി പ്രാർത്ഥിക്കുവാനും ആരംഭിച്ചു.

**നാടകം (ഒക്ടോബർ 31)**

സെമിനാരിയിലെ സർഗ്ഗജ്യോതിയുടെ നേതൃത്വത്തിൽ ഈ വർഷം ഒരുക്കിയ ആദം മുതൽ ആന്റപ്പൻ വരെ എന്ന നാടകം വൻ വിജയമായി. സെമിനാരിയിലെ സഹോദരങ്ങൾ തന്നെ എഴുതി, അഭിനയിച്ചു എന്നാണ് നാടകത്തിന്റെ പ്രത്യേകത. ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളായ ബ്രദർ ഗ്രിജോ, ബ്രദർ അനുവിൻ എന്നിവരാണ് നാടകത്തിന്റെ രചന നടത്തിയത്. ബഹു. ഫാ. ഫിജോ ആലപ്പാടൻ സംവിധാനവും ഡീക്കൻ ജീനോ സഹസംവിധാനവും നിർവ്വഹിച്ചു. സർഗ്ഗജ്യോതിയുടെ തലവനായ ബഹു. ആന്റോ ചുങ്കത്തച്ചന്റെ നേതൃത്വത്തിലാണ് നാടകം അരങ്ങേറിയത്.

**വിനോദയാത്ര**

പരസ്പരമുള്ള സൗഹൃദവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായി സെമിനാരി വിദ്യാർത്ഥികൾ വിനോദയാത്ര നടത്തി. നവംബർ 9 തിയതി രാവിലെ 6 മുതൽ രാത്രി 10വരെയുള്ള വിനോദയാത്രയിൽ ബാച്ച് ഒരുമിച്ചും ചെറിയ ഗ്രൂപ്പുകളായും തിരിഞ്ഞും സഹോദരങ്ങൾ അവരുടെ വിനോദയാത്രകൾ ആനന്ദപ്രദമാക്കി തീർത്തു.

**ജൂബിലി ആഘോഷം (നവംബർ 10)**

പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന സെമിനാരിയുടെ പിതാവും തലവനുമായി ബഹു. ബാബു പാണാട്ടുപറമ്പിലച്ചന്റേയും വൈസ് റെക്ടർ ജിഫി മേക്കാട്ടുകുളമച്ചന്റേയും  വിസിറ്റിംഗ് പ്രൊഫസേഴ്സ് ആയ ബഹു. പോൾ പുളിക്കനച്ചന്റേയും ലോറൻസ് തൈക്കാട്ടിലച്ചന്റേയും ആന്റോ ചേരാംതുരുത്തിയച്ചന്റേയും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. ജോസ് തച്ചിലച്ചന്റേയും ബഹു. ആന്റണി മേച്ചേരിയച്ചന്റേയും ജൂബിലി സെമിനാർ കുടുംബം സമുചിതമായി ആഘോഷിച്ചു. ബഹു. ബാബു പാണാട്ടുപറമ്പിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയും തുടർന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെ അദ്ധ്യക്ഷതയിൽ അനുമോദനയോഗവും ഉണ്ടായിരുന്നു.

**മാസധ്യാനം (നവംബർ 14)**

നവംബർ മാസത്തെ ധ്യാനം 13, 14 തിയതികളിലായി നടന്നു. ബഹുമാനപ്പെട്ട റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി അച്ചനാണ് മാസധ്യാനം നടത്തിയത്. തന്റെ അജപാലനുഭവങ്ങളും, സെമിനാരിയനുഭവങ്ങളും പങ്കുവച്ച അദ്ദേഹം പരിശീലനത്തേയും പൗരോഹിത്യത്തെയും ആഴത്തിൽ സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിച്ചു.

### കുടുംബദിനം

മേരിമാതാ സെമിനാരിയുടെ 18-ാമത് കുടുംബദിനം നവംബർ 21ന് സാഘോഷം കൊണ്ടാടി. രാവിലെ സെമിനാരി കുടുംബം ഒന്നുചേർന്ന് വി. ബലിയർപ്പിച്ച് എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദിയർപ്പിച്ചു. സെമിനാരിയുടെയും ബ്രദേഴ്സിന്റെയും വളർച്ചയ്ക്കായി പരിശ്രമിക്കുന്ന എല്ലാവരും സെമിനാരി കുടുംബത്തോട് ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ശേഷം സ്നേഹ വിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് ആഘോഷമായ പ്രദക്ഷിണവും ദിവ്യകാരുണ്യ ആശീർവ്വാദവും ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ജെയ്ക്കബ്ബ് പിതാവാണ് ഇതിന് നേതൃത്വം നൽകിയത്.

### വി. സിസിലിയുടെ തിരുനാൾ

ദേവാലയ സംഗീതത്തിന്റെ മദ്ധ്യസ്ഥയുടെ തിരുനാൾ മേരിമാതാ സെമിനാരിയിൽ വിപുലമായി ആഘോഷിച്ചു. തിരുനാളിനെ തുടർന്ന് നോൺ കൊയർ മെമ്പേഴ്സിനുവേണ്ടി നടത്തപ്പെട്ട ഗാനമത്സരത്തിൽ സഹോദരങ്ങളിൽ ചിലരെ ഗാനഗന്ധർവ്വൻ, ഗാനകോകിലം, ജനപ്രിയ ഗായകൻ എന്നിങ്ങനെ തിരഞ്ഞെടുത്തു.

## Alumini Gathering നവംബർ 26

മേരിമാതാ സെമിനാരിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ച എല്ലാ വൈദികരെയും ഒരുമിച്ചു കൂട്ടുന്ന Alumini Gathering സാഘോഷം കൊണ്ടാടുന്നു. സാധിക്കാവുന്ന എല്ലാ വൈദികരും ഈ Alumini Gathering ൽ പങ്കെടുക്കുകയും ചെയ്യുന്നു. അഭിവന്ദ്യ പിതാക്കന്മാരും സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവും ഈ ഗാതറിംഗിൽ പങ്കെടുക്കുന്നതാണ്.

### ബേഴ്സ് സ്ഥാപിച്ചവർ

## Individual Patron Membership

1. റവ. സി. പ്രൊവിൻഷ്യാൽ, നിർമ്മൽ റാണി അഡോറേഷൻ പ്രോവിൻഷ്യാൽ ഹൗസ്, ചേറ്റുപുഴ
2. ശ്രീ. ജോൺ ജോസഫ്, ചിറമ്മൽഹൗസ്, തൃശ്ശൂർ
3. ശ്രീ. എ. വി. ജോർജ്ജ്, ഐനിക്കൽഹൗസ്, ചെന്നായ്പാറ
4. ശ്രീമതി കെ.കെ. മേരി C/o. ശ്രീമതി ടി.ഐ. മേഴ്സി, തച്ചിൽ ഹൗസ്, വെങ്കിടങ്ങ്

## Individual Benefactors Membership

1. റവ. സി. സുപ്പീരിയർ, സീയോൻ റിന്യൂവൽ സെന്റർ, തിരൂർ
2. ശ്രീ. ധീരൻ ആന്റണി, പാറോക്കാരൻ ഹൗസ്, ഒല്ലൂക്കര
3. ശ്രീ. ജോൺ ജോസ്, കാഞ്ഞിരപറമ്പിൽ ഹൗസ്, കൊട്ടേക്കാട്
4. ശ്രീ. ജോസ് മുത്തുപീടിക, പെരിഞ്ചേരി
5. ശ്രീ. അനൂജ് ആന്റണി, കോനിക്കര ഹൗസ്, കിഴക്കുംപാട്ടുകര
6. ശ്രീ. ടി.പി. ജോസ്, തേറാട്ടിൽ ഹൗസ്, മണലൂർ

## Individual Well wisher Membership

1. ശ്രീമതി സിസി. ചെറിയാൻ സി. ആലപ്പാട്ട് പാലത്തിങ്കൽ ഹൗസ്, വിയ്യൂർ
2. ശ്രീമതി ടി.എൽ.ആഗ്നസ്, പാലിയേക്കര ഹൗസ്, ചിയ്യാരം

**(റെക്ടർ)**

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**ജപമാല പ്രദക്ഷിണം**

ജപമാലമാസത്തിന്റെ സമാപന ദിനമായ ഒക്ടോബർ 31-ാം തിയതി വൈകീട്ട് ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണം നടത്തി സെമിനാരി കുടുംബം പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചു.

### Archbishop's Day & Home Day

നവംബർ 7-ാം തിയതി സെമിനാരി കുടുംബം ആർച്ചുബിഷപ്പ് ഡേയും ഹോം ഡേയും സംയുക്തമായി ആഘോഷിച്ചു. അന്നേ ദിവസം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ആഘോഷങ്ങളുടെ ഭാഗമായി തലേനാൾ വൈകീട്ട് സെമിനാരിക്കാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടികൾ മനോഹരമാക്കാൻ സാന്നിധ്യംകൊണ്ടും പരിശ്രമം കൊണ്ടും സർവ്വോപരി പ്രാർത്ഥനകൊണ്ടും സഹായിച്ച എല്ലാവർക്കും അകമഴിഞ്ഞ നന്ദി.

**ഇടവക തിരുനാൾ**

മഡോണ നഗർ ഇടവക ദൈവാലയത്തിലെ തിരുനാൾ തിരുക്കർമ്മങ്ങളിലും ആഘോഷങ്ങളിലും സെമിനാരി കുടുംബം താല്പര്യപൂർവ്വം പങ്കുചേർന്നു. നവംബർ 7, 8, 9 തിയതികളിലായിരുന്നു തിരുനാളാഘോഷങ്ങൾ. സെമിനാരി കുടുംബത്തെ സ്വന്തമായി കരുതുന്ന ബഹു. വികാരിയച്ചനും ഇടവക്കാർക്കും ഏറെ നന്ദി.

**മാസധ്യാനം**

നവംബർ 13, 14 എന്നീ തിയതികളിലായി മാസധ്യാനം നടന്നു. മൈനർ സെമിനാരിക്കാർക്ക് ബഹു. വർഗ്ഗീസ് എടക്കളത്തൂരച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും റീജൻസ് ബ്രദേഴ്സിനും ബഹു. ഡെയ്സൺ മുണ്ടോപുറമച്ചനുമാണ് ധ്യാനചിന്തകൾ നൽകിയത്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ബിനോയ് തറയിൽ, അയ്യന്തോൾ, തൃശ്ശൂർ
2. ശ്രീ. റാഫി ഫിലിപ്പ്, തരകൻ ഹൗസ്, കോലഴി
3. ശ്രീ. കുഞ്ഞുവറീത് & ശ്രീമതി ഇറ്റ്യാനം, C/o. ശ്രീ. ബാബു ഇമ്മട്ടി, എളംതുരുത്തി, കുട്ടനെല്ലൂർ
4. ശ്രീമതി  ജൂലി റെനിമോൻ, പച്ചിലമാക്കിൽ ഹൗസ്, ഉഴവൂർ
5. ശ്രീ. അജിത്ത് തോമസ്, അക്കര ഹൗസ്, ആനപ്പടി, ഒല്ലൂർ
6. റവ. ഫാ. ബിജു പാണേങ്ങാടൻ, തൃശ്ശൂർ അതിരൂപത
7. റവ. സിസ്റ്റർ സുപ്പീരിയർ, ഡോൺ ബോസ്കോ കോൺവെന്റ്, നെല്ലിക്കുന്ന്
8. ശ്രീമതി തേയ്ക്കാനത്ത് ചാക്കോള ആന്റണി ഗ്രീസ്റ്റ, തൈക്കാട്ടുശ്ശേരി
9. ശ്രീമതി ലിസി കെ. ഐ. , കൊള്ളന്നൂർ ഹൗസ്, ഇയ്യാൽ

ഈശോയുടെ ശുശ്രൂഷ ലോകത്തിൽ തുടരാൻ അജപാലകരെ പരിശീലിപ്പിക്കുന്ന പ്രക്രിയയിൽ ആത്മാർത്ഥമായി സഹകരിക്കുന്ന ഏവരേയും ദിവ്യനാഥൻ  ആശീർവ്വദിച്ചനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

## 1. ഓർമ്മിക്കാൻ... ആചരിക്കാൻ – 2015 ഡിസംബർ

| | |
|---|---|
| 1 ചൊവ്വ | – ലോക എയ്ഡ്സ് ദിനം |
| 2. ബുധൻ | – ലോക വികലാംഗദിനം |
| 3. വ്യാഴം | – വി. ഫ്രാൻസീസ് സേവ്യർ |
| 4. വെള്ളി | – ആദ്യവെള്ളി, കുർബ്ബാന |
| 6. ഞായർ | – ഡോ. ബി. ആർ അംബേദ്ക്കർ ദിനം |
| 8. ചൊവ്വ | – മാതാവിന്റെ അമലോത്ഭവ തിരുനാൾ |
| 10. വ്യാഴം | – മനുഷ്യാവകാശദിനം |
| 13 ഞായർ | – മാർ ആൻഡ്രൂസ് താഴത്ത് ജന്മദിനം |
| 25 വെള്ളി | – ക്രിസ്തുമസ്സ് |
| 28 തിങ്കൾ | – കുഞ്ഞിപ്പൈതങ്ങൾ, തിരുക്കുടുംബം |

## 2. മാനേജർ/പ്രിൻസിപ്പാൾ യോഗം

തൃശ്ശൂർ അതിരൂപതയിലെ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ (H.S.S., H.S., U.P) മാനേജർമാരുടെയും പ്രിൻസിപ്പാൾമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ഒരു യോഗം നവംബർ 6 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് അരമന ഓഡിറ്റോറിയത്തിൽ വെച്ച് കൂടി. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഈ യോഗത്തിൽ ജോൺസൺ ലെയോൺ, സോണി വർഗ്ഗീസ്, ഹേമി സെബാസ്റ്റ്യൻ, ടോജോ മാത്യു എന്നിവർ വിദ്യാർത്ഥികളെ ഇന്റർവ്യൂകളിൽ വിജയപ്രദമായി പങ്കെടുക്കാൻ സുസജ്ജരാക്കേണ്ടതിന്റെ ആവശ്യകതകളെപ്പറ്റി ക്ലാസ്സുകളെടുത്തു. നമ്മുടെ വിദ്യാലയങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് നൽകാവുന്ന ട്രെയിനിംഗ് പ്രോഗ്രാമിനെപ്പറ്റി ഒരു രൂപരേഖയുണ്ടാക്കുകയും ഇതിന് നേതൃത്വം നൽകുന്നതിനായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

## 3. കോർപ്പറേറ്റ് മാനേജർമാരുടെ യോഗം

കേരള കത്തോലിക്കാ, മെത്രാൻ സമിതി (കെ.സി.ബി.സി.) വിദ്യാഭ്യാസ കമ്മീഷൻ വിളിച്ചുചേർത്ത കേരളത്തിലെ കത്തോലിക്ക കോർപ്പറേറ്റ് മാനേജർമാരുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധികളുടെയും ഒരു സംയുക്ത യോഗം നവംബർ 13ന് വെള്ളിയാഴ്ച രാവിലെ 10.30ന് അരമന ഓഡിറ്റോറിയത്തിൽ വെച്ച് കൂടി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം ഉൾപ്പെടെ പൊതുവിദ്യാഭ്യാസ

രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്ത സാഹചര്യത്തെപ്പറ്റി യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. അതിന്റെ വെളിച്ചത്തിൽ പുതിയ പ്രക്ഷോഭ പരിപാടികൾ ആവിഷ്ക്കരിച്ചു.

**4. ലോകായുക്ത നോട്ടീസ്**

ജില്ലാ-ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി കേരള ലോകായുക്ത എയ്ഡഡ് സ്കൂൾ മാനേജർമാരുടെ ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ നോട്ടീസ് നൽകുന്നുണ്ട്. ഈ നോട്ടീസിന് മറുപടി നല്കാൻ നാം കടപ്പെട്ടവരാണ്. നൽകേണ്ട മറുപടിയുടെ മാതൃക എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്നതാണ്.

**5. കാരുണ്യവർഷം**

2015 ഡിസംബർ 8ന് ചൊവ്വാഴ്ച മുതൽ കരുണയുടെ ജൂബിലി വർഷം ആരംഭിക്കുകയാണ്. 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപ്പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' (ലൂക്കാ 6 : 36) – ഇതാണ് കരുണാവർഷത്തിലെ മുദ്രാവാക്യം. നിരവധിയായ കാരുണ്യപ്രവർത്തികളിലൂടെ കരുണയുടെ വർഷത്തിന് സാക്ഷികളാകുവാൻ പരിശ്രമിക്കുക, യേശുവിന്റെ കരുണയുടെ മുഖം നമ്മിലൂടെ മറ്റുള്ളവർക്ക് അനുഭവവേദ്യമാകാൻ ഉതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലോ.

**6. ഉപദേശക സമിതി യോഗം**

അതിരൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ഉപദേശക സമിതിയോഗം ഡിസംബർ 4ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് അരമന ഓഡിറ്റോറിയത്തിൽവെച്ച് വികാരി ജനറാൾ മോൺ ജോർജ്ജ് എടക്കുളത്തൂരിന്റെ മഹനീയ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. ഉപദേശക സമിതി അംഗങ്ങളെ പ്രത്യേകം യോഗത്തിലേക്ക് ക്ഷണിക്കുന്നു.

**7. ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ**

അതിരൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുംവിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു. ഉണ്ണീശോ നിങ്ങളെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി,**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**1. ഡാറ്റ കളക്ഷൻ കഴിഞ്ഞ് തിരിച്ചെത്തി.**

M.Ed. വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായുള്ള പ്രബന്ധം തയ്യാറാക്കൻ വിവിധ സ്കൂളുകളിൽനിന്ന് ഡാറ്റ ശേഖരിച്ച് ഒക്ടോബർ 26ന് തിരിച്ചെത്തി.

**2. HIV- AIDS ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു.**

മുള്ളൂർക്കര പബ്ലിക് ഹെൽത്ത് സെന്ററിന്റേയും ആക്ട് സംഘടനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ HIV-AIDS ബോധവൽക്കരണ പരിപാടി സെപ്തംബർ 11-ാം തിയതി മഹാജൂബിലി കോളേജിൽ സംഘടിപ്പിച്ചു. മുള്ളൂർക്കര പഞ്ചായത്ത് പ്രസിഡന്റ് ലൂസി ടീച്ചർ ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു. മുള്ളൂർക്കര പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ പ്രസാദ് സി. സ്വാഗതം നേർന്നു. ഫാ. ഇഗ്നേഷ്യസ് നന്തിക്കര അദ്ധ്യക്ഷനായിരുന്നു. ആക്ടസ് സംഘടന പ്രവർത്തകരൻ ഗഫൂർ, ഹെൽത്ത് ജൂനിയർ ഇൻസ്പെക്ടർ സാജു സി., നാട്ടരങ്ങ് കലാസമിതി കോ-ഓർഡിനേറ്റർ ബിജു മുഹമ്മദ് എന്നിവർ ആശംസകളർപ്പിച്ചു. നാട്ടരങ്ങ് കലാസമിതി (കരുനാഗപള്ളി)യുടെ നേതൃത്വത്തിൽ HIV-AIDS ബോധവൽക്കരണ തെരുവുനാടകവും ഉണ്ടായിരുന്നു.

**3. M.Ed. ടൂർ നവ്യഅനുഭവമായി**

ഒക്ടോബർ 19ന് എല്ലാ എം.എഡ് വിദ്യാർത്ഥികളും അദ്ധ്യാപകരായ റവ. ഡോ. ചാക്കോ ചിറമ്മൽ, ദീപ വർഗ്ഗീസ് എന്നിവരും അതിരപ്പിള്ളി തുമ്പൂർമുഴി എന്നി സ്ഥലങ്ങളിലേക്ക് ടൂർ സംഘടിപ്പിച്ചു. എല്ലാ വിദ്യാർത്ഥികളും തമ്മിലുള്ള ഐക്യം വളർത്താൻ ഈ ടൂർ പ്രോഗ്രാം അവസരമായി.

**4. ആയൂർ ബഥാനിയ സന്ദർശിച്ചു.**

അത്താണി അടുത്തുള്ള ബി. ആർ.ഡി. ഗ്രൂപ്പ് നടത്തുന്ന ആയൂർ ബെഥാനിയ ആയൂർവ്വേദ ആശുപത്ര ഒക്ടോബർ 6ന് ബി.എഡ്. വിദ്യാർത്ഥികൾ സന്ദർശിച്ചു. ആയൂർവ്വേദ ചികിത്സകളെ കുറിച്ചും യോഗയെക്കുറിച്ചും. ക്ലാസ്സുകൾ ഉണ്ടായിരുന്നു. രാവിലെ 10 മണിക്ക് ഹെർബൽ ടീ നല്കിയാണ് ആയൂർ ബഥാനിയ ടീമംഗങ്ങൾ ഞങ്ങളെ സ്വീകരിച്ചത്. ഉച്ചക്ക് വിഷരഹിത പച്ചക്കറി കൊണ്ടുണ്ടാക്കിയ സ്വാദിഷ്ടമായ ഭക്ഷണവും ഉണ്ടായിരുന്നു.

**വയോജന വാരാഘോഷ സമാപന സമ്മേളനം**

കേരള സീനിയർ സിറ്റിസൺസ് ഫോറം തൃശ്ശൂർ ജില്ല ഘടകവും മൂള്ളൂർക്കര യൂണിറ്റും സംയുക്തമായി വയോജന വാരാഘോഷ സമാപന സമ്മേളനം എൻ. എസ്. എസ്. കരയോഗ മന്ദിരഹാളിൽ 07.10.15ന് നടത്തി.

ബഹു. എം. എൽ. എ. രാധാകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. മഹാ ജൂബിലി ട്രെയ്നിംഗ് കോളേജിലെ ഫാ. ബിനു, ബി.എഡ്. വിദ്യാർത്ഥികൾ എന്നിവരെ സമാപനസമ്മേളനത്തിൽ സജീവമായി പങ്കുചേർന്നു.

ജവഹർ ബാലഭവൻ സന്ദർശിച്ചു

തൃശ്ശൂർ ചെമ്പൂക്കാവിൽ സ്ഥിതി ചെയ്യുന്ന ബാലഭവൻ ബി.എഡ്. ട്രെയ്നിംഗ് വിദ്യാർത്ഥികലും ഫാ. ഡോ. ചാക്കോ ചിറമ്മലിന്റെ നേതൃത്വത്തിൽ സന്ദർശിച്ചു. 15.10.15ന് പഠനത്തോടൊപ്പം കുട്ടികളുടെ ക്രിയാത്മക കഴിവുകൾ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സംരംഭമാണിത്.

**ബി.എഡ്. വിദ്യാർത്ഥികൾ കേരള കലാമണ്ഡലം സന്ദർശിച്ചു.**

കേരള സംസ്ക്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും തനതു കലാരൂപങ്ങളുടെയും കേന്ദ്രമായ കേരള കലാമണ്ഡലം മഹാജൂബിലി ട്രെയിനിംഗ് കോളേജ് വിദ്യാർത്ഥികളും അദ്ധ്യാപിക പ്രൊഫ. ദീപയുടെ നേതൃത്വത്തിൽ 12.10.15ന് സന്ദർശിച്ചു. കലകളും മൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മലയാളികൾക്ക് ഒരു ഓർമ്മപ്പെടുത്താലാണ് കേരള കലാമണ്ഡലം. ടൂറിസം മാനേജർ ശ്രീ. ശ്രീജിത്ത് കലാമണ്ഡലത്തെക്കുറിച്ച് വിവരിച്ചു തന്നു.

**ഇവാലുവേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.**

ബി. എഡ്. ഫസ്റ്റ് സെമസ്റ്റർ ഇവാലുവേഷൻ തൃശ്ശൂർ IASC യിൽ ഒക്ടോബർ 12 മുതൽ 17 വരെ യൂണിവേഴ്സിറ്റി തലത്തിൽ സംഘടിപ്പിച്ചു. മഹാജൂബിലി കോളേജിൽ നിന്ന് ഫാ. ഡോ. ചാക്കോ, മിസ് ആൻസി ജോർജ്ജ്, മിസ് സെമ, മിസ് പൂജ എസ് എന്നിവർ പങ്കെടുത്തു.

**അദ്ധ്യാപക പരിശീലനം സമാപിച്ചു.**

ബി.എഡ്. പഠനത്തിന്റെ ഭാഗമായി ഒന്നരമാസം നീണ്ടുനിന്ന അദ്ധ്യാപക പരിശീലനം നവംബർ 6-ാം തിയതി സമാപിച്ചു. പത്ത് സ്കൂളികളിലായ വിദ്യാർത്ഥികൾ അദ്ധ്യാപക പരിശീലനം നടത്തി.

**വിവര ശേഖരണം സമാപിച്ചു.**

എം.എഡ്. പഠനത്തിന്റെ ഭാഗമായി പ്രബന്ധം തയ്യാറാക്കുവാനായി വിവിധ സ്കൂളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ഒക്ടോബർ 26-ാം തിയതി വിദ്യാർത്ഥികൾ തിരിച്ചെത്തി.

**ഫാ. ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ഡിറ്റോ കൂള**
അസി. ബർസാർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

## ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഹോം കമിങ്ങ് 2015

തൃശൂർ: സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ പി. ജി. കോഴ്സ് ആരംഭിച്ചിട്ട് 50 വർഷം തികയുന്നതിന്റെ ഭാഗമായി 2015 ഒക്ടോബർ 18ന് പഴയകാല അദ്ധ്യാപകരും, വിദ്യാർത്ഥികളും ഹോം കമിംഗ് എന്ന പേരിൽ സുവർണജൂബിലി സംഗമം നടത്തി. അന്നേദിവസം 2.30ന് വികാരി ജനറൾ മോൺ. ജോർജ്ജ് എടക്കളത്തൂർ, ഉദ്ഘാടനം ചെയ്ത പരിപാടി മെഡ്ലിക്കോട്ട് ഹാളിൽ സംഘടിപ്പിച്ചു. റവ. ഫാ. പോൾ പുളികക്കൻ ജൂബിലി സന്ദേശം നൽകി. 1964 ലെ ആദ്യ ബാച്ചിൽ പഠിച്ച പ്രമുഖ വിദ്യാർത്ഥിയായ പ്രൊഫ. മാത്യു ജോസഫ് (റിട്ട. പ്രഫസർ, സെന്റ് തോമസ് കോളേജ്, പാല) ജൂബിലി കേക്ക് മുറിച്ച് സംസാരിച്ചു. മുൻ പ്രിൻസിപ്പാളും പൂർവ വിദ്യാർത്ഥിയുമായ റവ. ഡോ. ദേവസി പന്തലൂക്കാരൻ രണ്ടാം ബാച്ചിലെ വിദ്യാർത്ഥി പ്രൊഫ. എ.എം. വർഗീസ് (മുൻ എച്ച്.ഒ.ഡി), ഷെവ. പ്രൊഫ. എ.എ. ജോർജ്ജ് മേനാച്ചേരി, മുൻകാല വിദാർത്ഥി പ്രൊഫ. നന്ദകുമാർ എന്നിവർ ആശംസകളർപ്പിച്ചു.

## ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന് നേട്ടം

തൃശൂർ: തോപ്പ് സ്റ്റേഡിയത്തിൽ വച്ച് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. തൃശൂർ തോപ്പ് ഗ്രൗണ്ട് വച്ച് നടന്ന യൂണിവേഴ്സിറ്റി സൈക്കിളിങ്ങ് ചാമ്പ്യഷിപ്പിൽ സെന്റ് തോമസ് കോളജ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. കേരളവർമ്മ കോളേജിൽ വച്ചു നടന്ന ഡി–സോൺ ഫുട്ബോൾ ടൂർണമെന്റിൽ സെന്റ് തോമസ് കോളേജ് റണ്ണറപ്പായി. കേരളവർമ്മ കോളേജിൽ വച്ചു നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡി–സോൺ ക്രിക്കറ്റ് ടൂർണമെന്റിൽ സെന്റ് തോമസ് കോളേജ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

## റിസർച്ച് സ്കോളേഴ്സ് മീറ്റ് –2015

സെന്റ് തോമസ് കോളേജ് റിസർച്ച് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ റിസർച്ച് സ്കോളേഴ്സ് മീറ്റ് – 2015 സംഘടിപ്പിച്ചു. ഗവേഷണം സാമൂഹ്യപുരോഗതി ലക്ഷ്യം വച്ചുള്ളതായിരിക്കണമെന്നും ഗവേഷകർ സദാ ജിജ്ഞാസയുള്ളവരായിരിക്കണമെന്നും തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയസ് സയൻസ് ആന്റ് ടെക്നോളജിയുടെ ഡീനും മുഖ്യപ്രഭാഷകനുമായ ഡോ. കുരുവിള ജോസഫ് പറഞ്ഞു.

കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷത വഹിച്ചു. റിസർച്ച്

കൗൺസിൽ കോഡിനേറ്റർ ഡോ. ജോബി തോമസ്, വൈസ് പ്രിൻസിപ്പാൾ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ബർസാർ റവ. ഡോ. മാർട്ടിൻ കൊള മ്പ്രത്ത്, കൺവീനർ ഡോ. വി.എം. ചാക്കോ എന്നിവർ പ്രസംഗിച്ചു. കോള ജിലെ അദ്ധ്യാപകരും ഗവേഷണവിദ്യാർത്ഥികളും നേതൃത്വം നൽകിയ പരി പാടി ഗവേഷണരംഗത്തെ നൂതന സാധ്യതകളിലേക്കുള്ള ഒരു ചുവടുവ യ്പായി.

**ബിഎസ്സി ബോട്ടണിയിൽ യൂണിവേഴ്സിറ്റി റാങ്ക്**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2012-15 ബാച്ച് ബിഎസ്സി ബോട്ടണിക്ക് സെന്റ് തോമസ് കോളേജിലെ വീണ കെ.എസ്. ഒന്നാം റാങ്ക് കരസ്ഥമാക്കി. ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന അനുമോദന ചടങ്ങിൽ അതിരൂപത വികാരിജനറൽ മോൺ. ജോർജ്ജ് എടക്കളത്തൂർ ഉപഹാരം നൽകി.

**ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ത്രിദിന ശിൽപശാല**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ, റിസർച്ച് ഡിപ്പാർട്ട്മെന്റ് ആയി ഉയർത്തിയതിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ത്രിദിന ദേശീയ ശിൽപ ശാല നടന്നു. അമ്പതോളം ഗവേഷണ വിദ്യാർത്ഥികൾ തങ്ങളുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കളത്തൂർ അനുഗ്രഹ പ്രഭാഷണം നടത്തിയ സെമിനാറിൽ പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷത വഹിച്ചു. കാലിക്കറ്റ് സർവ്വകലാശാല മുൻ പ്രൊ-വൈസ് ചാൻസലർ പ്രൊഫ. കെ. രവീന്ദ്രനാഥ് ഉദ്ഘാടനം നിർവ ഹിച്ചു. പ്രഫ. ജെയ്ക്കബ് പുലിക്കോട്ടിൽ, ഡോ. ഇഗ്നേഷ്യസ് ആന്റണി എന്നി വർ പ്രസംഗിച്ചു. സസ്യശാസ്ത്ര രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞർ വിഷയാ വതരണം നടത്തി.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**നവംബർ 2015 – മിഷൻ ദിനവും, ആശുപത്രിദിനവും (18.10.2015)**

മിഷൻ ദിനവും, ആശുപത്രി ദിനവും സംയുക്തമായി ഒക്ടോബർ 19 ആചരിച്ചു. വൈകീട്ടു നടന്ന ആഘോഷമായ ദിവ്യബലിക്ക് റവ. ഫാ. ജോയ് മൂക്കൻ നേതൃത്വം നൽകി. ജൂബിലി മിഷനിലെ സ്റ്റാഫംഗങ്ങളുടേയും, വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ വിവിധ സ്റ്റാളുകളും, മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. സ്റ്റാളുകളിൽ നിന്നും ലഭിച്ച ലാഭം മിഷൻ പ്രവർത്തന ങ്ങൾക്കായി നൽകി.

**ജപമാലമാസ സമാപനം (31.10.2015)**

ജപമാലമാസ സമാപനത്തോടനുബന്ധിച്ച് ആസ്പത്രി ചാപ്പലിൽ അഖണ്ഡജപമാല നടത്തിയും പത്തുദിവസത്തെ ആഘോഷമായ ജപമാല യർപ്പണവും നടന്നു. ഒക്ടോബർ 31ന് വൈകീട്ട് 6.30ന് ജപമാല പ്രദക്ഷിണം നടത്തുകയും റവ. സാജൻ മാറോക്കി ജപമാല സന്ദേശം നൽകുകയും ചെയ്തു.

**നവംബർ – 2015, ബിഷപ്പ് ആലപ്പാട്ട് ചരമദിനം (06.11.2015)**

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ സ്ഥാപകപിതാവായ ബിഷപ്പ് ഡോ. ജോർജ്ജ് ആലപ്പാട്ടിന്റെ 42–ാം ചരമവാർഷികത്തിൽ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിലുള്ള ബിഷപ്പിന്റെ കബറിടത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, കോളേജ് ഓഫ് നേഴ്സിങ്ങ്, സ്കൂൾ ഓഫ് നഴ്സിങ്ങ്, പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും ഡോക്ടർമാരും പുഷ്പാർച്ചന നടത്തി. അസോസിയേറ്റ് ഡയറക്ടർ ഫാദർ പോൾ പേരാമംഗലത്ത് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

പ്രൊഫസർ ഡോ. പി. ബാബുരാജ്
( IMA അവാർഡ്, ബെസ്റ്റ് മെഡിക്കൽ പബ്ലിക്കേഷൻ 2015)

**പുതിയ ഡോക്ടർമാർ**

ഡോ. പ്രീതി എം. ഷേണായ്,
അസി. പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് ബയോകെമിസ്ട്രി

**ഡയാലിസിസിന് സംഭാവന നൽകിയവർ**

1. സെന്റ് മാത്യൂസ് ചർച്ച്, പാലക്കൽ, തൃശ്ശൂർ (80 ഡയാലിസിസ്)
2. മില്ലേനിയം ഗോൾഡ്, ഗോൾഡ് സൂക്ക്, വൈറ്റില, എറണാകുളം (80 ഡയാലിസിസ്)
3. ശ്രീ. കെ. എം. ജോർജ്ജ്, കിടങ്ങത്തുപറമ്പിൽ ഹൗസ്, കിഴക്കുമ്പാട്ടുകര, തൃശ്ശൂർ (50 ഡയാലിസിസ്)
4. പാലക്കാട് യാക്കര കത്തോലിക്കപള്ളി (20 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

1. സെന്റ് സെബാസ്റ്റ്യൻ ഹൈ സ്കൂൾ, നെല്ലിക്കുന്ന്, തൃശ്ശൂർ
2. ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

1. ശ്രീ. പ്രിൻസ് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
2. ശ്രീ. മധു വിൻസെന്റ്, ചേറ്റുപ്പുഴ ഹൗസ്, ചേലക്കോട്ടുകര, തൃശ്ശൂർ

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

**ലോഗോസ് ക്വിസ് അവാർഡുകൾ:**

കെ.സി.ബി.സി.യും തൃശൂർ ബൈബിൾ അപ്പസ്തോലേറ്റും സംയുക്തമായി സംഘടിപ്പിച്ച ലോഗോസ് ക്വിസ് –2015, വചനമെഴുത്ത്, കാറ്റിക്കിസം ടീച്ചേഴ്സ് ലോഗോസ് ക്വിസ്, ഫാമിലി ലോഗോസ് ക്വിസ്, സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്, കാറ്റിക്കിസം ലോഗോസ് ക്വിസ്, യൂത്ത് ലോഗോസ് ക്വിസ് എന്നീ മത്സരങ്ങളുടെ അതിരൂപതതല അവാർഡുകൾ പ്രഖ്യാപിച്ചു. 250 സെന്ററുകളിലായി 60,000 പേർ പങ്കെടുത്ത ലോഗോസ് ക്വിസിൽ റാങ്ക് ജേതാക്കളായവർ:

***ലോഗോസ് ക്വിസ് 2015 റാങ്ക് ജേതാക്കൾ***

**എ വിഭാഗം:**

I st – അലീന സോജൻ (പെരിഞ്ചേരി)
II nd – ആൽബിൻ കെ. ബി. (തലക്കോട്ടുകര)
III rd – ടെറിൻ തോമാസ് (ഒല്ലൂർ)

**ബി വിഭാഗം:**

I st – ഹെൽന ഹെൻറി (പെരിഞ്ചേരി)
II nd – ജോർജ്ജ് ജോസഫ് (തിരൂർ)
III rd – ഡെൻസിമോൾ ബേബി (വേലൂർ)

**സി വിഭാഗം:**

I st – എവ്‌ലിൻ റോസ് റാഫി (വെള്ളാറ്റഞ്ഞൂർ)
II nd – ജിറ്റി ജോർജ്ജ് പി. (പാവറട്ടി)
III rd – ലിന്റ ബിജു (ആറ്റുപുറം)

**ഡി വിഭാഗം:**

I st – ഷിൻസി സോജൻ (പെരിഞ്ചേരി)
II nd – സ്റ്റാൻലിൻ റാഫേൽ (അരണാട്ടുകര)
III rd – സി. ജിയോ തെരേസ് SABS (ഇയ്യാൽ)

**ഇ വിഭാഗം:**

I st – ജോർജ്ജ് ടി. ഫ്രാൻസിസ് (കാരമുക്ക് നോർത്ത്)
II nd – സെന്നി ചാക്കോ (ഒല്ലൂർ)
III rd – സിസ്സിലി പല്ലൻ (ഡോളേഴ്സ് ബസിലിക്ക)

**എഫ് വിഭാഗം:**

I st – റോസിലി അഗസ്റ്റിൻ (വേലൂപ്പാടം)
II nd – റോസി വർഗ്ഗീസ് (കുറ്റൂർ)

III[rd] – ആന്റണി എം. ജെ. (അരണാട്ടുകര)

***വചനമെഴുത്ത് 2015 റാങ്ക് ജേതാക്കൾ***

**എ വിഭാഗം:**

I[st] – വിയ മരിയ ജോജു (കാരമുക്ക് നോർത്ത്)
II[nd] – അനീഷ ആന്റണി (തൃക്കൂർ)
III[rd] – മിൻസ മരിയ (മാടക്കത്തറ)

**ബി വിഭാഗം:**

I[st] – അനു ആന്റണി (അടാട്ട്)
II[nd] – സ്മിന്റോ പി. ജോൺസൺ (പൂങ്കുന്നം)
III[rd] – മെവീന റോയ് (ആർത്താറ്റ്)

**സി വിഭാഗം:**

I[st] – അനു റാഫി (പനംകുറ്റിച്ചിറ)
II[nd] – സൗമ്യ കെ. ജെ. (സ്നേഹോദയ, മണ്ണുത്തി)
III[rd] – ജിറ്റി ജോർജ്ജ് പി. (പാവറട്ടി)

**ഡി വിഭാഗം:**

I[st] – അമ്പിളി ലിയോ (നടത്തറ)
II[nd] – ലില്ലി ജോൺസൺ (പെരിങ്ങോട്ടുകര)
III[rd] – സി. സോണിയ CSS (സ്നേഹോദയ, മണ്ണുത്തി)

**ഇ വിഭാഗം:**

I[st] – കുമാരി പൗലോസ് (മണ്ണംപേട്ട)
II[nd] – സിസ്സിലി പല്ലൻ (ഡോളേഴ്സ് ബസിലിക്ക)
III[rd] – ഫിലോമിന ജോണി (പുതുക്കാട്)

**എഫ് വിഭാഗം:**

I[st] – ശാന്ത ഡേവീഡ് (പുതുശ്ശേരി)
II[nd] – കുഞ്ഞില ചാക്കപ്പൻ (അഞ്ചേരി)
III[rd] – മേരി ഫ്രാൻസീസ് (പട്ടിക്കാട്)

***കാറ്റിക്കിസം ടീച്ചേഴ്സ് ലോഗോസ് ക്വിസ് 2015 റാങ്ക് ജേതാക്കൾ***

I[st] – സി. ജിയോ തെരേസ് SABS,
ലിസ്സി കെ. ഐ, അൽഫോൺസാ വർഗ്ഗീസ് (ഇയ്യാൽ)
II[nd] – ഷെർളി ജെയ്ന്റ്, സി. സുധ റോസ്, ഗ്രേസി എൻ. സി (ഒളരിക്കര)
III[rd] – ലിസ്സി അലക്സ്, സി. ഗ്രേസി, ഹെൽഡ ഫ്രാൻസീസ് (ലൂർദ്ദ് കത്തീഡ്രൽ)

***ഫാമിലി ലോഗോസ് ക്വിസ് 2015 റാങ്ക് ജേതാക്കൾ***

Ist – സോജൻ വല്ലൂപ്പാറ ഫാമിലി, പെരിഞ്ചേരി
IInd – ജോർജ്ജ് ടി. ഫ്രാൻസീസ് താണിക്കൽ കോടങ്കണ്ടത്ത്, കാരമുക്ക് നോർത്ത്
IIIrd – ഡെന്നി പൊന്നുക്കാരൻ ഫാമിലി, വരടിയം
സ്റ്റാൻലിൻ റാഫേൽ ചക്കാലക്കൽ ഫാമിലി, അരണാട്ടുക്കര

***സിസ്റ്റേഴ്സ് ലോഗോസ് ക്വിസ് 2015 റാങ്ക് ജേതാക്കൾ***

Ist – സി. ജിയോ തെരേസ SABS, സി. വിജയ SABS, സി. അനെറ്റ് SABS (മേരിമാത അഡോറേഷൻ കോൺവെന്റ്, ഇയ്യാൽ)
IInd – സി. എമിലിയ, സി, മേരി റോസ്, സി, ബ്രൈറ്റ് (സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ)
IIIrd – സി. സോണിയ, സി. ജോഫി, സി. സ്റ്റെഫി (സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസ്, മണ്ണുത്തി)
സി. റീന പൊറത്തൂർ, സി. ഗ്രേസിയ ജോൺ, സി. ലിസ്ബെത്ത് (അസിസ്സീ കോൺവെന്റ്, തൃശ്ശൂർ)

***യൂത്ത് ലോഗോസ് ക്വിസ് 2015 റാങ്ക് ജേതാക്കൾ***

Ist – സ്വെൻ വർഗ്ഗീസ്, അഗസ്റ്റിൻ ബെന്നി, ജീസ്മോൾ ബാബു, റോസ്മി ബാബു (തിരൂർ)
IInd – ജിതിൻ ജോർജ്ജ്, അനിറ്റ് ജോസഫ്, ജുബി സേവ്യർ, ജിറ്റി ജോർജ്ജ് (പാവറട്ടി)
IIIrd – ആൽബർട്ട് ജോസ്, ജിമ്മി ജോണി, മരിയ ജോസ്, സ്റ്റെജി ജോസ് (കണ്ണാറ)
ഡോൺ ഡേവീസ്, ആശിഷ് വിൻസെന്റ്, ജിസ്മി വിൻസെന്റ്, ദീപ ഡേവീസ് (പനംകുറ്റിച്ചിറ)

***കാറ്റിക്കിസം ലോഗോസ് ക്വിസ് 2015 റാങ്ക് ജേതാക്കൾ***

Ist – ജോർജ്ജ് ജോസഫ്, അലൻ ലോറൻസ്, ആൻമേരി (തിരൂർ)
IInd – ആൻമേരി സോണി, സ്മിന്റോ ജോൺസൺ, സ്മേര ജോൺസൺ (പൂങ്കുന്നം)
IIIrd – സഞ്ജന ജോയ്, ആൽബിൻ അലോഷ്യസ്, നവ്യമോൾ (അയ്യന്തോൾ)

***വിജയികൾക്ക് ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ......***

**സംസ്ഥാന ലോഗോസ് ക്വിസ് 2015**

രൂപതയിൽ നിന്ന് കൂടുതൽ മാർക്കു നേടിയിട്ടുള്ള 5 സമർപ്പിതർക്കായുള്ള സമർപ്പിത ലോഗോസ് ക്വിസ് മത്സരം നവംബർ 27നും രൂപതാതല

ത്തിൽ എ,ബി,സി,ഡി,ഇ,എഫ് വിഭാഗങ്ങളിലായി 1,2,3 സ്ഥാനങ്ങൾ ലഭിച്ച വരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അഖില കേരള ലോഗോസ് ക്വിസ് പി.ഒ.സി. യിൽ വെച്ച് നവംബർ 28നും നടക്കുന്നതായിരിക്കും

**ബൈബിൾ പാരായണമാസം**

ബൈബിൾ പാരായണമാസമായി കെ. സി. ബി. സി. നിർദ്ദേശിച്ചിട്ടുള്ളത് ഡിസംബർ മാസമാണെന്ന് ഏവർക്കും അറിയാമല്ലോ. അത് സമുചിതമായി ആചരിക്കാൻ എല്ലാ വൈദികരെയും സന്യസ്തരേയും അല്മായരെയും ഓർമ്മിപ്പിക്കുന്നു. കെ. സി. ബി. സി. യുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ട് വരുന്നു:

- ഒരു ദിവസം 3.5 മണിക്കൂർ വീതം ബൈബിൾ വായിച്ചാൽ ഒരു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരയണത്തിനു സഹായിക്കുന്ന ഒരു ബൈബിൾ പാരായണകാർഡ് തയ്യാറാക്കിയിട്ടുണ്ട്.
- പൊതുജനത്തിനു ശല്യമാകാത്ത രീതിയിൽ പരസ്യമായ ബൈബിൾ പാരായണം പ്രോത്സാഹിപ്പിക്കുക.
- അഖണ്ഡ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.
- ഈ വർഷത്തെ ബൈബിൾ ഞായർ ഡിസംബർ 27ന് ആയിരിക്കും. അന്നേ ദിവസം ദേവാലയത്തിൽ വ്യത്യസ്ത ബൈബിൾ പരിപാടി കൾ സംഘടിപ്പിക്കേണ്ടതാണ്.

അതിരൂപതയിലെ യുവജനപ്രസ്ഥാനങ്ങൾ യുവജനസംഗമത്തോടനുബന്ധിച്ച് ഡിസംബർ ബൈബിൾ തിരുവചനമാസമായി ആചരിക്കും. തിരുവചനമാസാ ചരണത്തിന് രൂപതാതലത്തിലും ഫൊറോനതലത്തിലും ഇടവകതലത്തിലും വ്യത്യസ്ത കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഫൊറോനതല ത്തിൽ ഇടവകകളിലേക്ക് ബൈബിൾ പ്രഘോഷണഘോഷയാത്രയും ഉണ്ടാ യിരിക്കും.

**ബൈബിൾ വർണ്ണങ്ങൾ 2015**

ബൈബിൾ വർണ്ണങ്ങൾ 2015 ചിത്രരചനനാമത്സരത്തിന്റെ ഒന്നാം ഘട്ടം LP, UP, HS, HSS എന്നീ നാലു വിഭാഗങ്ങളിലായി അതാതു സ്ക്കൂളുക ളിൽ നടന്നുകൊണ്ടിരിക്കുന്നു. സ്കൂൾതല മത്സരത്തിന്റെ റിസൾട്ടുകൾ ഡിസം ബർ മാസത്തിൽ അറിയിക്കുന്നതായിരിക്കും. രണ്ടാംഘട്ടം ഓരോ സ്കൂളുക ളിലേയും 1,2,3 സ്ഥാനവും പ്രോത്സാഹന സമ്മാനവും ലഭിച്ചവർക്കായി അതി രൂപതതലത്തിൽ 2016 ജനുവരി 2ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയ ത്തിൽ വെച്ച് നടക്കുന്നതായിരിക്കും.

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
ഡയറക്ടർ

# സമ്പൂർണ്ണ ബൈബിൾപാരായണത്തിന് ഒരു മാർഗരേഖ

(ഡിസംബർ: ബൈബിൾ പാരായണമാസം)

| തീയതി | വായന |
|---|---|
| 01 | ഉത്പ 1-38 |
| 02 | ഉത്പ 39-50 |
| | പുറ 1-27 |
| 03 | പുറ 28-40 |
| | ലേവ്യ 1-23 |
| 04 | ലേവ്യ 24-27 |
| | സംഖ്യ 1-28 |
| 05 | സംഖ്യ 29-36 |
| | നിയ1-31 |
| 06 | നിയ32-34 |
| | ജോഷ്വ 1-24 |
| | ന്യായാ 1-13 |
| 07 | ന്യായാ 14-21 |
| | റൂത്ത് 1-4 |
| | 1 സാമു 1-31 |

| | |
|---|---|
| | 2 സാമു 1-6 |
| 08 | 2 സാമു 7-24 |
| | 1 രാജാ 1-17 |
| 09 | 1 രാജാ 18-22 |
| | 2 രാജാ 1-25 |
| | 1 ദിന 1-6 |
| 10 | 1 ദിന 7-29 |
| | 2 ദിന 1-19 |
| 11 | 2 ദിന 20-36 |
| | എസ്രാ 1-10 |
| | നെഹെ 1-13 |
| | തോബി 1-3 |
| 12 | തോബി 4-14 |
| | യൂദി 1-16 |
| | എസ്തേ 1-16 |
| | 1 മക്ക 1-5 |

| | |
|---|---|
| 13 | 1 മക്ക 6-16 |
| | 2 മക്ക 1-15 |
| 14 | ജോബ് 1-42 |
| 15 | സങ്കീ 1-76 |
| 16 | സങ്കീ 77-134 |
| 17 | സങ്കീ 135-150 |
| | സുഭാ 1-31 |
| | സഭാ 1-3 |
| 18 | സഭാ 4-12 |
| | ഉത്ത 1-8 |
| | ജ്ഞാനം 1-19 |
| | പ്രഭാ 1-17 |
| 19 | പ്രഭാ 18-51 |
| | ഏശ 1-8 |
| 20 | ഏശ 9-66 |
| 21 | ജറെ 1-47 |

| | |
|---|---|
| 22 | ജറെ 48-52 |
| | വിലാ 1-5 |
| | ബാറൂ 1-6 |
| | എസെ 1-22 |
| | ബാറൂ 1-6 |
| | എസെ 1-22 |
| 23 | എസെ 23-48 |
| | ദാനി 1-14 |
| 24 | ഹോസി 1-14 |
| | ജോയേ 1-3 |
| | ആമോ 1-9 |
| | ഒബാ 1 |
| | യോനാ 1-4 |
| | മിക്കാ 1-7 |
| | നാഹും 1-3 |
| | ഹബ 1-3 |

| | |
|---|---|
| | സെഫാ 1-3 |
| | ഹഗ്ഗാ 1-2 |
| | സഖ 1-14 |
| | മല 1-4 |
| 26 | മത്താ 1-28 |
| | മർക്കോ 1-7 |
| 27 | മർക്കോ 8-16 |
| | ലൂക്കാ 1-24 |
| 28 | യോഹ 1-21 |
| | അപ്പ 1-13 |
| 29 | അപ്പ 14-28 |
| | റോമാ 1-16 |
| | 1 കോറി 1-16 |
| 30 | 2 കോറി 1-13 |
| | ഗലാ 1-6 |
| | എഫേ 1-6 |
| | ഫിലി 1-4 |

| | |
|---|---|
| | കൊളോ 1-4 |
| | 1 തെസ്സ 1-5 |
| | 2 തെസ്സ 1-3 |
| | 1 തിമോ 1-6 |
| | 2 തിമോ 1-4 |
| | തീത്തോ 1-3 |
| | ഫിലെ 1 |
| 31 | ഹെബ്രാ 1-13 |
| | യാക്കോ 1-5 |
| | 1 പത്രോ 1-5 |
| | 2 പത്രോ 1-3 |
| | 1 യോഹ 1-5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദാ 1 |
| | വെളി 1-22 |

സമ്പൂർണ്ണ ബൈബിൾ 95 മണിക്കൂറുകൾകൊണ്ട് വായിച്ചു തീർക്കാവുന്നതാണ്.

തയ്യാറാക്കിയത്: **കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ** , പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി, കേരള, ഫോൺ: 0484 2805897
E-mail: secretary@keralabiblesociety.com, visit: www.keralabiblesociety.com

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**സാമൂഹ്യക്ഷേമ സമിതി – കൺവീനർമാരുടെ യോഗം**

അതിരൂപതയിലെ എല്ലാ ഇടവകകളിലെയും സാമൂഹ്യപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യക്ഷേമ സമിതി കൺവീനർമാരുടെ യോഗം ബിഷപ്സ് ഹൗസിൽ വെച്ച് കൂടുകയുണ്ടായി. അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷത വഹിച്ചു. സാമൂഹ്യക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ, അസി. ഡയറക്ടേഴ്സ് എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**മംഗല്യനിധിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു**

2015 ലെ ബോൺ നതാലെ യോടനുബന്ധിച്ച് അതിരൂപത സാമൂഹ്യപ്രേഷിത കേന്ദ്രമായ സാന്ത്വനം 30 നിർദ്ധന യുവതികളുടെ വിവാഹത്തിന് ലോക്കൽ കോൺട്രിബ്യൂഷൻ ആയ 25000/– രൂപ അടക്കം 1 ലക്ഷം രൂപ സഹായം നൽകുന്നു. ഈ സഹായ പദ്ധതിയിൽ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ സാന്ത്വനം ഓഫീസിൽ നിന്ന് അപേക്ഷാ ഫോം വാങ്ങി പൂരിപ്പിച്ച് ജനുവരി 31 നുള്ളിൽ തിരികെ നൽകേണ്ടതാണ്. 2016 മെയ്യ് 31 നുള്ളിൽ വിവാഹം നടത്തുന്നവരെയാണ് സഹായത്തിന് പരിഗണിക്കുക. വിശദ വിവരങ്ങളും നിബന്ധനകളും അപേക്ഷാ ഫോമിൽ ഉണ്ടായിരിക്കുന്നതാണ്.

**സാന്ത്വനത്തിന് 80 G അംഗീകാരം ലഭിച്ചു**

സാമ്പത്തികമായി പിന്നോക്കം നിൽക്കുവർക്ക് വിദ്യാഭ്യാസം, ചികിൽസാ സഹായം, തൊഴിൽ പരിശീലനം , വിവാഹം , ഭവനരഹിതർക്ക് ഭവനം നൽകൽ എന്നീ മേഖലകളിലെ സാന്ത്വനത്തിന്റെ സുത്യർഹമായ സേവനങ്ങളെ പരിഗണിച്ച് ആദായ നികുതി ഇളവ് ലഭിക്കുന്ന 80 G അംഗീകാരം ആദായ വകുപ്പിൽ നിന്ന് സാന്ത്വനം ട്രസ്റ്റിന് ലഭിച്ചു. ഇതുപ്രകാരം സാന്ത്വനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സഹകാരികളാകുന്നവർക്ക് നികുതി ഇളവ് ലഭിക്കുന്നതാണ്.

**കാരുണ്യ പ്രവർത്തികൾക്ക് എന്റെ പങ്ക്**

സാന്ത്വനത്തിന്റെ കാരുണ്യ പ്രവൃത്തികളായ വിദ്യാഭ്യാസം, ചികിൽസാ

സഹായം, തൊഴിൽ പരിശീലനം , വിവാഹം , ഭവനരഹിതർക്ക് ഭവനം നൽകൽ എന്നീ പദ്ധതികളിലേക്ക് പങ്കാളികളാകുവാൻ സാന്ത്വനം സൗകര്യം ഒരുക്കുന്നു. സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവർ ഏത് ബാങ്കിൽ അക്കൗണ്ട് ഉണ്ടെങ്കിലും ഒരു അദികാര പത്രം ഒപ്പിട്ടു നൽകുന്നതു വഴി എല്ലാ മാസവും / നിശ്ചിത കാലയളവുകളിൽ സാന്ത്വനത്തിൽ ലഭിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. ആയതിനുവേണ്ട ഫോം ഇടവക സാമൂഹ്യക്ഷേമ സമിതി വഴി വിതരണം ചെയ്യുന്നതാണ്. സംഭാവന നൽകുന്ന വ്യക്തിക്ക് ഏത് സമയത്തും പ്രസ്തുത അധികാര പത്രം സാന്ത്വനം ഓഫീസിൽ അറിയിച്ച് പിൻവലിക്കാവുന്നതാണ്.

### 200 J L G കൾ രൂപീകരിക്കുന്നു

കാരുണ്യ വർഷത്തോടനുബന്ധിച്ച് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കുടുംബങ്ങളുടെ സാമ്പത്തിക വികസനവും സമൂഹത്തിന്റെ വളർച്ചയും ലക്ഷ്യം വെച്ചുകൊണ്ട് J L G (Joint Liability Group) കൾ രൂപീകരിക്കുന്നതിനു വേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചു. സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്നേഹനിധി, സ്വയം സഹായ സംഘങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന അംഗങ്ങളുടെ നാലോ അഞ്ചോ വ്യക്തികൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശക്ക് ബാങ്കുകളിൽ നിന്ന് ലോൺ ലഭ്യമാക്കി സംരംഭങ്ങൾ തുടങ്ങുവാൻ സാന്ത്വനം സഹായിക്കുന്നു. ജില്ല ലീഡ് ചീഫ് മാനേജർ ശ്രീമതി അമ്മയുടെ നേതൃത്വത്തിൽ സാന്ത്വനത്തിലെ J L G ടീമാംഗങ്ങൾ ഏക്ഷൻ പ്ലാൻ തയ്യാറാക്കുകയും രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഇടവകകളിൽ സ്നേഹനിധി, സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് J L G കൾ തുടങ്ങുവാൻ ആഗ്രഹിക്കുവർ സാന്ത്വനം ഓഫീസുമായി ബന്ധപ്പെടുക

### പദ്ധതി അവലോകനം നടത്തി

SPED III പ്രോജക്റ്റിന്റെ 2011–2015 കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു അവലോകനയോഗം ചേലക്കര ഗ്രാമപഞ്ചായത്തിൽ വച്ച് ചേരുകയുണ്ടായി. ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി തോമസ്, വാർഡ് മെമ്പർമാർ, ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസ്സി. ഡയറക്ടർമാരായ ഫാ. ടോണി അരിമ്പൂർ, ഫാ.ടെഡ്സ് കുപ്പിള്ളി, കോഡിനേറ്റർ ശ്രീമതി.ബിനിത രതീഷ്, ആനിമേറ്റേഴ്സ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. കഴിഞ്ഞ 5 വർഷങ്ങളിലായി SPED III പ്രോജക്റ്റിന്റെ നേതൃത്വത്തിൽ ചേലക്കര പഞ്ചായത്തിൽ നടപ്പിലാക്കിയ സമഗ്ര വികസനത്തിന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി തോമസ് സാന്ത്വനത്തിനോടും

സ്റ്റാഫ് അംഗങ്ങളോടും നന്ദി പറയുകയും പ്രവർത്തനങ്ങളെ അനുമോദിക്കുകയും ചെയ്തു. 16 വില്ലേജുകളിലെ പ്രധാന പ്രശ്നങ്ങളെ കണ്ടെത്തി പരിഹരിക്കുന്നതിന് കഴിഞ്ഞ 5 വർഷങ്ങളിലൂടെ SPED III പ്രോജക്റ്റിന് സാധിച്ചുവെന്ന് വാർഡ് മെമ്പർമാർ ഊന്നി പറയുകയുണ്ടായി. SPED III പ്രോജക്റ്റിന്റെ സുഗമമായ നടത്തിപ്പിന് സാന്ത്വനവുമായി സഹകരിച്ച പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി തോമസിനും മറ്റു വാർഡിലെ മെമ്പർമാർക്കും കോഡിനേറ്റർ ശ്രീമതി.ബിനിത രതീഷ് നന്ദി പറയുകയും ചെയ്തു.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

പുത്തൻപീടിക, പാറന്നൂർ എന്നീ ഇടവകകളിൽ സ്നേഹനിധിയുടെ വാർഷിക പൊതുയോഗങ്ങൾ നടന്നു. തദവസരത്തിൽ ഓരോ ഇടവകയിലെയും സ്നേഹനിധി പ്രവർത്തനങ്ങളെകുറിച്ച് റിപ്പോർട്ട് അവതരിപ്പിക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. റവ. ഫാ. ഡേവിസ് ചിറയത്ത്, ഫാ. മേജോ മരോട്ടിക്കൽ, ഫാ. തോമസ് പൂപ്പാടി, ശ്രീമതി ബീന വർഗ്ഗീസ് എന്നിവർ വാർഷിക പൊതുയോഗങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു.

**മോണിറ്ററിംഗ് വിസിറ്റ് നടത്തി**

ചേലക്കര, പട്ടിക്കാട് , മറ്റം, പുതുക്കാട് ഫൊറോനകളിൽ സന്ദർശനം നടത്തുകയും ഓരോ ഫൊറോനയുടെ കീഴിലുള്ള സ്നേഹനിധി യൂണിറ്റുകളുടെ, കണക്കുകൾ പരിശോധിക്കുകയും ചെയ്തു. ശ്രീമതി ബീന വർഗ്ഗീസ്, ശ്രീമതി പ്രിൻസി റോയ് എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഫൊറോനയിലെയും കണക്കുപരിശോധനയും, സന്ദർശനവും ഇതോടെ പൂർത്തിയാക്കി.

**സഹായങ്ങൾ വിതരണം ചെയ്തു**

FDP മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| വില്ലടം | - 14,000/- | അടാട്ട് | -9,500/- |
| മുക്കാട്ടുക്കര | - 34,000/- | വെട്ടുക്കാട് | -50,000/- |
| എരവിമംഗലം | - 10,000/- | നെടുപുഴ | -7,000/- |
| കുണ്ടന്നൂർ | - 20,000/- | | |

ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ

| | | | | | |
|---|---|---|---|---|---|
| വെങ്ങിണിശ്ശേരി | - 16000/- | ചേലക്കര | - 20000/- | വീണ്ടശ്ശേരി | - 29000/- |
| വില്ലടം | - 3500/- | കണ്ണാറ | - 9000/- | പടവരാട് | - 8000/- |

**ഫണ്ട് മൊബിലൈസിംഗ് പ്രോഗ്രാം നടത്തി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലേക്കുള്ള ഫണ്ട് ശേഖരണാർത്ഥം ചേറ്റുപുഴ കർമ്മല നാഥ ഇടവകയിൽ ഫണ്ട് മൊബിലൈസേഷൻ പ്രോഗ്രാം നടത്തുകയുണ്ടായി. പദ്ധതിയോട് സഹകരിച്ച വികാരിയച്ചനും, കൈക്കാരൻമാർക്കും നല്ലവരായ ഇടവകകാർക്കും നന്ദി അറിയിക്കുന്നു.

ഇതുവരെ ലഭിച്ച സംഭാവന

കർമ്മല നാഥ ചർച്ച്, ചേറ്റുപുഴ - 1,09,923/-

**മോണിറ്ററിംഗ് വിസിറ്റ് നടത്തി**

FDP ഗുണഭോക്തൃ കുടുംബങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി ചൊയ്പാറ, എരവിമംഗലം, പുതുക്കാട്, ഒല്ലൂർ, തൃക്കൂർ, മുക്കാട്ടുക്കര, വില്ലടം, അടാട്ട് എന്നീ സ്ഥലങ്ങളിലെ FDP കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് സന്ദർശനം നടത്തി. ഓരോ ഭവനങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും കുടുംബത്തിന്റെ ഉന്നമനത്തിനു ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**എ. ഡി. എസ്, സി.ഡി എസ് യോഗങ്ങൾ ചേർന്നു.**

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ എ. ഡി. എസ് യോഗങ്ങൾ വിവിധ മേഖലകളിൽ നടന്നു. എല്ലാ എ. ഡി. എസ് ഭാരവാഹികളും അവരവരുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റിയും ചർച്ച ചെയ്തു. ഫാ.തോമസ് പൂപ്പാടി, ഫാ. ടോണി അരിമ്പൂർ, കോഡിനേറ്റർ ശ്രീമതി ജാൻസി, ആനിമേറ്റേഴ്സ്, ലീഡേഴ്സ് എന്നിവർ നേതൃത്വം നൽകി.

**ഏകദിന സെമിനാർ**

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിലുള്ള അടുപ്പുട്ടി മേഖലയിലെ 15 സംഘങ്ങൾ ചേർന്ന് ഏകദിന ബോധവൽക്കരണ സെമിനാർ നടത്തി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, മുൻ ഡയറക്ടർ ഫാ. ബാബു ചേലപ്പാടൻ, കൺവീനർ സി. ലിൻസി ജോസ്, എ. ഡി. എസ് ലീഡേഴ്സ് എന്നിവർ നേതൃത്വം വഹിച്ചു. തദവസരത്തിൽ അടുപ്പുട്ടി എ. ഡി. എസ് ന്റെ വാർഷികവും കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു. ക്ലാസ്സിലും വാർഷികോഘോഷത്തിലും 175 പേർ പങ്കെടുത്തു.

**ഫാ. തോമാസ് പൂപ്പാടി**

ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അല്മായ സഭയുടെ പ്രവർത്തന സമിതി യോഗം വടക്കാഞ്ചേരി എ. ആർ.സി.യിൽ വെച്ച് പ്രസിഡണ്ട് പി. ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ 08.11.2015 ഞായറാഴ്ച കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ദൈവദാസൻ പുത്തൻപറമ്പിൽ തോമച്ചന്റെ കബറിടത്തിലേയ്ക്ക് നവംബർ 1–ാം തിയതി ഏകദേശം 100 പേർ പോയി. വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ റീജിയണൽ തലത്തിൽ വിപുല മായ തോതിൽ നവംബർ മാസത്തിൽ ആഘോഷിക്കുന്നു. അതോടൊപ്പം സഭാ വസ്ത്ര സ്വീകരണവും നടക്കുന്നു. റീജിയണൽ തിരഞ്ഞെടുപ്പ് നവം ബർ അവസാനം ഡിസംബർ ആദ്യത്തിൽ കാൽവരി ആശ്രമത്തിൽ വെച്ച് നടത്തപ്പെടുന്നു. അതിരൂപത തലത്തിൽ പൊതുയോഗം ഡിസംബർ 19ന് ശനി യാഴ്ച വടക്കാഞ്ചേരി എ. ആർ. സിയിൽ വെച്ച് കൂടുന്നു. എല്ലാ റീജിയണൽ ഭാരവാഹികൾ അതിൽ പങ്കെടുക്കുന്നതാണ്.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,**
സെക്രട്ടറി

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**കെ. എസ്.ടി. സന്ദർശനം**

കേരള കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സർവ്വീസ് ടീം തൃശ്ശൂർ സോൺ സന്ദർശനം ഒക്ടോബർ 19 തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 മണി വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. കെ.എസ്.ടി. ചെയർമാൻ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി, വൈസ് ചെയർമാൻ വി.വി. അഗസ്റ്റിൻ, റവ. സി. ഗ്രേയ്സ് തോമാസ് എന്നിവർ സന്ദർശന പരിപാടിക്ക് നേതൃത്വം നൽകി. സോണൽ സർവ്വീസ് ടീം അംഗങ്ങൾ, സബ്സോൺ മിനിസ്ട്രി കോ–ഓർഡിനേറ്റേഴ്സ് എന്നിവർ പങ്കെടുത്തു. ചർച്ചകൾക്ക് അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, കോ–ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സിടി. എന്നിവർ നേതൃത്വം നൽകി.

**സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

ഒക്ടോബർ 5ന് രാവിലെ 10 മുതൽ 4 വരെ സോണൽ സർവ്വീസ് ടീം ആബാ ധ്യാനകേന്ദ്രത്തിൽ ഒന്നിച്ചുകൂടി. ഡയറക്ടർ റവ. ഫാ.ഷാജൻ തേർമഠം നേതൃത്വം നൽകി.

**പാരീഷ് മിനിസ്ട്രി അംഗങ്ങൾക്കുള്ള ത്രിദിന പരിശീലനം**

പാരീഷ് മിനിസ്ട്രി അംഗങ്ങൾക്കുള്ള വേണ്ടിയുള്ള (വചന പ്രഘോഷ കർക്കും ആത്മീയ കൗൺസലിംഗ് നടത്തുന്നവർക്കും) പരിശീലന പരിപാടി ഒക്ടോബർ 5-7, 22-24 നവംബർ 5-7 എന്നീ ദിവസങ്ങളിലെ മൂന്ന് ബാച്ചുകളി ലായി ആബാ ധ്യാനകേന്ദ്രത്തിൽ നടത്തി. റവ. ഫാ. കുര്യൻ പുരമഠത്തിൽ (മുൻ ഡയറക്ടർ കരിസ്മാറ്റിക് നവീകരണം, താമരശ്ശേരി രൂപത) ഡയറക്ടർ, റവ. ഫാ. ഷാജൻ തേർമഠം എന്നിവർ ക്ലാസ്സുകൾ നയിച്ചു. കോ-ഓർഡിനേ റ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി. ട്രഷറർ വിൻസെന്റ് ചിറയത്ത്, പാരീഷ് മിനിസ്ട്രി കോ-ഓർഡിനേറ്റർ റോയ് ടി.ഒ. എന്നിവർ നേതൃത്വം നൽകി.

**പാരീഷ് ഫെസ്റ്റ് - 2015**

കണ്ടശ്ശാംകടവ് സബ്സോണിലെ (ഫൊറോന) പാരീഷ് ഫെസ്റ്റ് 2015 ഒക്ടോബർ 15, 16, 17 തീയതികളിൽ മണലൂർ സെന്റ് ഇഗ്നേഷ്യസ് ദേവാലയ ത്തിൽ നടന്നു. റവ. ഫാ. ഷാജൻ തേർമഠം, കാഞ്ഞിരപ്പിള്ളി സോൺ കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ താണിക്കൽ,സാബു എം. വർഗ്ഗീസ്, എം.എ. ബാബു എന്നിവർ ക്ലാസ്സുകൾ നയിച്ചു. സബ്സോൺ ആനിമേറ്റർ റവ. ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി, റവ. ഫാ. ചാക്കോ ചെറുവത്തൂർ എന്നിവർ ദിവ്യബ ലിയർപ്പിച്ച് സന്ദേശം നൽകി. ദിവ്യകാരുണ്യാരാധന, അഭിഷേക പ്രാർത്ഥന, ഗ്രൂപ്പ് ചർച്ച, പാനൽ ചർച്ച എന്നിവയും ഉണ്ടായിരുന്നു. പരിപാടികൾക്ക് സോൺ സെക്രട്ടറി സി.ടി.സെബാസ്റ്റ്യൻ, ട്രഷറർ വിൻസെന്റ് ചിറയത്ത്, സബ്സോൺ കോ-ഓർഡിനേറ്റർ ജോസ്മണി സി. കെ. എന്നിവർ നേതൃത്വം നല്കി.

**ആബാ റിന്യൂവൽ സെന്റർ - ഹാൾ നിർമ്മാണം**

തൃശ്ശൂർ അതിരൂപതയുടെ നവീകരണ കേന്ദ്രമായ ആബാ റിന്യൂൽ സെന്റ റിൽ ധ്യാനഹാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ 30ന് ആരം ഭിച്ചു. രാവിലെ 10 മണിക്ക് ജപമാലയോടെ ആരംഭിച്ച കൂട്ടായ്മക്ക് റവ. ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി. റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ, റവ. ഫാ. സജു വടക്കേത്തല എന്നിവർ സന്നിഹിതരായിരുന്നു.സോണൽ സർവ്വീസ് ടീം അംഗങ്ങളും സബ്സോൺ സർവ്വീസ് ടീം അംഗങ്ങളും മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി അംഗങ്ങളും പങ്കെടുത്തു.

| | | |
|---|---|---|
| **റവ. ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** |
| ഡയറക്ടർ | കോ- ഓർഡിനേറ്റർ | സെക്രട്ടറി |

# അതിരൂപത ദർശന സമൂഹം

08.11.2015ന് ഡയറക്ടർ ബ. ജോസ് തെക്കേക്കരയച്ചന്റെ മഹനീയ അദ്ധ്യക്ഷതയിൽ അതിരൂപത ഭരണസമിതി അംഗങ്ങളുടേയും ഇടവക ദർശന സമൂഹഭാരവാഹികളുടെയും സംയുക്തയോഗം പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 60 അംഗങ്ങൾ ഹാജരായി. അതിരൂപത വൈസ് പ്രസിഡന്റ് പി. പി. ജോസ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഒ. ജെ. ജെസ്റ്റിൻ അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി. തുടർന്ന് ഡയറക്ടർ അദ്ധ്യക്ഷപ്രസംഗം നടത്തി. 14.02.2016ലെ വാർഷിക സമ്മേളനത്തിൽ എല്ലാ ദർശന സമൂഹ അംഗങ്ങളേയും പങ്കെടുപ്പിക്കാൻ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമ്മേളനത്തിന്റെ ഫണ്ട് സ്വരൂപിക്കുന്നതിന് പ്രസിദ്ധീകരിക്കുന്ന സപ്ലിമെന്റിൽ എല്ലാ ഇടവക ദർശനസമൂഹ അംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്നും ഡയറക്ടർ ആഹ്വാനം ചെയ്തു. വാർഷിക സമ്മേളനത്തിന്റെ കാര്യപരിപാടി എ. എൻ. സി. ജോസ് മാസ്റ്റർ വലപ്പാട് അവതരിപ്പിച്ചു. സമ്മേളനത്തിൽ പങ്കെടുക്കുന്ന മുഴുവൻ ദർശന സമൂഹഅംഗങ്ങൾക്കും വലപ്പാട് ദർശന സമൂഹത്തിന്റെ നേതൃത്വത്തിൽ കോംപ്ലിമെന്റ് വിതരണം ചെയ്യുന്നതാണെന്നും അദ്ദേഹം അറിയിച്ചു. വാർഷിക സമ്മേളനത്തിൽവെച്ച് താഴെ പറയുന്നവരെക്കൂടി ആദരിക്കുന്നതിനും സ്വീകരണം നൽകുന്നതിനും തീരുമാനിച്ചു.

1. തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പിൽ വിജയിച്ച ദർശന സമൂഹ അംഗങ്ങൾ.

2. 1966, 1991 എന്നീ വർഷങ്ങളിൽ വിവാഹം കഴിഞ്ഞവരും ഇപ്പോൾ ഭാര്യയും ഭർത്താവും ജീവിച്ചിരിപ്പുള്ള ദർശന സമൂഹ അംഗങ്ങൾ

3. 22.02.2015 മുതൽ 13.02.2016 വരെയുള്ള കാലഘട്ടത്തിൽ തിരുപ്പട്ടം വ്രതം (വൈദികർ, സിസ്റ്റേഴ്സ്) സ്വീകരിച്ച ദർശന സമൂഹ അംഗങ്ങളുടെ മക്കൾ.

4. 2015 വർഷത്തിൽ എസ്.എസ്.എൽ.സി., +2 എന്നിവയിൽ മുഴുവൻ എ പ്ലസ് നേടിയവരും സംസ്ഥാന ദേശീയതലത്തിൽ പുരസ്കാരം നേടിയ ദർശന സമൂഹ അംഗങ്ങളുടെ മക്കൾ.

ഇടവക ദർശന സമൂഹങ്ങളിൽ മേൽപറഞ്ഞ ആദരിക്കൽ ചടങ്ങിന് അർഹരായിട്ടുള്ളവരുടെ പേരുവിവരം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോട് കൂടി 10.01.2016ന് മുമ്പ് ലഭിക്കേണ്ടതാണെന്നും തീരുമാനിച്ചു.

ഇടവക ദർശന സമൂഹങ്ങളിൽ പതാകകളുടെയും എംബ്ലത്തിന്റേയും മോഡൽ ലഭിക്കാത്തതിനാൽ കമ്മിറ്റി സമർപ്പിച്ച എംബ്ലവും പതാകയും യോഗം അംഗീകരിക്കുകയും ആയതിന് അതിരൂപതാദ്ധ്യക്ഷന്റെ അനുമതിക്ക്

സമർപ്പിക്കുന്നതിനും തീരുമാനിച്ചു. അതിരൂപതാദ്ധ്യക്ഷന്റെ അനുമതി ലഭിച്ചാൽ ഇടവക ദർശനസമൂഹങ്ങൾക്ക് പതാകയും എംബ്ലവും നിർമ്മിച്ചു നൽകുന്നതിനും തീരുമാനിച്ചു. 07.11.2015ന്കൂടിയ അതിരൂപത ഏകോപന സമിതി തീരുമാനങ്ങളായ ബോൺ നതാലെ–2015 സംഘടന സർവ്വെ, പാൻ കാർഡ് ലഭിക്കുന്നതിന് സംബന്ധിച്ചുള്ള കാര്യം എന്നീ വിവരങ്ങൾ അറിയിച്ചു. ബോൺ നതാലെ ഡിസംബർ 27ന് ആണെന്നും ആയതിന്റെ വിജയത്തിനായി എല്ലാ ദർശന സമൂഹ അംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്നും അറിയിച്ചു. അതിരൂപത ട്രഷറർ കെ.സി.ഡേവീസിന്റെ നന്ദി പ്രകാശനത്തിനുശേഷം പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ജോസ് തെക്കേക്കര** | **ജോയ് പള്ളിക്കുന്നത്ത്** | **ഒ.ജെ. ജസ്റ്റിൻ** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 692–ാമതും തൃശ്ശൂർ കൂരിയായുടെ 705–ാംമതും സമ്മേളനം 2015 നവംബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു. ബ്ര. പ്രസിഡന്റ് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി ബ്ര. പി.സി.കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ. ജെ. വിൻസെന്റ് വരവ്–ചിലവ് കണക്കും അവതരിപ്പിച്ചു.

വൈസ് പ്രസിഡണ്ട് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. കാഞ്ഞാണി സെന്റ് തോമസ് പള്ളിയിൽ "വന്ദകന്മാരുടെ രാജ്ഞി" എന്ന പേരിൽ പ്രസീദിയം ആരംഭിച്ചു. ഭാരവാഹികളായ പ്രസിഡണ്ട് ബ്ര. ജെക്കോ ജെയിംസ്, വൈസ് പ്രസിഡണ്ട് സി. ജാൻസി ജോസ്, സെക്രട്ടറി – സി. ലത ബേബി; ട്രഷറർ ബ്ര. ജെയ്സൺ ഫ്രാൻസീസ് എന്നിവരുടെ നിയമനം അംഗീകരിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. നവംബർ മാസം – സകല വിശുദ്ധരുടെയും സകല മരിച്ചുപോയവരേയും പ്രത്യേകമായി ഓർക്കുന്നു. കേരളപ്പിറവി, പള്ളിക്കൂദാശക്കാലം –സുന്ദരമായ ദിനത്തെ അനുസ്മരിച്ചുകൊണ്ടും വി. കുർബ്ബാനയിലെ സുവിശേഷഭാഗത്തെ അനുസ്മരിച്ചുകൊണ്ട് ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന ചോദ്യത്തിന് മറുപടിയായി നീതിക്കുവേണ്ടി ഗർജ്ജിക്കുന്ന സ്നാപകയോഹന്നാന്റെയും കത്തിജ്വലിക്കുന്ന ഏശയ്യാ പ്രവാചകനേയും എല്ലാ തിന്മയേയും തച്ചുടക്കുന്ന പ്രവാചകന്മാരായ ജറമിയാ

യെയും കുറിച്ച് പ്രഭാഷണത്തിലൂടെ വിശുദ്ധീകരിച്ചു.

ഡിസംബർ 20ന് നടക്കുന്ന കമ്മീസിയം വാർഷിക റിയൂണിയനോടനുബന്ധിച്ച് മരിയ സൈനീകർക്കായി നടത്തുന്ന ലേഖനം, ചെറുകഥ, പൊതുവിജ്ഞാനം, നിയമഗ്രന്ഥം ക്വിസ് എന്നീ മത്സരങ്ങൽ നവംബർ 8 ഞായറാഴ്ച സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തി. സമ്മാനർഹരായവർക്ക് വാർഷിക റിയൂണിയൻ സമ്മേളനത്തിൽ വെച്ച് അഭിവന്ദ്യപിതാവ് സമ്മാനവിതരണം ചെയ്യുന്നതാണ്.

2015 ഡിസംബർ 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30ന് ആരംഭിക്കുന്ന വാർഷിക റിയൂണിയൻ സമ്മേളനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നതാണ്.

ലീജിയൻ ഓഫ് മേരി തയ്യാറാക്കുന്ന ഷീറ്റ് കലണ്ടർ അഭിവന്ദ്യപിതാവ് പ്രകാശനം ചെയ്യും. ആദ്യമായി തയ്യാറാക്കുന്ന കലണ്ടർ അച്ചടിക്കുന്നതിലേക്ക് ഓരോ കൂരിയായും 5000 രൂപയും കമ്മീസിയത്തിനു നേരിട്ടുള്ള പ്രസീദിയം 1000 രൂപയുടെയും ആശംസ പരസ്യം നൽകി സഹകരിക്കണമെന്ന് സെക്രട്ടറി അറിയിച്ചു. മരിയ സൈനീകരായ സ്ത്രീകൾ എല്ലാവരും യൂണീഫോം സാരി ധരിച്ച് വരേണ്ടതാണ്.

നവംബർ 15ന് സെന്റ് ആൻസ് പള്ളിയിൽ പതിനൊന്നാമത് കൂരിയ അഭിവന്ദ്യ മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്തു. പുതിയ കൂരിയായിൽ അയ്യന്തോൾ, ഒളരി, പുല്ലഴി, ചേറ്റുപുഴ അരണാട്ടുകര ഇടവകകളിലെ പ്രസീദിയങ്ങൾ ഉൾപ്പെടുന്നതാണ്.

അതിരൂപത ഭക്തസംഘടനാ ഏകോപനസമിതി ആദ്യമായി – ഭക്തസംഘടനകളിൽ പ്രവർത്തിക്കുന്ന ഓരോ ഭക്തസംഘടനകളിൽ നിന്നും ഏറ്റവും നല്ല പ്രവർത്തകനെ തിരഞ്ഞെടുത്ത് അവാർഡ് നൽകുന്നതിനായി സമർപ്പിച്ച പാനലിൽ നിന്ന് ബ്ര. പി. സി. കുരിയപ്പൻ ലീജിയൻ ഓഫ് മേരി സംഘടനയിൽ പ്രഥമ അവാർഡിന് അർഹനായി. ബ്ര. കുരിയപ്പന് അഭിനന്ദനം.

വാർഷിക റീ യൂണിയൻ വിജയത്തിനായി ഓരോ മരിയ സൈനികരും പ്രവർത്തിക്കണമെന്ന് പ്രസിഡണ്ട് ഓർമ്മിപ്പിച്ചു. അവസാന പ്രാർത്ഥനയും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ്

2015 ഒക്ടോബർ 31 മുതൽ നവംബർ 3 വരെ നടന്ന ഇരുപതാമത്തെ National Convention നിൽ ഇന്ത്യയിലെ 48 രൂപതകളിൽ നിന്നും സിംഗപൂർ, മലേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നുമായി 400ൽ പരം നേഴ്സുമാരും 25 ഡോക്ടേഴ്സും 16 വൈദികരും 7 മെത്രാന്മാരുടെ സാന്നിദ്ധ്യവും പ്രഭാഷണവും ദിവ്യബലിയർപ്പണവും Convention നെ അനുഗ്രഹീതമാക്കി. ഇന്ത്യയിലെ അപ്പസ്തോലിക് പ്രതിനിധി ആയ കാർഡിനൽ സാൽവത്തോരെ പെന്നാക്കിയോ National Convention ഉദ്ഘാടനം ചെയ്ത് സമൂഹബലിയർപ്പിക്കുകയും ചെയ്തു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് CNGI ഡയറക്ടർ, റവ. ഫാ. സിജോ അരിക്കാട്ട്, പ്രസിഡന്റ് സി. ദെപ്പാസി CSC സെക്രട്ടറി സി. റൊസീന FCC, കല്ലൂർ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ നിന്ന് റവ. സി. പ്രീതി CSC പഴുവിൽ സെന്റ് ആന്റണീസ് ഹോസ്പിറ്റലിൽ നിന്ന് സി. ജോവീന FCC എന്നിവർ പങ്കെടുത്തു. National ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. കേരള റീജിയനിൽ നിന്ന് National Board Member ആയി, റവ. സി. ജോസ്ന FCC വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

### നൈറ്റിംഗേൽസ് മീറ്റ് 2015

തൃശ്ശൂർ അതിരൂപതയിലെ CNGI യുടെ നേതൃത്വത്തിൽ നൈറ്റിംഗേൽസ് മീറ്റ് 2015 എന്ന പേരിൽ ആതുര ശുശ്രൂഷാ രംഗത്ത് സേവനം ചെയ്യുന്ന നേഴ്സസിനുവേണ്ടി ഏകദിന സെമിനാറും പൊതുയോഗവും ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വെച്ച് 2015 നവംബർ 8ന് തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

പൊതുസമ്മേളനത്തിൽ ഇന്നത്തെ സമൂഹത്തിൽ ജീവന്റെ, സ്നേഹത്തിന്റെ, സത്യത്തിന്റെ, നന്മയുടെ സംസ്ക്കാരം വളർത്താൻ ഓരോരുത്തർക്കും കടമയുണ്ടെന്നും രോഗി ശുശ്രൂഷയുടെ പ്രധാനഘടകം നേഴ്സുമാരാണെന്നും അതിനാൽ ഈ കരുണയുടെ വർഷത്തിൽ വേദനിക്കുന്ന ഒരു രോഗിയേയും ഉപേക്ഷിക്കരുതെന്ന് പിതാവ് ഓർമ്മിപ്പിച്ചു. CNGIയിൽ 50 വർഷം പൂത്തിയാക്കിയ ഇന്നും ഏങ്ങണ്ടിയൂർ M.I.ഹോസ്പിറ്റിൽ സേവനം ചെയ്യുന്ന റവ. സി. എൽനോർ FCCയെ പൊന്നാട അണിയിക്കുകയും റവ. സി. റെമി CMC യ്ക്ക് സമ്മാനം കൈമാറി ആദരിക്കുകയും ചെയ്തു. School of Nursing ലും കോളേജ് ഓഫ് നേഴ്സിംഗിലും ഒന്നാം സ്ഥാനം ലഭിച്ചവർക്ക് ട്രോഫി നൽകി. ഇരിഞ്ഞാലക്കുട, പാലക്കാട് എന്നീ രൂപതകളിൽ നിന്നുള്ള ആശുപത്രിയിലെ നേഴ്സുമാരുടെ നിറഞ്ഞ സാന്നിദ്ധ്യം ഉണ്ടായിരുന്നു. വിവിധ ഹോസ്പിറ്റലു

കളിൽ നിന്നുണ്ടായ കലാവിരുന്ന് സദസ്സിന് കൂടുതൽ ആസ്വാദകരമാക്കി. CNGI പ്രസിഡണ്ട് റവ. സി. ദെപ്പാസി CSC സ്വാഗതം ആശംസിച്ച പൊതുസമ്മേളനത്തിൽ CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു. JMMCH ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്, JMMCH അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോബി കടപ്പൂരാൻ, JMMCH നേഴ്സിങ്ങ് സൂപ്രണ്ട് റവ. സി. ഫിലോ പോൾ CMC എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. CNGI സെക്രട്ടറി സി. റൊസീന FCC വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. രാവിലെ 9ന് കേരള കാത്തലിക് ഹെൽത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. സുനിൽ ചിരിയങ്കണ്ടത്ത് സമൂഹബലിയർപ്പിക്കുകയും, JMMCH CEO Mr. ബെന്നി ജോസഫ് നീലങ്കാവിൽ Challenges in care and compassion in the service of life" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. 500 ൽ പരം നേഴ്സുമാർ പങ്കെടുത്ത് സമ്മേളനത്തിൽ CNGI വൈസ് പ്രസിഡണ്ട് റവ. സി. ലിസറ്റ് CMC നന്ദി പറഞ്ഞ് സ്നേഹവിരുന്നോടെ യോഗം സമാപിച്ചു. CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് എക്സിക്യൂട്ടീവ് അംഗങ്ങളായ സി. ദെപ്പാസ്സി CSC, സി.ലിസറ്റ് CMC സി. ഇസബെൽ  CHF, സി. റൊസീന, FCC മിസിസ്സ് ലിജി ഡേവീസ്, ജൂബിലി ഹോസ്പിറ്റൽ സ്റ്റാഫ് എന്നിവർ നേതൃത്വം വഹിച്ചു.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ് FCC**
സെക്രട്ടറി

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ 67-ാം വാർഷികാഘോഷം വേലൂപ്പാടം സെന്റ് ജോസഫ് തീർത്ഥകേന്ദ്രത്തിൽവെച്ച് നടത്തി. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് എമിരിറ്റസ് മാർ ജെയിംസ് പഴയാറ്റിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയും അംഗത്വജൂബിലിയേറിയന്മാരേയും കാലാവധി പൂർത്തികരിച്ച ഫൊറോന പ്രസിഡണ്ടുമാരെയും ആദരിക്കുകയും ചെയ്തു. അതിരൂപത ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും  വിൻസെൻഷ്യൻ മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. സി. സി. സെക്രട്ടറി ബ്ര. കെ. കെ. പോൾസൺ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. ജെറി ജോസഫ് OFS സെമിനാർ നയിച്ചു. മുൻ സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. മാത്യു ചാക്കേരി അനുഗ്രഹപ്രഭാഷണം നടത്തി. KRCC കോർഡിനേറ്റർ ബ്ര. കെ. ജെ. ജോസ്, തീർത്ഥ

കേന്ദ്രം റെക്ടർ റവ. ഫാ. ഡേവീസ് ചക്കാലയ്ക്കൽ, ഇടവക ട്രസ്റ്റി ശ്രീ. സി. കെ.ആന്റണി എന്നിവർ ആശംസകൾ നേർന്നു. സി.സി. പ്രസിഡണ്ട് ബ്ര. കെ.എ. ഷിബു സ്വാഗതവും വൈ. പ്രസിഡണ്ട് ബ്ര. കെ. പി. ആന്റണി നന്ദിയും പറഞ്ഞു.

2. റെവ. ഫാ. ജോസ് ആലപ്പാട്ടിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

3. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശ്ശൂർ IMA യുടെ സഹകരണത്തോടെ രക്തദാന ക്യാമ്പ് നടത്തി. റവ. ഡോ. ആന്റണി ചെമ്പകശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബ്ര. കെ. എ. ഷിബു അദ്ധ്യക്ഷത വഹിച്ചു. ബ്ര. ജോസ് ജെ. മഞ്ഞളി, ബ്ര. കെ.കെ. പോൾസൺ എന്നിവർ ആശംസകൾ നേർന്നു. ബ്ര. ബെഞ്ചമിൻ മഞ്ഞളി സ്വാഗതവും ബ്ര. ടി. വി. പ്രവീൺ നന്ദിയും പറഞ്ഞു. ക്യാമ്പിൽ 50 പേർ രക്തദാനം നടത്തി.

4. സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ഡി.ബി. സി.എൽ.സി യിൽ വെച്ച് 'കരുണാവർഷം' ഫണ്ട് സമാഹരണവും സഹായ വിതരണവും ഡിസംബർ 6ന് നടത്തുന്നതാണ്. വിൻസെൻഷ്യൻ അംഗങ്ങളുടെ വിഹിതവും ഫൊറോന കൗൺസിൽ സെൻട്രൽ കൗൺസിൽ വിഹിതങ്ങളും ചേർത്ത് 10 ലക്ഷം രൂപ ശേഖരിച്ച് കരുണാവർഷത്തിൽ സഹായങ്ങൾ വിതരണം ചെയ്യുന്നതിന് സംഘടന തീരുമാനിച്ചിരിക്കുന്നു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# Family Apstolate Centre

**1. വിവാഹ രജത – സുവർണ്ണ ജൂബിലി**

കുടുംബങ്ങളെക്കുറിച്ചുള്ള സാർവ്വത്രിക സഭയുടെ സിനഡും സമർപ്പിത വർഷവും നടക്കുന്ന ഈ അവസരത്തിൽ ഈ വർഷം വിവാഹജീവിതത്തിൽ 25, 50 വർഷങ്ങൾ പിന്നിടുന്ന രജത സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ദമ്പതിമാരെ ഫാമിലി അപ്പൊസ്റ്റൊലെറ്റ് വിളിച്ചുകൂട്ടുന്നു. ഒരുമിച്ചു ബലിയർപ്പിക്കാനും പ്രാർത്ഥന ആശംസകൾ നേരാനും

രജത ജൂബിലിയാഘോഷം - ലൂർദ്ദ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ
2015 ഡിസംബർ 12 ശനി, 9.00 am

സുവർണ്ണ ജൂബിലിയാഘോഷം - ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ
2015 ഡിസംബർ 13 ഞായർ, 9.00 am

**2.** 2015 ഡിസംബർ മാസത്തിലെ അവസാനത്തെ ആഴ്ചയിലെ വിവാഹ കോഴ്സ് ഡിസംബർ 21, 22, 23 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിലായി രിക്കും നടത്തുക.

**3.** പരി. അമ്മയെക്കുറിച്ചും കത്തോലിക്ക കുടുംബത്തെക്കുറിച്ചുള്ള സഭാപഠ നങ്ങളെക്കുറിച്ച് കോഴ്സ് നടത്തുന്നു. താല്പര്യമുള്ള ഏവർക്കും പ്രസ്തുത കോഴ്സിൽ പങ്കെടുക്കാം. പങ്കെടുക്കുന്നവർ ഡിസംബർ 8നു മുമ്പ് ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിൽ അറിയിക്കുമല്ലോ.

**4. വിവാഹത്തിനൊരുക്കമായ കോഴ്സ്**

2014 നവംബർ മുതൽ 2015 നവംബർ വരെ 2713 ആൺകുട്ടികളും 2779 പെൺകുട്ടികളും പങ്കെടുത്തു. മറ്റു രൂപതകളിൽ നിന്ന് 168 ആൺകുട്ടികളും 141 പെൺകുട്ടികളും പങ്കെടുത്തു.

സ്നേഹാശംസകളോടെ

**ഫാ. ജിയോ തെക്കിനിയത്ത്**
അസി. ഡയറക്ടർ

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

## കേരള ലേബർ മൂവ്മെന്റ്

ആദ്യമെതന്നെ ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.

**അതിരൂപത KLM ഡയറക്ടേഴ്സ് മീറ്റ് :** കേരള ലേബർ തൊഴിലാളി പ്രസ്ഥാ നമെന്ന നിലയിൽ അതിരൂപത മുഴുവനിലേക്കും വ്യാപിപ്പിക്കുന്നതിന് മുന്നോ ടിയായി വൈദികരുടെ ഒരു കൂടിയാലോചനായോഗം സംഘടിപ്പിക്കുന്നു വിവിധ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ ഇടവകകളിലെ തൊഴിലാളി കുടുംബങ്ങൾക്കിടയിൽ നടപ്പിലാക്കുന്നതിനും അതുവഴി അവരുടെ സമഗ്ര വികസനവുമാണ് KLM ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്ന തിനുവേണ്ടി ഇടവക ജനത്തെ വൈദികർ മുഖേന പ്രാപ്തരാക്കുക എന്ന താണ് ഈ കൂടിയാലോചനയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്.

**വാർഷിക ജനറൽ ബോഡി യോഗം :** നമ്മുടെ ഈ വർഷത്തെ വാർഷിക ജനറൽ ബോഡിയോഗം 2015 ഡിസംബർ13ന് ഞായറാഴ്ച സെന്റ് ആൻസ് പള്ളി ഹാളിൽ വെച്ചാണ് (പടിഞ്ഞാറെ കോട്ട) നടത്തപ്പെടുന്നത്. രാവിലെ 8.30ന് ദിവ്യബലിയോടുകൂടി പരിപാടികൾക്ക് തുടക്കം കുറിക്കുന്നു. തുടർന്ന് KLM സംഘടനാസംവിധാനവും നേതൃത്വവും എന്ന വിഷയത്തെക്കുറിച്ച് KLM

സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സ് നയിക്കുന്നതും ഉച്ചകഴിഞ്ഞ് 2 മണിക്ക് ജനറൽ ബോഡി യോഗവും നടക്കുന്നതാണ്.

**അവാർഡുകൾ അംഗീകാരങ്ങൾ:** KLM മെമ്പർമാരുടെ മക്കളിൽ 2015ലെ വാർഷിക പരീക്ഷയിൽ പത്താംക്ലാസ്സിൽ മുഴുവൻ എപ്ലസ് നേടിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡും ട്രോഫിയും നല്കി ആദരിക്കുന്നു. ഇതിന് അർഹതയുള്ള മെമ്പർമാരുടെ മക്കൾ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പിയടക്കമുള്ള അപേക്ഷ (ഫോട്ടോ പതിച്ചിരിക്കണം) നവംബർ 21 ശനിയാഴ്ച 5 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. (KLM യൂണിറ്റ് ഡയറക്ടറും പ്രസിഡന്റും സാക്ഷ്യപ്പെടുത്തിയിരിക്കണം)

**ഏറ്റവും നല്ല തൊഴിലാളി പ്രവർത്തകൻ** : തൃശ്ശൂർ അതിരൂപതയിലെ KLM മെമ്പർമാരിൽ നിന്നും യൂണിറ്റടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 2015ലെ ഏറ്റവും നല്ല തൊഴിലാളി പ്രവർത്തകനെ തിരഞ്ഞെടുക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. ആയതിലേക്ക് പരിഗണക്കുന്നതിന് അർഹതയുള്ള മെമ്പർമാരെ യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത രൂപത്തിലുള്ള ഫോറം പൂരിപ്പിച്ച് യൂണിറ്റ് ഡയറക്ടർമാരുടെയും കെ.എൽ.എം. യൂണിറ്റ് പ്രസിഡന്റെയും ശുപാർശയോടുകൂടിയുള്ള, ഫോട്ടോ പതിച്ച അപേക്ഷ നവംബർ 21 ശനിയാഴ്ച 5 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. (അപേക്ഷയോടൊപ്പം പ്രസ്തുത വ്യക്തി താൻ യൂണിറ്റിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഒരു ചുരുക്കരൂപം കൂടി സ്വയം എഴുതി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

**ഏറ്റവും നല്ല യൂണിറ്റ് :** തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന KLM യൂണിറ്റുകളിൽ നിന്ന് ഏറ്റവും മികച്ച തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളുടെയും KLM പ്രസ്ഥാനത്തിന്റെ വളർച്ചക്കും വേണ്ടി യൂണിറ്റിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ് നടത്തുന്നത്. (1) ഫോറങ്ങളുടെ രൂപീകരണം (2) വിവിധ തൊഴിലാളി ഫോറങ്ങളിൽ അംഗങ്ങളെ ചേർക്കൽ (3) ഫോറം മെമ്പർമരുടെ വാർഷിക പുതുക്കൽ, യൂണിറ്റിലെ (4) KLM ന്റെയും ഫോറങ്ങളുടെയും പ്രതിമാസ മീറ്റിംഗ് (5) മെഡിക്ലെയിംമിൽ അംഗങ്ങളെ ചേർക്കൽ (6) മേഖല- അതിരൂപത യോഗങ്ങളിലെ യൂണിറ്റംഗങ്ങളുടെ പങ്കാളിത്തം (7) യൂണിറ്റിൽ നടത്തിയിട്ടുള്ള സെമി

നാറുകൾ, ക്ലാസ്സുകൾ (8) KLM യൂണിറ്റിലും, ഫോറം സമിതികളിലും സൂക്ഷി ക്കേണ്ടതായ രേഖകൾ...etc) തുടങ്ങിയ കാര്യങ്ങളായിരിക്കും തിരഞ്ഞെടുപ്പിന് പരിഗണിക്കുന്നത്. ഇതിലേക്ക് പരിഗണിക്കാനുള്ള അപേക്ഷകൾ, ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത രൂപത്തിലുള്ള ഫോറം പൂരിപ്പിച്ച് യൂണിറ്റ് ഡയ റക്ടറുടെ ശുപാർശയോടുകൂടി നവംബർ 21 ശനിയാഴ്ച 5 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. (അപേക്ഷയോടൊപ്പം പരിപാടികളുടെ നോട്ടീസ്, വാർത്തകളുടെ പേപ്പർ കട്ടിംഗ്, ഫോട്ടോകൾ എന്നിവ കൂടി സമർപ്പി ക്കേണ്ടതാണ്)

**തദ്ദേശ ഭരണ സാരഥികൾക്ക് സ്വീകരണം:** തൃശ്ശൂർ അതിരൂപതയിലെ KLM മെമ്പർമാരിൽ നിന്നും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെ ടക്കപ്പെട്ടിട്ടുള്ള മെമ്പർമാർക്ക് 2015 ഡിസംബർ 13ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കുന്ന വാർഷിക ജനറൽ ബോഡി യോഗത്തിൽ വെച്ച് സ്വീക രണം നൽകുന്നു.

**2016ലെ അതിരൂപത പരിപാടികൾ** : നമ്മുടെ 2016ലെ കർമ്മപരിപാടികൾ പ്രധാനപ്പെട്ടവയായ താഴെ പറയുന്നവ മേഖലാടിസ്ഥാനത്തിൽ ഓരോ യൂണി റ്റുകളിലാണ് നടത്തുന്നത്.

| നമ്പർ | പരിപാടി | തീയതി | ദിവസം | നടത്തേണ്ട മേഖല |
|---|---|---|---|---|
| 1. | ഫാ. തോമസ് തലച്ചിറ അനുസ്മരണം | ജനു.10 | ഞായർ | പടിഞ്ഞാറ് |
| 2. | വനിതാ ദിനം | മാർച്ച് 8 | ചൊവ്വ | തെക്ക് |
| 3. | പതാക ദിനം | മാർച്ച് 19 | ശനി | കിഴക്ക് |
| 4. | മെയ്ദിനം | മെയ് 1 | ഞായർ | വടക്ക് |
| 5. | ഫാ. ജെനേസിയൂസ് അനുസ്മരണം | ജൂൺ 19 | ഞായർ | കിഴക്ക് |

**യൂണിറ്റ് സന്ദർശനം**: KLM അതിരൂപത റിസോഴ്സ് ടീമംഗങ്ങൾ വിവിധ ഗ്രൂപ്പു കളായി തിരിഞ്ഞുള്ള ആദ്യഘട്ട യൂണിറ്റ് സന്ദർശനം പൂർത്തിയായികൊണ്ടി രിക്കുകയാണ്. ഇനിയും ആദ്യഘട്ട സന്ദർശനം നടക്കാത്തയൂണിറ്റുകൾ അതി നുള്ള സൗകര്യം ചെയ്തു തരണമെന്ന് അപേക്ഷിക്കുന്നു. രണ്ടാം ഘട്ടം 2016 ഫെബ്രുവരി മാസം മുതൽ ആരംഭിക്കുന്നതാണ്. ആദ്യഘട്ടത്തിൽ യൂണിറ്റു കളിൽ നിന്നും ലഭിച്ച സഹകരണം രണ്ടാം ഘട്ടത്തിലും ഞങ്ങൾ പ്രതീക്ഷി ക്കുകയാണ്. ഈ ഘട്ടത്തിൽ യൂണിറ്റുകൾക്കാവശ്യമുള്ള തൊഴിലാളി ഫോറ ങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും KLM പരസ്പര സഹായ സാമൂഹ്യ സുരക്ഷപദ്ധതിയെക്കുറിച്ചുള്ള വിശദവിവരങ്ങളും നൽകുന്നതാണ്.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**വർഗ്ഗീസ് മച്ചാട്**
ജനറൽ സെക്രട്ടറി

**എൻ. കെ. രാജു**
പ്രസിഡന്റ്

# ജോൺ പോൾ പ്രൊലൈഫ് പ്രസ്ഥാനം

ജോൺ പോൾ പ്രോ ലൈഫ് പ്രസ്ഥാനത്തിന്റെ ഏകദിന കൂട്ടായ്മ പ്രാർത്ഥന 2015 ഡിസംബർ 19ന് ലൂർദ്ദ് കത്തീഡ്രലിൽ നടത്തുന്നു. സമയം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ

ഏവരേയും സ്നേഹപൂർവ്വം അതിലേക്ക് ക്ഷണിക്കുന്നു.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രിസഡന്റ്

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

**ശ്രീ. ജോർജ്ജ് മാസ്റ്റർ**
കൺവീനർ

# മാതൃസംഘം

1. മാതൃസംഘം അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നവംബർ 24ന് നടത്തുന്നു. ഇടവക മാതൃസംഘം യൂണിറ്റിന്റെ വാർഷിക റിപ്പോർട്ട് കൊണ്ടുവരുമല്ലോ.

2. അതിരൂപതയിലെ എല്ലാ ഫൊറോന മാതൃസംഘം ഭാരവാഹികളുടെ സെമിനാർ നവംബർ 16ന് നടത്തുന്നു.

ഡയറക്ടർ
ലോറൻസ് തൈക്കാട്ടിൽ

ലീല മാത്യു
പ്രസിഡണ്ട്

ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ
അസി. ഡയറക്ടർ

# അതിരൂപത കുടുംബക്കൂട്ടായ്മ

**കുടുംബക്കൂട്ടായ്മ ജനറൽ ബോഡി**

കുടുംബക്കൂട്ടായ്മ അതിരൂപത ജനറൽ ബോഡി നവംബർ 21ന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ കൂടി.

2016ലെ വാർഷിക പ്രോഗ്രാമിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ച ചെയ്തു.

**ഫാ. വർഗ്ഗീസ് തരകൻ**
അസി. ഡയറക്ടർ

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

ആന്റണി എ. എ.
ജനറൽ സെക്രട്ടറി

അഡ്വ. ഡെന്നി
ജന. കൺവീനർ

# ചിൽഡ്രൻസ് മിനിസ്ട്രി

**0487-2325336, 9947582522**

തൃശ്ശൂർ : ചിൽഡ്രൻസ് മിനിസ്ട്രിയുടെ

**അതിരൂപതതല കലാമത്സരത്തിൽ**

**ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ യൂണിറ്റുകൾ**

**തിരുബാലസഖ്യം -സബ്ജൂനിയർ**

1. സേക്രഡ് ഹാർട്ട് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ - തൃശ്ശൂർ.
2. സെന്റ് . സേവ്യേഴ്സ് നഴ്സറി സ്കൂൾ - പുതുക്കാട്.
3. നിർമ്മലമാത സെൻട്രൽ സ്കൂൾ - തൃശ്ശൂർ.

**തിരുബാലസഖ്യം - ജൂനിയർ**

1. സേക്രഡ് ഹാർട്ട് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ - തൃശ്ശൂർ.
2. ആരോഗ്യമാതാ സി.എൽ.പി. സ്കൂൾ - കരുമത്ര.
3. ക്രിസ്തുരാജ ദേവാലയം - മുണ്ടത്തിക്കോട്

**തിരുബാലസഖ്യം - സീനിയർ**

1. നിർമ്മലമാത സെൻട്രൽ സ്കൂൾ - തൃശ്ശൂർ.
2. മൗണ്ട് കാർമ്മൽ ചർച്ച് - മുണ്ടൂർ
3. സെന്റ് . ജോൺ ദി. ബാപ്റ്റിസ്റ്റ് ചർച്ച് - നെടുപുഴ

**ജൂനിയർ സി. എൽ. സി**

1. സെന്റ്. ആന്റണീസ് ചർച്ച് - പാറേമ്പാടം
2. സെന്റ്. ആന്റണീസ് ചർച്ച് - പുതുക്കാട്.
3. സെന്റ്. ആന്റണീസ് ചർച്ച് - ചേർപ്പ്

**അൾത്താരസംഘം**

1. സെന്റ്. ജോസഫ്സ് ചർച്ച് - കുരിയച്ചിറ
2. ഹോളി ക്രോസ്സ് ചർച്ച് - ആർത്താറ്റ്.
3. സെന്റ്. ആന്റണീസ് ചർച്ച് - ചേർപ്പ്

**വാർഷിക റിപ്പോർട്ട്**

- **തിരുബാലസംഖ്യം,ജൂനിയർ സി എൽ സി,അൾത്താരസംഘം എന്നീ സംഘടനകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 20 ന് മുമ്പായി എത്തിക്കേണ്ടതാണ്.**
- **സെയിന്റ്സ് ക്വിസ് - 2015**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ

മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 25 ന് സെയിന്റ്സ് ക്വിസ് 2015ന്റെ ഇടവകതല മത്സരം നടന്നുവെന്ന് വിശ്വസിക്കുന്നു. ഇടവകതലത്തിൽ സബ്ജൂനിയർ (5-7ക്ലാസ്സ്), ജൂനിയർ (8-10 ക്ലാസ്സ്), സീനിയർ (11,12,ACC ക്ലാസ്സ്) എന്നീ മൂന്നു തലത്തിലും ഒന്നാം സ്ഥാനത്തിനർഹരാകുന്ന കുട്ടികൾ (3 പേർ മാത്രം) ഒരു ടീമായി ഡിസംബർ 20-ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണിവരെ നടത്തുന്ന ഫൊറോന തല സെയിന്റ്സ് ക്വിസ്സ് മത്സരത്തിലേക്ക് പറഞ്ഞയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രിയിലോ,ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടറച്ചനെയോ ബന്ധപ്പെടുക.

**NB: ഫൊറോന തലത്തിലേയ്ക്കുള്ള രജിസ്ട്രേഷൻ ഫോം എത്രയും വേഗം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**

- **ഉണ്ണീശോയ്ക്കൊരുമ്മ**

ഡിസംബർ 1 മുതൽ 25-ാം തീയ്യതി വരെ ക്രിസ്മസിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന ആത്മീയസഹായി തയ്യാറായിട്ടുണ്ട്. ഉണ്ണീശോയ്ക്കൊരുമ്മയുടെ കൂടുതൽ കോപ്പികൾ വേണ്ട യൂണിറ്റുകൾ മുൻകൂട്ടി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. വില 2/ രൂപ. ഫോൺ 0487 2325336,9947582522, 8547250833

**പ്രാർത്ഥിക്കാൻ ......... പ്രവർത്തിക്കാൻ**

| | | |
|---|---|---|
| **തിരുവചനപഠനം** | : | തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെക്കുറിച്ചാണ് വഴിയിൽ വച്ച് അവർ തർക്കിച്ചത് (മർക്കോസ് 9,34) |
| **പരിചയപ്പെടുന്ന വിശുദ്ധൻ** | : | കുഞ്ഞിപൈതങ്ങൾ(ഡിസംബർ 28) |
| **സുകൃതജപം** | : | ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്നു പിറക്കണമേ. |
| **പ്രാർത്ഥനാനിയോഗം** | : | എല്ലാ കുഞ്ഞിപൈതങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക. |
| **പ്രവർത്തനം** | : | ക്രിസ്മസ്സിനുവേണ്ടി നന്നായി ഒരുങ്ങുക.ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുക്കുക.നോമ്പുനാളിൽ ത്യാഗം ചെയ്ത് പ്രാർത്ഥിക്കുക.ത്യാഗത്തിൽ നിന്ന് കിട്ടുന്ന പണം ഒരുമിച്ചു കൂട്ടി സാമ്പത്തികമായി വിഷമിക്കുന്ന വരെ നിങ്ങളാൽ കഴിയും വിധം സഹായിക്കുക. |

**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

**സി. മിനി SSPC**
കോഡിനേറ്റർ

# തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് പാരീഷ് ബുള്ളറ്റിൻ മത്സര വിജയികൾ

**എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവ**

Ist തിരുഹൃദയ നാദം, പെരിഞ്ചേരി
IInd സാന്റോസ് - അരിമ്പൂർ, ജോസഫ് ജ്യോതി - വേലൂപ്പാടം
IIIrd മാർ തോമ ദീപ്തി - മറ്റം

**പ്രോത്സാഹന സമ്മാനങ്ങൾ**

1. മരുഭൂമിയിലെ ശബ്ദം - കാരമുക്ക്
2. സ്നേഹദൂത് - നെല്ലിക്കുന്ന്
3. ഡോളേഴ്സ് ഡൈജസ്റ്റ് - ബസലിക്ക
4. ഷാലോം - അരണാട്ടുകര

**ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നവ**

Ist കർമ്മല ദീപ്തി - ചേറ്റുപുഴ
IInd മരിയ രശ്മി - പേരാമംഗലം
IIIrd പാരീഷ് ബുള്ളറ്റിൻ - അമല നഗർ

**പ്രോത്സാഹന സമ്മാനങ്ങൾ**

1. പാരീഷ് ബുള്ളറ്റിൻ - പൂങ്കുന്നം
2. വിജയ മാതാ - ചിയ്യാരം
3. റോസറി വോയ്സ് - കല്ലൂർ വെസ്റ്റ്

**ബാലപംക്തി**

Ist ജോബിൻ ജോണി. ബോസ്കോ വോയ്സ്, മരിയാപുരം
IInd കുഞ്ഞേച്ചി, മരുഭൂമിയിലേ ശബ്ദം , കാരമുക്ക്
IIIrd ഡീ. ഷിബി ചെട്ടിക്കതോട്ടത്തിൽ , സ്നേഹസ്പന്ദനം, ചെവ്വൂർ

**കവർ**

Ist സ്നേഹസ്പന്ദനം - ചെവ്വൂർ
IInd സ്നേഹദൂത്, നെല്ലിക്കുന്ന്
IIIrd മരുഭൂമിയിലെ ശബ്ദം, കാരമുക്ക്

**എഡിറ്റോറിയൽ**

Ist വിജയ കാഹളം - ചേറൂർ

| | |
|---|---|
| IInd | സ്നേഹദൂത്, നെല്ലിക്കുന്ന് |
| IIIrd | ഷാലോം അരണാട്ടുകര |

**ലേ ഔട്ട്**

| | |
|---|---|
| Ist | മാർതോമ ദീപ്തി, മറ്റം |
| IInd | യേശുനാദം, ഒല്ലൂർ |
| IIIrd | ദിവ്യനാദം, പള്ളിക്കുന്ന്, സാൻജോസ് പാരിഷ് വോയ്സ്, പാവറട്ടി |

**ഫീച്ചർ**

| | |
|---|---|
| Ist | വിജയമാതാ, ചിയ്യാരം (ഡോ. സ്റ്റോന സ്റ്റെനി) |
| IInd | സാൻജോസ് പാരീഷ് വോയ്സ്, പാവറട്ടി (ജോയി പുലിക്കോട്ടിൽ) |
| IIIrd | ഷാലോം, അരണാട്ടുകര (ബി. പി. ദേവസ്സി) |

**കവിത**

| | |
|---|---|
| Ist | അഞ്ജലി എം.വി., മാർതോമ ദീപ്തി, മറ്റം |
| IInd | ആന്റണി പാലയൂർ, വിശ്വാസപ്രഭ, പാലയൂർ |
| IIIrd | സണ്ണി, മരിയരശ്മി, പേരാമംഗലം |

**ലേഖനം**

| | |
|---|---|
| Ist | ഷാലോം, അരണാട്ടുകര (റോസ് മേരി ഫ്രാൻസീസ്) |
| IInd | മരുഭൂമിയിലെ ശബ്ദം, കാരമുക്ക്,(ബ്രദർ അനുവിൻ താണിക്കൽ) |
| | മരിയൻ വോയ്സ്, ചെങ്ങാലൂർ (ആന്റണി ഐനിക്കൽ) |
| IIIrd | സ്നേഹസ്പന്ദനം, ചെവ്വൂർ (മിനി തട്ടിൽ) |

**കഥ**

| | |
|---|---|
| Ist | വിജയമാതാ. ചിയ്യാരം (റോബിൻ ഇമ്മാനുവേൽ) |
| IInd | സ്നേഹദൂത്, നെല്ലിക്കുന്ന് (സോന ഷാജു) |
| IIIrd | തിരുഹൃദയനാദം, പെരിഞ്ചേരി (മെറിൻ പോൾ കാട്ടൂക്കാരൻ) |

**കാർട്ടൂൺ**

| | |
|---|---|
| Ist | ജോഷി ജോസ്, മരിയരശ്മി - പേരാമംഗലം |
| IInd | റോബിൻ ബേബി, സ്നേഹദൂത്, നെല്ലിക്കുന്ന് |
| IIIrd | മരിയ ഷിജു, ബോസ്ക്കോ വോയ്സ്, മരിയാപുരം |

**മത്സരത്തിന് സമർപ്പിച്ച ബുള്ളറ്റിനുകൾ തിരികെ കൊണ്ടുപോകേണ്ടതാണ്.**

**ഫാ. ജിയോ കടവി**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
സെക്രട്ടറി

# ഏകോപനസമിതി

**റിസോർഴ്സ് ടീം രൂപീകരിക്കുന്നു**

അതിരൂപതയിലെ മുഴുവൻ സംഘടനകളേയും ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അവർക്ക് പരിശീലനം നൽകാൻ അതിരൂപതാ തലത്തിൽ ഒരു റിസോർഴ്സ് ടീം രൂപീകരിക്കുകയാണ്. ഇടവകതലത്തിൽ സംഘടനകളിലെ പ്രവർത്തകരെ കാരിസം തിരിച്ചറിഞ്ഞ് ശരിയായി അവബോധമുള്ളവരാക്കുക എന്ന ലക്ഷ്യത്തിലേക്കാണ് റിസോർഴ്സ് ടീം പരിശീലനം ഉദ്ദേശിക്കുന്നത്. ഓരോ സംഘടനയിൽ നിന്നും പത്തു പേരെയെങ്കിലും റിസോർഴ്സ് ടീമിൽ പങ്കെടുപ്പിക്കുവാൻ താല്പര്യപ്പെടുന്നു. സഭയ്ക്കും സമുഹത്തിനും സംഘടനക്കും മികച്ച സേവനതല്പരരായ വ്യക്തികളെ വാർത്തെടുക്കുവാൻ റിസോർഴ്സ് ടീം പരിശീലനം ലക്ഷ്യംവെയ്ക്കുന്നു.

**സംഘടന സർവ്വേ**

സംഘടനകളെ സജീവമാക്കുന്നതിന്റെ ഭാഗമായി അതിരൂപത ഏകോപന സമിതി ഇടവക തലത്തിൽ ഒരു സംഘടന സർവ്വേ നടത്തുന്നു.

ഓരോ സംഘടനയുടെയും പ്രവർത്തനങ്ങളെ വിലയിരുത്താനും വരും കാലങ്ങളിൽ പ്രവർത്തനങ്ങൾ സജീവമാക്കുവാനുമുള്ള നിർദ്ദേശങ്ങളുമാണ് പ്രധാനമായി ലക്ഷ്യംവെയ്ക്കുന്നത്. ജനുവരി മുതൽ മാർച്ച് വരെ നടക്കുന്ന സംഘടന സർവ്വേയിൽ ഓരോ ഭക്തസംഘടനകളും പ്രസ്ഥാനങ്ങളും സഹകരിക്കുമല്ലോ.

**മികച്ച സംഘടനാ പ്രവർത്തകർക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു**

തൃശ്ശൂർ : അതിരൂപത ഏകോപനസമിതിയുടെ നേതൃത്വത്തിൽ മികച്ച സംഘടനാ പ്രവർത്തനം കാഴ്ചവെച്ചവർക്ക് അവാർഡുകൾ നൽകി ആദരിച്ചു.

ആന്റോ തൊറയൻ, ബേബി മൂക്കൻ, ആന്റണി പന്തല്ലൂക്കാരൻ, വിനേഷ് കൊളേങ്ങാടൻ, അഡ്വ. ബി. ബി. ബ്രാഡ്‌ലി, ജോർജ്ജ് ചിറമ്മൽ, പി.സി. കുരിയപ്പൻ, തോമസ് വി. എ. എന്നിവരാണ് അവാർഡുകൾക്ക് അർഹരായത്. 2015 നവംബർ 14ന് 2 മണിക്ക് ഡി.ബി. സി. എൽ.സിയിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ സമ്മാനിച്ചു.

**എ.ഡി. ഷാജു** — സെക്രട്ടറി

**മോൺ. ജോർജ്ജ് കോമ്പാറ** — വികാരി ജനറാൾ



പുതിയതായി പണികഴിപ്പിച്ച
ആമ്പക്കാട് സെന്റ് മേരീസ് ദൈവാലയവും
അൾത്താരയും



Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2015
Dec. 2015




2015 ഒക്ടോബർ 4 മുതൽ 25 വരെ വത്തിക്കാനിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ മാർ ഫ്രാൻസീസ് മാർപാപ്പയോടൊപ്പം അഭിവന്ദ്യ പിതാക്കന്മാർ



സിനഡിൽ അഭിവന്ദ്യപിതാവ് ഇന്റർവെൻഷൻ നടത്തുന്നു.






Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005